കേസ് ചാർജ്ജുചെയ്യുകയും തൊഴിലാളികളെ ജയിലിൽ വയ്ക്കുകയും ചെയ്യുന്നതിൽ എനിക്കാക്ഷേപമില്ല. എന്തുകൊണ്ടെന്നാൽ ഇവിടെ എന്തുംചെയ്യാമെന്നുള്ള ഒരു പരിതഃസ്ഥിതിയാണ് ഇന്നുവന്നിരിക്കുന്നത്. ഞങ്ങളുടെ പേരിൽ കേസെടുത്തുകൊള്ളണം. അങ്ങനെ കേസെടുക്കുന്നതിൽ ഞങ്ങൾക്ക് പേടിയില്ല. വലിയതുറയിലെ കുറേ തൊഴിലാളികളെ തൊഴിൽ തക്കത്തിന്റെ പേരിൽ അറസ്റ്റുചെയ്തു കേസെടുത്തു. ആ കേസിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് പരാതിയില്ല. പക്ഷെ തൊഴിലാളികളുടെ രക്ഷയ്ക്കുവേണ്ടി ഞങ്ങൾക്ക് പലതും പ്രവർത്തിക്കേണ്ടിവരും. അങ്ങനെയുള്ള ഒരു പരിശ്രമത്തിൽ കൊടിവച്ചകാറിൽ കൂടി ഇവിടെ മന്ത്രിമാർക്ക് നടക്കാൻ പററുകയില്ലെന്നുള്ള കാര്യം ഞാനീയവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. എസ്. എസ്. മഹാറാണി എന്ന കപ്പലിൽ നിന്നു് സാധനമിറക്കിയതിനു് കൂലികൊടുക്കാത്തതിനെ സംബന്ധിച്ച് ഒരു കേസ് ഉണ്ട്. ആ കപ്പലിലെ സാധനങ്ങളിറക്കുന്നതിനു് സബ്കോൺട്രാക്റ്റ് എടുത്തതു് ഒരു വരദരാജൻ നായരാണ്. അദ്ദേഹം ഇവിടത്തെ മുൻപത്തെ ഡി. സി. സി. പ്രസിഡന്റായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പററിയൊന്നും ഞാൻ പറയാൻ പോകുന്നില്ല സർ, അത്ര മാനക്കേടാണ് സർ. ആ കേസിൽ പ്രിൻസിപ്പിൾ കാൺട്രാക്റ്റ് എടുത്ത സി. ആർ. ദാസ് മൊഴികൊടുത്തിരിക്കയാണ് കൂലി മുഴുവൻ നല്കിഎന്നു്. പേയ്മെൻറ് ആഫ് വേജസ് ആക്റ്റനുസരിച്ച് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുൻപാകെ കേസ് കൊടുത്തിരിക്കുകയാണ് ഞങ്ങൾ. പിന്നെ എന്തടിസ്ഥാനത്തിലാണ് മന്ത്രി ഇങ്ങനെ ഒരു പ്രസ്താവന ചെയ്തതെന്നു ഞാൻ ചോദിക്കുകയാണ്. ഈ വിധത്തിൽ വാസ്തവവിരുദ്ധമായ പ്രസ്താവന ഒരു മന്ത്രി ചെയ്യരുതു്. ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ റിക്കാർഡുവേണമെങ്കിൽ മന്ത്രിയെ കാണിക്കാവുന്നതാണ്. കഴിഞ്ഞ കുറേക്കാലമായി ഈ പ്രവർത്തനങ്ങൾ വലിയതുറയിൽ നടക്കാൻ തുടങ്ങിയിട്ട്. ഇത്തരത്തിലുള്ള ഒരു പ്രസ്താവനയിറക്കാൻ മന്ത്രിയെ പ്രേരിപ്പിച്ച സംഗതി എന്താണെന്നു ഈ സഭയ്ക്കറിയാം. അതു ഈ രാജ്യത്തെ ജനങ്ങൾ കാണുന്നുണ്ട്. ഏതായാലും ഇത്ര സത്യവിരുദ്ധമായ ഒരു പ്രസ്താവന മന്ത്രി ചെയ്യാൻ പാടില്ലായിരുന്നു എന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളു.

സർ, അവിടെ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നുണ്ടെന്നു മന്ത്രി പറഞ്ഞു. 13 വള്ളങ്ങൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു. സർ, ഇതുവരെയായി അവിടെ ഒരൊററ തൊഴിലാളിക്കും ജോലി ലഭിച്ചിട്ടില്ല. 1908-ലെ ഇൻഡ്യാ ഗവൺമെൻറിന്റെ ബോട്ട്റൂൾപ്രകാരം ഇവർക്ക് കൂലികൊടുത്തില്ലെന്നുണ്ടെങ്കിൽ ഇവരെ പ്രോസിക്യൂട്ട് ചെയ്യാമെന്നുണ്ട്. അതുമല്ല അവർക്ക് ലഭിക്കേണ്ടതുകൂടി ലഭിച്ചില്ലെന്നുണ്ടെങ്കിൽ ആ ആക്റ്റ് പ്രകാരം അവർക്ക് അപ്പലേററ് അതോറിട്ടിയെ സമീപിക്കാമെന്നുമുണ്ട്. സർ, ഇതേസംബന്ധിച്ചുതന്നെ ഇന്നലെ ഇവിടെ ഒരു കാൺഫറൻസ് നടക്കുകയുണ്ടായി. ആ കാൺഫറൻസിൽ ഞങ്ങളെല്ലാം പങ്കെടുത്തിരുന്നു. ലേബർ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻ വെറും നിരീക്ഷകനെന്നുള്ള നിലയിൽ പങ്കെടുത്തിരുന്നു. ഇപ്പോൾ അവിടെയുള്ള ഈ ഇൻജംഗ്ഷൻ ഓർഡർ വച്ചുകൊണ്ട് അതു അനുസരിക്കുന്നതിനുവേണ്ടി എന്തെങ്കിലും സ്വീകാര്യമായ ഒരു നടപടി എടുക്കണമെന്നു പറഞ്ഞിട്ട് കാൺട്രാക്റ്റ്സൊസൈററിയെ പ്രതിനിധീകരിച്ചുവന്ന ആളുകൾ അതിനു തയ്യാറില്ല. യാതൊരു നടപടിയും എടുക്കാതെയാണ് ആ കാൺഫറൻസ് പിരിഞ്ഞതു്. ഈ സംഭവങ്ങളെല്ലാം ഒളിച്ചു വച്ചിട്ട് സത്യവിരുദ്ധമായ ഒരു പ്രസ്താവനചെയ്യാൻ മന്ത്രിക്കു തോന്നിയതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. ഒരു വിഭാഗം തൊഴിലാളികളെ ഭീഷണിപ്പെടുത്തി അവരുടെ ജോലി കളയിക്കാമെന്നു വിചാരമുണ്ടെങ്കിൽ അതു നടക്കാൻ പോകുന്നില്ല. ഞങ്ങൾ ഇതിനൊക്കെ പ്രതികാരം ചോദിക്കുമെന്നു നിങ്ങൾ മനസ്സിലാക്കണം.

അതുപോലെതന്നെ പി. ഡബ്ല്യു. ഡി. യിൽ ബി. എൻ. ആർ. വർക്ക്ഷ്സിന്റെ ഒരു സെക്ഷനുമുണ്ട്. ആ സെക്ഷനിലെ തൊഴിലാളികൾക്ക് ശരിയായ കൂലി ലഭിക്കുന്നില്ല. അവർ ഒരു പ്രത്യേക രാഷ്ട്രീയപാർട്ടിയിൽപ്പെട്ട തൊഴിലാളികളായതുകൊണ്ട് മന്ത്രിയോ ഡിപ്പാർട്ടുമെൻേറാ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആൻറണി ഡിക്രൂസ്]

കാര്യത്തിൽ ഇതുവരെയായി യാതൊരു തീരുമാനവും എടുത്തില്ല. അതുപോലെ ഇവിടെയൊരു മോട്ടോർ കമ്മിററിയുണ്ടാക്കി. അതിൻെറ റിപ്പോർട്ട് സമപ്പിച്ചിട്ട് ഒരു കൊല്ലമായി എന്നു പറയുന്നു. അതേപ്പററി യാതൊരു തീരുമാനവും ഗവണ്മെൻറ് ഇതേവരെ എടുത്തിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. ബോണക്കാട്ട് എസ്റ്റേററിലെ തൊഴിലാളികളുടെ പ്രശ്നം കഴിഞ്ഞ രണ്ടുമൂന്നുകൊല്ലമായി ട്രൈബ്യൂണലിൻെറ മുൻപാകെയിരിക്കുകയാണ്. അതിൻെറ ആർബിട്രേററായി ഒരു പുരുഷോത്തമൻ നായരെ നിയമിക്കുകയും ചെയ്തു. അദ്ദേഹം റിട്ടയർ ചെയ്യുന്നതിനു മുൻപുതന്നെ ഈ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കണമെന്നു കരുതിയാണ് അദ്ദേഹത്തെ നിയമിച്ചതു്. എന്നാൽ മാനേജ്മെൻറിൻെറ നയം പല പുതിയ കുഴപ്പങ്ങളും സൃഷ്ടിക്കുക എന്നുള്ളതാണ്. അദ്ദേഹം റിട്ടയർ ചെയ്തു കഴിഞ്ഞു് ആറുമാസംകൂടി നീട്ടിക്കൊടുത്തിട്ടും ഇതുവരെയായി ആ കേസിനു് ഒരു പരിഹാരമുണ്ടായിട്ടില്ല. അതുകൊണ്ടു് പൊതുവിൽ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ കുറച്ചുകൂടി കാര്യക്ഷമതയോടുകൂടി നടത്താൻ ഗവണ്മെൻറ് തയ്യാറാകണം. കാര്യക്ഷമതയോടുകൂടി ഭരിക്കാൻ ഗവണ്മെൻറ് തയ്യാറായില്ലെങ്കിൽ അതിനു കഴിവുള്ള ചെറുപ്പക്കാരും തൊഴിലാളികളും ഈ രാജ്യത്തു പകരംചോദിക്കാനുണ്ടെന്നു് മന്ത്രി ഓർക്കണം.

ശ്രീ. കെ. കൃഷ്ണൻ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. എതിർക്കാൻ കാരണം നമ്മുടെ രാജ്യത്തു് ഒരു ലേബർഡിപ്പാർട്ടുമെൻറ് ഉണ്ടോ എന്നതന്നെ സംശയമാണ്. തൊഴിലാളികൾ വളരെക്കാലമായി സമരങ്ങളിലൂടെ നേടിയെടുത്തിട്ടുള്ള നേട്ടങ്ങൾ എല്ലാം തകർക്കുന്ന ഒരു കാലഘട്ടമായിരുന്നു ഈ നാലു വർഷക്കാലം. അവാർഡുകൾ നടപ്പിലാക്കുകയില്ല. ആർബിട്രേഷനു വിട്ടാൽ, അതുതന്നെ മുതലാളികൾക്കു് വലിയ ഗുണമായിത്തീരും. ഒരു തീരുമാനം എടുക്കാതിരിക്കുക, മിനിമംവേജസ് കൊടുക്കാതിരിക്കുക, മാസശമ്പളം കോടതിയിൽപോയാൽ മാത്രമേ കിട്ടുകയുള്ളൂ എന്നുള്ള നിലവരുത്തുക, ഇത്തരത്തിൽ ലേബർ ഡിപ്പാർട്ടുമെൻറിൻെറ അങ്ങേയററത്തെ അനാസ്ഥയും അശ്രദ്ധയും കാരണം തൊഴിലാളികൾ പൊറുതിമുട്ടിക്കൊണ്ടിരിക്കുന്ന ഒരു സമയമാണ് ഇതു്. അടിയന്തിരാവസ്ഥയുടെ കാലത്തു് ദേശാഭിമാനത്തിൻെറ പേരിൽ കൂടുതൽ പണിയെടുക്കാനും ഉല്പാദനം കൂടുതൽ വർദ്ധിപ്പിക്കാനും ശ്രമിച്ചതിനുള്ള പ്രതിഫലമായി സർക്കാരിൻെറ ഭാഗത്തുനിന്നുള്ള കൈയേററങ്ങളും ആക്ഷേപങ്ങളും സഹിക്കാൻ നിവൃത്തിയില്ലാത്ത ഒരു നിലയിലേക്കു് തൊഴിലാളികൾ എത്തിയിരിക്കുന്നു. നമ്മുടെ പ്ലാൻേറഷൻ മുതലാളിമാർ ഇന്നു ഒരൊററ നിയമവും പരിപാലിക്കാൻ തയ്യാറില്ലാത്ത നിലയിലാണ് കഴിഞ്ഞുകൂടുന്നതു്. പ്ലാൻേറഷൻ ലേബർ ആക്ററു് വെറുതേ കെട്ടിക്കിടക്കേണ്ട ഒന്നായിട്ടു് തീർന്നിരിക്കുകയാണ്. ഇതു സംബന്ധിച്ചു് തൊഴിലാളികൾ അവരുടെ ജീവിതം നന്നാക്കാൻ എന്തെങ്കിലും ആവശ്യപ്പെട്ടാൽ ആ ആവശ്യങ്ങൾ തിരസ്കരിക്കുന്നു എന്നു മാത്രമല്ല, പകയോടുകൂടി കണ്ടമാനം തൊഴിലാളികളെ പിരിച്ചുവിടാൻ ശക്തിയായ ഒരു പ്രേരണ ഇന്നു നടന്നുകൊണ്ടിരിക്കുകയാണ്. പാലക്കാട്ട് ജില്ലയിൽ ഏററവുമധികം തൊഴിലാളികൾ പണിയെടുത്തിരുന്ന ഒരു എസ്റ്റേററാണ് ഭവാനി ററീ ആൻറു് പ്രൊഡ്യൂസ് കമ്പനി. എഴുന്നൂറിനും എണ്ണൂറിനും മദ്ധ്യേ തൊഴിലാളികൾ പണിയെടുത്തിരുന്ന ആ എസ്റ്റേററിൽ ഇന്നു മുന്നൂറിനും നാനൂറിനും ഇടയിലുള്ള തൊഴിലാളികളെ വച്ചിട്ടുള്ളൂ. ആ എസ്റ്റേററിൽ ആയിരം ഏക്കറിൽ പ്ലാൻറു് ചെയ്തിരുന്ന കാലത്തു് 700-ഉം 800-ഉം തൊഴിലാളികളെ വച്ചിരുന്നപ്പോൾ ഇന്നു രണ്ടായിരം ഏക്കറിൽ പ്ലാൻറു് നടത്തുമ്പോൾ വെറും 300-ഉം 400-ഉം ഇടയ്ക്കേ തൊഴിലാളികളെ വച്ചിട്ടുള്ളൂ. ആ എസ്റ്റേററിൽ വേണ്ടത്ര തൊഴിലാളികളെ പണിയെടുപ്പിക്കാതെ പണിയെടുക്കാൻ പോകുന്ന തൊഴിലാളികളുടെനേരെ നരി ചാടിക്കൊണ്ടിരിക്കുന്ന ഒരു ഭയങ്കരമായ സംഭവമുണ്ടാകുന്നുണ്ടു്. അതിനു് പ്രതിവിധിയായി കൂടുതൽ തൊഴിലാളികളെ ജോലിക്കെടുക്കണമെന്നു പറഞ്ഞിട്ടു് അതു വകവയ്ക്കാതെ അതിനൊരു പ്രതിവിധിയായി അവിടത്തെ സൂപ്പർവൈസർക്കു് ഒരു തോക്കു് കൊടുക്കുകയാണ് ചെയ്തതു്. അങ്ങനെ തൊഴിലാളികൾക്കു് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിലും ജീവിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ബാക്കി തൊഴിലാളികൾ ചുമടെടുക്കാൻ പോകുകയാണ് ചെയ്യുന്നത്. അവരെ സംബന്ധിച്ചിടത്തോളം ജോലിയിൽ തിരിച്ചെടുക്കുന്നതിനുവേണ്ടി കൺസിലിയേഷൻ നടക്കുന്നുണ്ട്. ആ കൺസിലിയേഷൻ യോഗത്തിൽ മാനേജ്മെൻറ് വരാതിരിക്കുക, യാതൊരു തീരുമാനവുമെടുക്കാതെ പിരിയുക ഇങ്ങനെയായിരുന്നു കുറച്ചുകാലം. പിന്നീട് അവസാനം ഒരു ദിവസം ലേബർ ആഫീസറുടെ മുൻപാകെവച്ച് ഡെപ്യൂട്ടി ലേബർകമ്മീഷണറുണ്ടായിരുന്ന അവസരത്തിൽ ഈ പ്രശ്നം ആർബിട്രേഷനു വിടുന്നതിനു മാനേജുമെൻറ് സമ്മതിച്ചു. നമ്മുടെ ലേബർ കമ്മിഷൻ ആർബിട്രേററ് ചെയ്താൽ മതിയെന്നാണ് പറഞ്ഞതു. ഏതായാലും രണ്ടു കൊല്ലം കഴിഞ്ഞിട്ടും ഈ പ്രശ്നത്തിനു ഒരു പരിഹാരമുണ്ടാക്കാതെ അതിന്നും നിലനിൽക്കുകയാണ്. ഈ കാലയളവു മുഴുവൻ മാനേജുമെൻറ് തൊഴിലാളികളുടെ നേരെ സംഘടിതമായ കടന്നാക്രമണം നടത്തുകയാണ്. പിരിച്ചുവിട്ടാൽ ചോദിക്കാൻ നിവൃത്തിയില്ല. അവിടത്തെ തൊഴിലാളികൾക്ക് വെള്ളം കിട്ടാൻ നിവൃത്തിയില്ല, ഇങ്ങനെയുള്ള ഒരവസ്ഥയാണ് അവിടെയുള്ളതു. പ്ളാൻേറഷൻ ഇൻസ്പെക്ററർ അവിടെ കേറുകയില്ല. കേറാൻതന്നെ വിഷമമുണ്ട്. അവിടെ ഗതാഗതസൗകര്യം തീരെ കുറവാണ്. രണ്ടുകൊല്ലം കൂടുമ്പോഴോ മറേറാ ഒരു തവണ മാനേജുമെൻറിൻെറ ജീപ്പിൽവന്നിട്ട് പോകും. അവിടെ തൊഴിലാളികൾ താമസിക്കുന്ന വീടുകൾ തന്നെ കന്നുകാലിതൊഴുത്തുകളെക്കാൾ മോശപ്പെട്ടവയാണ്. അത്ര ഉറപ്പില്ലാത്ത വീടുകളിലാണ് ഈ തൊഴിലാളികൾ താമസിക്കുന്നതു. തൊഴിലാളികൾ താമസിക്കുന്ന ആ വീടുകൾ തൊഴിലാളികൾ അകത്തുള്ളപ്പോൾതന്നെ അതിൻെറ മേൽക്കൂര ആനയെടുത്തുകൊണ്ടുപോകും. എന്നിട്ടുപോലും പ്ളാൻേറഷൻ ഹൗസിംഗ് സ്കീമിനു പണം യാതൊന്നും മുടക്കുകയില്ല. ആ പണം വേറെ ഇനത്തിൽ ചെലവാക്കാൻ പ്ളാനുണ്ട്. അതിൻെറ ഫലമായി ജീവിക്കാൻ നിവൃത്തിയില്ലാതെകണ്ട് തൊഴിലാളികൾ ഇന്നു വളരെ കഷ്ടപ്പെടുകയാണ്. അവർക്ക് താമസിക്കുന്നതിനു വീടില്ല. അവരുടെ അവകാശങ്ങൾ ഓരോന്നോരോന്നായി മുതലാളിമാർ നിഷേധിക്കുന്നു. ഞാൻ ചോദിക്കുകയാണ് ഏതെങ്കിലുമൊരവസരത്തിൽ അഞ്ചുമാസം കഴിയാതെ അവർക്ക് ശമ്പളം കൊടുത്തിട്ടുണ്ടോ എന്നു്. അഞ്ചുമാസം കഴിഞ്ഞാൽ തൊഴിലാളിയൂണിയനുകൾ നിയമപ്രകാരം ഒരു പ്രാവശ്യം കോടതിയെ സമീപിച്ചാൽ 50 രൂപ അടുത്ത കൊല്ലം ഒരു പ്രാവശ്യം കിട്ടും. എല്ലാ അവസരത്തിലും കോടതിയിൽ പോയാലേ കൂലി കിട്ടുകയുള്ളു എന്നുള്ള ഒരു പരിതഃസ്ഥിതി വരുത്തിത്തീർക്കുക എന്നുള്ള നിലയിലാണ് മുതലാളിമാർ പ്രവർത്തിക്കുന്നതു. ജീവിക്കാൻവേണ്ടി അവർക്കു കൊടുക്കുന്നതു് രണ്ടിടങ്ങഴി അരിയാണ്. അതു വർഷക്കാലത്തു കൊടുക്കുകയില്ല, ഗതാഗതസൗകര്യമില്ലെന്നു പറഞ്ഞു. ഇതിനു മൂന്നു രൂപാ വിലയാണ് അവർ കണക്കാക്കുന്നതു. സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുകയറുന്ന ഈ സന്ദർഭത്തിൽ ഒരാഴ്ചയിൽ നാലണ കൊണ്ട് ഉപ്പും മുളകുമൊക്കെ വാങ്ങി എങ്ങനെയാണ് അവർ കഴിച്ചുകൂട്ടുന്നതു്. വെള്ളക്കാരുടെ ഉടമസ്ഥതയിലായിരുന്നപ്പോൾ അവർക്ക് അവിടെ എന്തെല്ലാം സൗകര്യങ്ങളുണ്ടായിരുന്നു. വെള്ളക്കാർ ആ സ്ഥലത്തെ "ഡത്തു്വാലി" എന്നാണ് വിളിച്ചിരുന്നതു്. ഒന്നാംതരം തേയിലയും കാപ്പിയും ഏലവുമൊക്കെ അവിടെ സൃഷ്ടിച്ചവരാണ് വെള്ളക്കാർ. ആ എസ്റ്റേററ് നമ്മുടെ രാജ്യത്തിലെ മുതലാളിമാർക്ക് കൈമാറിയതോടുകൂടി ഏററവും നല്ല സാധനങ്ങൾ ഉൽപ്പാദിപ്പിച്ചിരുന്ന ആ സ്ഥലം ഇന്നു അവരുടെ മരണക്കുഴിയായി മാറിയിരിക്കുകയാണ്. അതിൽനിന്നു രക്ഷപ്പെടാൻവേണ്ടിയുള്ള യാതൊരു പരിപാടികൾക്കും ഒരു ശ്രമവും നടത്തിയിട്ടില്ല. ആ ഒരു നയമാണ് അവിടത്തെ മാനേജുമെൻറ് സ്വീകരിച്ചിരിക്കുന്നതു. പ്ലാൻേറഷൻ ലേബർ ആക്ററിലെ ഒരൊററ വകുപ്പും അവിടെ നടപ്പാക്കിയിട്ടില്ല. സ്ത്രീതൊഴിലാളികൾക്ക് പ്രസവാനുകൂല്യമില്ല, മരുന്നു കിട്ടുകയില്ല, അവരുടെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമില്ല. അങ്ങനെ യാതൊരു സൗകര്യങ്ങളും ചെയ്തു കൊടുക്കാതെ മാനേജുമെൻറ് തൊഴിലാളികളോട് പക വീട്ടാൻവേണ്ടിയിട്ട് മുൻപ് സമരം ചെയ്തവരാണെന്നുള്ള പകവച്ച് അന്നുണ്ടായിരുന്ന മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണൻ:]

തൊഴിലാളികളേയും പിരിച്ചുവിട്ട് ചില കോൺട്രാക്റ്റ് സമ്പ്രദായത്തിൽ കുറെ തൊഴിലാളികളെ സൃഷ്ടിച്ച് അവരെക്കൊണ്ട് പണിയെടുപ്പിക്കാൻ കഴിയുമോ എന്നു വിചാരിച്ച് പ്രവർത്തിക്കുകയാണ്. പുറത്തുപോയി എന്തെങ്കിലും ജോലി ചെയ്യാൻ അവരെ ആ പിൻതിരിപ്പൻ മാനേജുമെൻറ് അനുവദിക്കുകയില്ല. ഒരു തൊഴിലാളി രണ്ടേക്കർ സ്ഥലം ഒരു ജന്മിയിൽനിന്നു വാങ്ങിയതിനു് തൊഴിലാളിയോട് പ്രതികാരമായി ആ ഭൂമി കൈയേറി പോലീസിനെ വിട്ട് ആ സ്ഥലം കത്തിച്ച് നശിപ്പിച്ചു. ഇത്തരത്തിൽ വളരെ പ്രതികാരത്തോടുകൂടി പ്രവർത്തിക്കുന്ന അല്ലെങ്കിൽ ട്രേഡ് യൂണിയൻ നിയമങ്ങളെ ചവുട്ടി മെതിച്ചുകൊണ്ട് ഒരുത്തരേയും ഭയപ്പെടാതെ ഭരിക്കുന്ന ഈ മാനേജുമെൻറ് ഗവൺമെൻറിനു് ടാക്സുപോലും കൊടുക്കുന്നില്ല. പ്രോവിഡൻറ് ഫണ്ട് കൊടുക്കുകയില്ല. ടാക്സുപോലും കൊടുക്കാത്ത ഒരു സ്ഥിതി ഇന്നിവിടെ നിലവിലിരിക്കുകയാണ്. ഇതു് ഒരു എസ്റ്റേററിൻെറ നിലയാണ്. ഈ രാജ്യത്തു് കുറെ റബ്ബർ എസ്റ്റേററുകളുണ്ട്. ഈ എസ്റ്റേററുകളെ സംബന്ധിച്ചിടത്തോളം അവരുടെ മിനിമം വേജസ് 1949-ലാണ് നിശ്ചയിച്ചതു്. ഈ മിനിമം വേജസിനെ സംബന്ധിച്ച് ഈ സഭയിൽ ആദ്യകാലത്തു് എല്ലാം ആവശ്യപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് തിരുവിതാംകൂറിൽനിന്നു് എക്സ്റ്റൻറ് ചെയ്യാമെന്നാണ്. ഇന്നും ഒരു രൂപ അഞ്ചണ കൂലി കൊടുക്കുന്ന എസ്റ്റേററുകൾ വള്ളുവനാട് താലൂക്കിലുണ്ട്. ഇവർ 15 നയാപൈസപോലും കൂട്ടിക്കൊടുക്കാൻ തയ്യാറില്ല. തിരു–കൊച്ചിയിലെ ഇന്നത്തെ മിനിമം വേജസ് ആക്റ്റ് അങ്ങോട്ടേക്കു നീട്ടാൻ നിവൃത്തിയില്ല. സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുകയറിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഒരു രൂപ അഞ്ചണ കൂലികൊടുത്തു് തൊഴിലാളികളെക്കൊണ്ട് ധാരാളം പണി എടുപ്പിച്ച് അവരെ അടിമകളാക്കി നിറുത്താനുള്ള സൗകര്യം മുതലാളിമാർക്കു ചെയ്തുകൊടുക്കുകയാണ് ഗവൺമെൻറ് ചെയ്യുന്നതു്. ഇതുമാത്രമല്ല ബോണസിനെ സംബന്ധിച്ച് ഒരു തീരുമാനമെടുത്തിട്ടുണ്ടല്ലോ സർ. ഒരു തീരുമാനമെടുത്തിട്ടുണ്ട്, എന്നാൽ ഒരൊററ മുതലാളി പോലും നിശ്ചയിച്ച ബോണസ്സ് കൊടുക്കുന്നില്ല. കാരണം ആ തീരുമാനം ഞങ്ങളെ ബാധിക്കുകയില്ലെന്നാണ് അവർ പറയുന്നതു്. ഞങ്ങൾക്കു ബാധകമാകണമെങ്കിൽ അതിനെ സംബന്ധിച്ച് പ്രത്യേകമായി അവരെ വിളിച്ച് കാര്യങ്ങൾ നടത്തണമെന്നാണ് അവർ പറയുന്നതു്. അല്ലാതെ അവരുടെ കേന്ദ്രസംഘടന പറഞ്ഞതു് ഞങ്ങൾക്കു് ബാധകമല്ലെന്നാണ് പറയുന്നതു്. നിലവിലുള്ള തൊഴിലാളികളെ പിരിച്ചുവിടാൻവേണ്ടി ഏററവും പ്രധാന മാർഗ്ഗമായി കണ്ടിരിക്കുന്നതു് റീപ്ലാൻറേഷനാണ്. ഇതിനുവേണ്ടി അനവധി മരങ്ങൾ മുറിച്ചുമാററപ്പെടുന്നു. കുറെ പ്ലാൻറ് ആദ്യം മുറിച്ചുകളയുക, പിന്നെ റീപ്ലാൻറ് ചെയ്യുക ഇങ്ങനെ സൗകര്യത്തിനനുസരിച്ച് തൊഴിലാളികളെ പിരിച്ചുവിടുകയാണ് ചെയ്യുന്നതു്. പക്ഷേ നിലവിലുള്ള തൊഴിലാളികളെ മുഴുവൻ പിരിച്ചുവിടാനുള്ള സൗകര്യമെന്നുള്ള നിലയ്ക്കു് സ്ലാട്ടർ ടാപ്പിംഗിനു് അനുവാദം വാങ്ങുകയും, റീപ്ലാൻറുകൊണ്ട് നിലവിലുള്ള തൊഴിലാളികളെ തെരുവുതെണ്ടികളാക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നതു്. ഇത്തരത്തിലുള്ള റീപ്ലാൻറിനു് എന്തെങ്കിലും തീരുമാനമുണ്ടാക്കാൻ മുതലാളിമാർ ഉദ്ദേശിക്കുന്നില്ല. ചില കാടുകളിൽ താമസിക്കാൻ പാടില്ലെന്നു പറഞ്ഞ് മുതലാളിമാർ ചിലരെ ഇറക്കിവിട്ടിരിക്കുകയാണ്. അങ്ങനെ ഇറക്കി വിട്ടുകൊണ്ടിരിക്കുന്ന പ്രദേശത്താകമാനം റീപ്ലാൻറ് ഉണ്ടാക്കിയിരിക്കുകയാണ്. ഒരു ആർബിട്രേഷനു വിട്ടാൽ തീരുമാനമുണ്ടാവുകയില്ല, കൺസിലിയേഷനു് മുതലാളിമാർ വരുകയില്ല. ഇതിനിടെ പാലക്കാട്ട് ലേബർ ആഫീസർ ന്യായവിലയ്ക്കു് സാധനങ്ങൾ കൊടുക്കാൻ വേണ്ടിയിട്ട് നൂറിലധികം സ്ഥാപനങ്ങളിലെ മുതലാളിമാരെ വിളിച്ചിട്ട് അവർ ഒരൊററ ആളുപോലും വന്നിട്ടില്ല. ഇങ്ങനെ പാലക്കാട്ട് ജില്ലയിൽ ന്യായവിലയ്ക്കു കൊടുക്കുന്ന ഒരൊററ സ്ഥലത്തിൻെറയെങ്കിലും പേരു് ഇവിടത്തെ ഭക്ഷ്യവകുപ്പുമന്ത്രിക്കു് പറയാമോ? പണ്ട് ഒന്നുണ്ടായിരുന്നു. പുതിയതായി സെൻട്രൽ ഗവൺമെൻറിൻെറ നിർദ്ദേശം കിട്ടിയതിനുശേഷം ഒരൊററ വ്യവസായസ്ഥാപനത്തിലെ തൊഴിലാളികൾക്കെങ്കിലും ന്യായമായ

വിലയ്ക്കു് അരിയോ മററു നിത്യോപയോഗ സാധനങ്ങളോ കൊടുത്തിട്ടില്ല. ഇങ്ങനെ തൊഴിലാളികളെ വീർപ്പുമുട്ടിച്ചുകൊണ്ടിരിക്കുകയാണു്.

ബീഡിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവിടെ ഒരു നിയമം പാസ്സാക്കി. ഇതു് നടപ്പാക്കാതെ കണ്ടിരിക്കുകയാണു് അവിടെ നടക്കുന്നതെന്താണു്? മണ്ണാർക്കാട്ടു് 200—ഓളം തൊഴിലാളികൾ പണി എടുത്തിരുന്ന ഒരു കമ്പനി ഉണ്ടായിരുന്നു. ഇന്നതു സ്റ്റാർ ബീഡിസെയിൽസ് ഡിപ്പോ എന്നൊരു ബോർഡുംവെച്ചു് സെയിൽസ് ഡിപ്പോ ആക്കിയിരിക്കുകയാണു്. അവിടെ ജോലി ഉണ്ടായിരുന്ന എല്ലാ തൊഴിലാളികളേയും പിരിച്ചുവിട്ടു. പിരിച്ചുവിട്ട തൊഴിലാളികൾ സമാധാനപരമായി സത്യാഗ്രഹം നടത്തിയപ്പോൾ അവരെ ചവിട്ടിയിട്ടു് പോലീസിനെ കൊണ്ടു വന്നു് തൊഴിലാളികളെ അറസ്ററു ചെയ്യിപ്പിച്ചു. അങ്ങനെ അവിടത്തെ കമ്പനിപോയി സെയിൽസ്ഡിപ്പോ ആയി. തൊഴിലാളികൾ കേസുമായി നടക്കുകയാണു്. ഇത്തരത്തിലുള്ള സമ്പ്രദായം പല ഭാഗത്തും നടക്കുന്നതുകൊണ്ടു് തൊഴിലാളികൾക്കു് യാതൊരു നിവൃത്തിയുമില്ലാതായിരിക്കുകയാണു്. മിനിമംവേജസ് കിട്ടുന്നതിനു് ഒരു വലിയ ഉദാഹരണം പറയാൻ ഞാനാഗ്രഹിക്കുകയാണു്. നമുക്കു് ലൈവ്സ്റ്റോക്ക ഫോം ഉണ്ടു്. കൊടപ്പനക്കുന്നു്, തിരുവഴാംകുന്നു് ഈ ലൈവ്സ്റ്റോക്ക ഫോമിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികൾക്കു് പ്രസവകാലവേതനം കൊടുക്കാതെ മൃഗസംരക്ഷണവകുപ്പു് ഡയറക്ടർ 240 ദിവസവും പണി എടുക്കണമെന്നു് നിർബന്ധിക്കുകയാണു്. സർ, വ്യക്തമായും പ്രസവകാലവേതനം കൊടുക്കണമെന്നു് എഴുതിവച്ചിട്ടുണ്ടു്. നിയമം പാസ്സാക്കിയാൽ അതു നടപ്പിലാക്കിയില്ലെങ്കിൽ പിന്നെ എന്താണു് അതിനു വില? ഇങ്ങനെ ഗവണ്മെൻറിന്റെ കാര്യത്തിലായാലും, സ്വകാര്യമാനേജ്മെൻറിന്റെ കാര്യത്തിലായാലും ഈ രാജ്യത്തു് തൊഴിലാളികളെ ദ്രോഹിക്കുന്ന മദ്ധ്യകാലയുഗത്തിലോ മററോ നടക്കുന്ന ഒരു പതിവു് ഇപ്പോൾ ഇവിടെ സംജാതമായിരിക്കുകയാണു്. ഇതു് കണ്ടുകൊണ്ടിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഇക്കാര്യത്തിൽ നമ്മുടെ രാജ്യത്തിലെ തൊഴിലാളികൾ യാതൊരു അഭിപ്രായവ്യത്യാസവുമില്ലാതെ മുന്നോട്ടുവരുമെന്നും അവകാശങ്ങൾ നേടാമെന്നും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

<u>ശ്രീ. പി ആർ. ഫ്രാൻസിസ്</u>: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷമുള്ള ഗവണ്മെൻറിന്റെ വ്യവസായനയം വളരെ സമാധാനം സൃഷ്ടിച്ചിട്ടുണ്ടെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. തൊഴിൽ രംഗത്തു് ഇത്രയധികം സമാധാനപരമായ ഒരന്തരീക്ഷം ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. സർ, ഇവിടെ തൊഴിലാളികളുടെ എണ്ണം കുറവാണെന്നുവരികിലും പൊതുവെ ഇൻഡ്യയിലെ ട്രേഡ്യൂണിയനുകളുടെ എണ്ണം നോക്കുമ്പോൾ ഈ ചെറിയ സംസ്ഥാനത്തിലാണു് ഇൻഡ്യയിലെ ട്രേഡ്യൂണിയന്റെ 20 ശതമാനവും ഉള്ളതെന്നു കാണാൻ കഴിയുന്നതാണു്. അത്രയ്ക്കധികം ട്രേഡ്യൂണിയനുകൾ ഇവിടെ രജിസ്റ്റർ ചെയ്തിരിക്കുകയാണു്. ഈ യൂണിയനുകളുടെ എണ്ണത്തിൽതന്നെ പലപ്പോഴും മത്സരത്തിനുവേണ്ടിയും ബലാബലം നോക്കുന്നതിനുവേണ്ടിയും സമരങ്ങൾക്കിട വരുന്നതു് സാധാരണമാണു്. അതുതന്നെയാണു് വ്യവസായ സമാധാനം ഇവിടെ ഇല്ലാതിരിക്കുന്നതിനു് പ്രത്യേക കാരണമായിത്തീരുന്നതും. സർ, ഒരു കാര്യം വളരെ വ്യക്തമായി പറയാതിരിക്കാൻ നിവൃത്തിയില്ല. തൊഴിൽ സമരങ്ങൾ ഇവിടെ കഴിഞ്ഞ കുറെ കൊല്ലങ്ങളായി കുറവാണെന്നു വരികിലും സമരം ചെയ്യാനുള്ള തൊഴിലാളികളുടെ സമര വീര്യം നശിച്ചുകൊണ്ടിരിക്കുകയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ലാത്ത നിലയിൽ വന്നിരിക്കുകയാണു്. വാസ്തവത്തിൽ ഇതു് ജനാധിപത്യത്തിന്റെ വളർച്ചയ്ക്കുപോലും ക്ഷീണമാണെന്നു ഞങ്ങളെപ്പോലുള്ള ട്രെയിഡ് യൂണിയൻ പ്രവർത്തകന്മാർ വിശ്വസിക്കുകയാണു്. ഏതായാലും തൊഴിലാളികൾ നട്ടെല്ലു നിവർത്തിനിന്നുകൊണ്ടു് അവരുടെ അവകാശങ്ങൾ കണക്കുപറഞ്ഞു വാങ്ങാൻ മടിക്കുന്ന ഒരു സാഹചര്യം രാജ്യത്തിനു് അപകടമാണു്. ഇന്നു് ഫാക്ടറികളിൽ ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ആർ. ഫ്റാൻസിസ്:]

നിയമങ്ങൾ നടത്തുന്നുണ്ടോ എന്നു സംശയിക്കത്തക്കവിധത്തിൽ പല ഫാക്ടറികളിലേയും സ്ഥിതി വിഷമമായിത്തീർന്നിരിക്കുന്നു. ഇവിടെ 18–19 ഇനങ്ങളിൽ തൊഴിൽ ചെയ്തിരുന്ന തൊഴിലാളികൾക്കുമാത്രമേ മിനിമം വേജസ് ഏർപ്പെടുത്തിയിട്ടുള്ളു. ഈ മിനിമം വേജസ് പല തൊഴിലാളികൾക്കും ഇന്നു ലഭിക്കുന്നില്ല. മിനിമം വേജസ് ഇന്ന് ഒരു വിലക്കപ്പെട്ട കനിയായിത്തീർന്നിരിക്കുകയാണ്. മിനിമം വേജസിനുവേണ്ടി തൊഴിലാളികൾ കോടതിയിൽ പോകേണ്ട ഒരു നില വന്നിരിക്കുന്നു ഇതെന്തു കൊണ്ടാണ്? ഇവിടത്തെ ലേബർ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയും, കാര്യക്ഷമതയില്ലായ്മയും വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. ഫാക്ടറി നിയമങ്ങളെ ഫാക്ടറി ഉടമസ്ഥന്മാർ പരസ്യമായി ലംഘിക്കുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. ഫാക്ടറികളിൽ തൊഴിലാളികൾക്ക് അവകാശപ്പെട്ടതായിരിക്കുന്ന മിനിമം വേജസ് അതുപോലെ തന്നെ പ്രോവിഡൻറു ഫണ്ട്, സ്റ്റേററ് ഇൻഷ്വറൻസ്, ഗ്രാററുവിററി ഇങ്ങനെയുള്ളതായിരിക്കുന്ന പല അവകാശങ്ങളും ഇന്ന് നിഷേധിക്കപ്പെട്ടിരിക്കുന്നു. പല സ്ഥലത്തും പ്രോവിഡൻറു ഫണ്ടിനുവേണ്ടി മാനേജ്മെൻറ് പണം പിരിച്ചാൽ അത് തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അത് മാനേജ്മെൻറ് അടയ്ക്കാത്തതുകൊണ്ട് തൊഴിലാളികൾക്ക് അവരുടെ അവകാശം ലഭിക്കുന്നില്ല. ഇൻഷ്വറൻസിൻെറയും സ്ഥിതി ഇതു തന്നെയാണ്. സംഘടിത തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായ ശാലകളിൽ ഇതൊരു സാധാരണ പതിവായിത്തീർന്നിരിക്കുന്നു. ഇതൊന്ന് അന്വേഷിക്കാൻ ഉദ്യോഗസ്ഥന്മാരില്ല തൊഴിലാളികളുടെ മിനിമം വേജസ് അതുപോലെ തന്നെ സ്ത്രീതൊഴിലാളികളുടെ പ്രസവകാലവേതനം ഇതുപോലെയുള്ള അനേകം അവകാശങ്ങൾ കണക്കു പറഞ്ഞു വാങ്ങാൻ നിവൃത്തിയില്ലാതെ പല സ്ഥലത്തും അതു നഷ്ടപ്പെടുന്ന ഒരു നില വന്നിരിക്കുകയാണ്. ഇതിന് ഒരു മാററം വരുത്തണം. കൺസിലിയേഷനു വിളിച്ചാൽ മാനേജ്മെൻറ് ഹാജരാകുന്നില്ല. പല പ്രാവശ്യവും വിളിച്ചാൽ സഹകരിക്കാത്ത ഒരു നിലയാണ് മാനേജ്മെൻറ് എടുക്കുന്നത്. ഇതിനു ഒരു പരിഹാരം ഉണ്ടാകുന്നതിനുവേണ്ടി ഒരു നിയമം തന്നെ ഉണ്ടാക്കിക്കൊണ്ട് കൺസിലിയേഷനു് സാഹചര്യം ഉണ്ടാക്കണം. ഇന്ന് തൊഴിൽ തക്കങ്ങൾ ഉണ്ടായാൽ അതിൽ പലതും നിർബന്ധമായി അഡ്ജൂഡിക്കേഷന് വിടേണ്ടതായ സാഹചര്യം വന്നിരിക്കുന്നു. ആർബിട്രേഷനു വിടാൻ മാനേജ്മെൻറ് സമ്മതിക്കുന്നില്ല. നിർബന്ധമായി പല തൊഴിൽ തക്കങ്ങളും അഡ്ജൂഡിക്കേഷനു വിടുന്നു. ഒരു ആർബിട്രേഷൻ ബോർഡ് ഉണ്ടാകുമെന്ന് വളരെക്കാലമായി തൊഴിലാളി ഭാഗത്തുനിന്നും ഈ അസംബ്ലിയിൽനിന്നുതന്നെയും പല പ്രാവശ്യവും ആവശ്യപ്പെട്ടിരുന്നതാണ്. കേന്ദ്രതൊഴിൽകാര്യ മന്ത്രിമാരുടെ സമ്മേളനത്തിൽ കുറെ മാസത്തിനു മുമ്പ് ഇങ്ങനെയൊരു തീരുമാനമുണ്ടായിരുന്നു. തൊഴിൽ തക്കങ്ങൾ വന്നാൽ അത് ആർബിട്രേഷനു വിട്ടുകൊണ്ട് അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതാണ് ഏററവും നല്ലതെന്ന് എല്ലാ ഭാഗത്തുനിന്നും സമ്മതിക്കുന്ന ഒന്നാണ്. അതുകൊണ്ട് സ്റ്റേററ് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും ആർബിട്രേഷൻ ബോർഡുകൾ ഉണ്ടാകേണ്ടതാണ്.

സർ, ഗ്രാററുവിററി എന്നുള്ളത് തൊഴിലാളികൾ സ്വപ്നം കാണാൻ തുടങ്ങിയിട്ട് കാലം കുറെയായി. വ്യവസായ ശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 30 കൊല്ലമായി ജോലി ചെയ്യുന്നവരാണെന്നു വരികിലും അവർ സ്വമനസാലെ പിരിഞ്ഞുപോകേണ്ടി വന്നാൽ ഇല്ലെങ്കിൽ ദേഹസുഖമില്ലാതെ പിരിഞ്ഞു പോകേണ്ടതായി വന്നാൽ അവർക്ക് യാതൊരവകാശവും ലഭിക്കാറില്ല. അതുകൊണ്ട് ഗ്രാററുവിററി ഇവർക്കു ലഭിക്കത്തക്കവിധത്തിലുള്ള ഒരു നിയമം ഉടനെ ഉണ്ടാക്കേണ്ടതുണ്ട്. പൊതുവെ പറഞ്ഞാൽ തൊഴിൽ സമരങ്ങൾ കുറവാണെന്നു വരികിലും തൊഴിൽ സമാധാനം ഉണ്ടെന്നു വരികയും തൊഴിൽ തക്കങ്ങൾ കൂടുതലായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ലേബർ ഉദ്യോഗസ്ഥന്മാർ വളരെയധികം ശ്രദ്ധിച്ചുകൊണ്ട് ഇതിനു പരിഹാരമുണ്ടാക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, പൊതുവെ ഞങ്ങളുടെ ജില്ലയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒരാനുകൂല്യവും ലഭിക്കാത്ത വിധത്തിലുള്ളതായിരിക്കുന്ന അനുഭവം തൊഴിൽ സംബന്ധിച്ച് ഇന്ന് വന്നിരിക്കുകയാണ്. അവിടെ എല്ലാ ദിവസവും ഫാക്ടറിയിൽ ജോലിയുണ്ടായിരുന്ന തൊഴിലാളികൾക്ക് ഇന്ന് മൂന്നോ നാലോ ദിവസമാണ് ആഴ്ചയിൽ ജോലിയുള്ളത്. അവർക്ക് പൊതുവെ നോക്കിയാൽ ജീവിതച്ചെലവുകൾ വർദ്ധിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ മൂന്നോ നാലു ദിവസം മാത്രം ജോലി ലഭിക്കുന്നതുകൊണ്ട് കഴിഞ്ഞുകൂടാൻ സാധ്യമല്ലായിരിക്കുകയാണ്. തൽസംബന്ധമായി തൃശ്ശൂർ ഡിസ്ട്രിക്റ്റ് ഇന്ന് വളരെയധികം അധഃപതിച്ചിരിക്കുകയാണ്. വളരെയധികം വേദനയോടുകൂടിയാണ് അവിടത്തെ തൊഴിലാളികൾ കഴിഞ്ഞുകൂടുന്നത്. മഹാരാജാക്കന്മാരുടെ കാലത്തുണ്ടായിരുന്ന വ്യവസായങ്ങൾപോലും നശിച്ചുകൊണ്ടിരിക്കുകയാണ്. സീതാറാം മില്ല് കത്തിനശിച്ചു. അവിടെ ഒരു പുതിയ മില്ല് തുടങ്ങിയിട്ടില്ല. ആ മില്ലിന്റെ പണി തന്നെ ആരംഭിച്ചിട്ടുണ്ടോ എന്ന് ഇനിയും സംശയിക്കേണ്ട ഒരു നിലയിൽ ഇരിക്കുകയാണ്. എന്തായാലും ഇവിടെ വളരെയധികം ആളുകളുടെ തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നതുകൊണ്ട് ആ ജില്ലയെ വ്യാവസായികമായി ഒന്നു ശ്രദ്ധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. പൊതുവെ നോക്കിയാൽ തൊഴിൽ സമാധാനം വളരെയധികം ഉണ്ടെന്നുവരികിലും തൊഴിൽ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത വളരെയധികം കുറഞ്ഞിരിക്കുകയാണെന്നുള്ള കുറ്റാരോപണം ഈ അവസരത്തിൽ വയ്ക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുന്നു.

__ശ്രീ കെ. ഹസ്സൻ ഗനി:__ തൊഴിലാളികളുടെകാര്യത്തിലും തൊഴിലില്ലായ്മയുടെ കാര്യത്തിലും ശരിയായ ഒരു സമീപനം ഇന്നത്തെ ഗവൺമെന്റിനില്ല. ആ സമീപനം ഏതു രൂപത്തിൽ ആയിരിക്കണമെന്ന ഒരു ഊഹവുമില്ലെന്ന് ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ശരിയായി വീക്ഷിച്ചാൽ തോന്നും. നമ്മുടെ രാജ്യത്തു തൊഴിലില്ലായ്മ വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. എക്കണോമിക് റിവ്യൂവിൽതന്നെ ഏകദേശം 19 ലക്ഷത്തോളം ആളുകൾ തൊഴിലില്ലാത്തവരാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇന്ന് ചവറയിലുള്ള മിനറൽസ്, തൃശ്ശൂരുള്ള സീതാറാം മിൽസ് തുടങ്ങി ഒട്ടുവളരെ വ്യവസായങ്ങളിലുള്ള അധഃപതനംമൂലം അതിലുമേറെ തൊഴിലില്ലാത്തവർ ഉണ്ടാകുമെന്നു കാണാൻകഴിയും. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് കൊടുത്ത കണക്കിന്റെ അടിസ്ഥാനത്തിലാണ് എക്കണോമിക് റെവ്യൂവിൽ ഈ കണക്ക് ചേർത്തിട്ടുള്ളത്. മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലില്ലാത്തവരായി രജിസ്റ്റർ ചെയ്തിട്ടുള്ളവർ വളരെ കൂടുതൽ കാണും. ഇതിനൊരു പരിഹാരം കാണുന്നതിന് വളരെയേറെ വിഷമതകൾ ഉണ്ടെങ്കിലും പരിമിതമായ രീതിയിൽ ഒരു സമീപനം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതു് വളരെയേറെ ആവശ്യമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി തൊഴിൽ സാദ്ധ്യത ഉണ്ടാക്കിക്കൊടുക്കുന്നുണ്ടെന്നു പറയാറുണ്ട്. എക്സ്ചേഞ്ചുവഴി നീതിപൂർവ്വകമായ തൊഴിൽസാദ്ധ്യത എല്ലാ വിഭാഗങ്ങൾക്കും ലഭിക്കുന്നുണ്ടോ എന്ന് ഗവൺമെന്റു പരിശോധിച്ചിട്ടില്ല. ഈ അസംബ്ലിയിൽ ചെയ്തിട്ടുള്ള പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽതന്നെ ഈ രാജ്യത്തു് വളരെയേറെ കഷ്ടതകൾ അനുഭവിക്കുന്ന വിഭാഗങ്ങൾക്കും അതുപോലെ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും തൊഴിൽ ലഭിക്കുന്നില്ലെന്നു കാണുകയാണെങ്കിൽ, അതു വളരെ വിചിത്രമാണ്. വ്യവസായ സ്ഥാപനങ്ങളുടെ കാര്യം നമുക്കെടുക്കാം. കേരളത്തിൽ എറണാകുളത്തിനും ആലുവായ്ക്കും മദ്ധ്യേയായി വലിയ വ്യവസായ സ്ഥാപനങ്ങൾ ഇന്നു പ്രവർത്തിക്കുന്നുണ്ട്. ഇനി തുടങ്ങാനും ഇരിക്കുന്നു. എക്സ്ചേഞ്ചുവഴിയാണ് നിയമനം നടത്തുന്നതെന്നും പിന്നാക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം, ശരിയായ നിലയിൽ പ്രാതിനിദ്ധ്യം കൊടുക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പറയാറുണ്ട്. പക്ഷെ, അതേയവസരത്തിൽ, ഏതെങ്കിലും ആളുകൾക്ക് ജോലി ലഭിക്കുന്നെങ്കിൽ അതു് ഇല്ലാതാകുന്ന ഒരു സാഹചര്യമാണ് ഇന്ന് ഈ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ളതു്. ഏതെങ്കിലും രാഷ്ട്രീയയോഗത്തിൽ പ്രസംഗിച്ചെന്നോ, ചില രാഷ്ട്രീയയോഗ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസ്സൻ ഗനി]

ങ്ങളിൽ അവരുടെ ബന്ധുക്കൾ പ്രസംഗിച്ചെന്നോ അല്ലെങ്കിൽ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടെന്നോ ഉള്ള പേരിൽ അവർക്കു നൽകിയിരുന്ന ഉദ്യോഗംപോലും റദ്ദുചെയ്യപ്പെട്ട സംഭവങ്ങൾ ഇന്നു പലതും ഉണ്ട്. ഞാൻ അതു് ഈ അസംബ്ലിയിൽതന്നെ പറഞ്ഞിട്ടുള്ളതാണു്. പ്രത്യേകിച്ചു് എഫ്. എ. സി. റ്റി. മുതലായ വ്യവസായ സ്ഥാപനങ്ങളിൽ ഗവണ്മെൻറിൽനിന്നും പിരിഞ്ഞുപോകുന്ന ആളുകൾക്കുപോലുംവളരെയേറെ ശമ്പളത്തോടുകൂടിജോലി നൽകുമ്പോൾ, തൊഴിലില്ലാതെ അലഞ്ഞു നടക്കുന്ന ജനങ്ങളോടു് തൊഴിലിൻെറ കാര്യത്തിൽ വിവേചനപരമായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ടു്. അതിനെപ്പററി അന്വേഷിച്ചു് അതില്ലാതെ ആക്കണം. ഈ സ്റ്റേററിൻെറ മുതൽമുടക്കാണു് അവിടെയുള്ളതെന്ന കാര്യം അതു ഭരിക്കുന്നവർ നല്ലപോലെമനസ്സിലാക്കണം. അങ്ങനെ മനസ്സിലാക്കുന്നില്ലെങ്കിൽ അതവരെ മനസ്സിലാക്കിക്കൊണമെന്നു ഞാൻ പ്രത്യേകം ഗവണ്മെൻറിനോടഭ്യർത്ഥിക്കുകയാണു്. തൊഴിൽരംഗത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ വിവേചനപരമായ നയം ഗവണ്മെൻറു കൈക്കൊള്ളുന്നു എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. ട്രാൻസ്പോർട്ടു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, രണ്ടു സംഘടനകളിൽപെട്ടവരുണ്ടു്. ഐ. എൻ. ടി. യു. സി.യിൽപ്പെട്ട വിഭാഗം ഒരു സത്യാഗ്രഹം അനുഷ്ഠിച്ചു. കുറെ കഴിഞ്ഞപ്പോൾ കുറെ ആനുകൂല്യങ്ങൾ അവർക്കു നൽകുമെന്നുള്ള നിലയിൽ സത്യാഗ്രഹം പിൻവലിച്ചു. ഇപ്പോൾ ഒരു വിഭാഗം 45 ദിവസങ്ങളായി സത്യാഗ്രഹം അനുഷ്ഠിക്കുകയാണു്. ഞങ്ങളെപ്പോലുവർക്കു് ഇതിൻെറ കാരണം എന്താണെന്നറിയണം. ഈ സത്യാഗ്രഹം പിൻവലിക്കുന്നതിനുള്ള ശരിയായ സമീപനം ഗവണ്മെൻറു ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ? അങ്ങനെ ഉണ്ടാകാത്തതു് കുററകരമായ അനാസ്ഥയാണെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു്.

ശ്രീ. കെ. ടി. അച്യുതൻ: ഒരു കോൺഫറൻസു നടന്നുകഴിഞ്ഞു. രണ്ടാമതൊരു കോൺഫറൻസു വച്ചിരിക്കുകയാണു്. അസംബ്ലിയായതുകൊണ്ടു് ദിവസേന കോൺഫറൻസു നടത്താൻ മന്ത്രിക്കു് സൗകര്യമില്ലെന്നു് അറിയാമല്ലോ.

ശ്രീ. കെ. ഹസ്സൻ ഗനി: കോൺഫറൻസിൻെറ കാര്യം പറഞ്ഞു. ഐ. എൻ. ടി. യു. സി.യുമായുള്ള കോൺഫറസിൽ രണ്ടുമൂന്നു തീരുമാനം ഉണ്ടായിട്ടുണ്ടെന്നെനിക്കറിയാം. അതു് നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ: ഫൈനാൻഷ്യൽ കമ്മിററുമെൻറു് ഉള്ളതുകൊണ്ടു് അതു് ഫൈനാൻസു് എഗ്രിചെയ്തു ക്യാബിനററു് സമ്മതിച്ചാലെ ചെയ്യാൻ സാധിക്കുകയുള്ളു. അതല്ലാതെ സാധാരണ ഒരു ഇൻഡിവിഡ്വൽ ചെയ്യുന്നതുപോലെ ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ പറഞ്ഞ കാര്യങ്ങൾ കഴിഞ്ഞ രണ്ടു വർഷമായി നടക്കുന്ന കാര്യങ്ങളാണു്. അന്നൊന്നും ഇതു ചെയ്തില്ല.

ശ്രീ. കെ. ഹസ്സൻ ഗനി: കഴിഞ്ഞ രണ്ടു വർഷങ്ങളായി നടക്കുന്ന കാര്യമായിരിക്കാം. ഞങ്ങൾ കാണുന്നതു് പറഞ്ഞതാണു്. ഞങ്ങൾ ലേബർ ലീഡേഴ്സ് അല്ല. തൊഴിലാളികളെ രാഷ്ട്രീയ ചട്ടുകങ്ങളായി മാററുന്നതിനുള്ള യാതൊരുവിധ പരിപാടിയുമില്ലാതെയാണു ഞാൻ പറയുന്നതു്.

ശ്രീ. കെ. ടി. അച്യുതൻ: തൊഴിലാളികളോടു ചോദിക്കണം, എന്തിനാണു് ചട്ടുകമാകുന്നതെന്നു്.

ശ്രീ. കെ. ഹസ്സൻ ഗനി: രാഷ്ട്രീയ പരിഗണന ഇക്കാര്യത്തിൽ ഉണ്ടാകരുതെന്നാണു് ഞാൻ പറയുന്നതു്. തൊഴിലാളികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ പൊയ്ക്കൊള്ളട്ടെ. എന്നാലും തൊഴിലാളികളെയെല്ലാം ഒരുപോലെ കാണണം. സ്വതന്ത്ര തൊഴിലാളി സംഘടനകൾ ധാരാളം പ്രവർത്തിക്കുന്നുണ്ടു്. അതിനു് അംഗീകാരം കൊടുക്കുന്നതിനു് ഡിപ്പാർട്ടുമെൻറു് വളരെയേറെ വിഷമം കാണിക്കുന്നുണ്ടെന്നു എനിക്കറിയാം. അങ്ങനെയുള്ള തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കരം ഏററവും കൂടുതലാണെങ്കിൽ അവക്ക് റെക്കഗ്നിഷൻ നൽകണം. അവർ ഏതു പാർട്ടിയിലും പോയി പ്രവത്തിച്ചു കൊള്ളട്ടെ. തൊഴിൽ രംഗത്തു തൊഴിലാളികരം ഒററക്കെട്ടായി നില്ക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതു് ഗവണ്മെൻറിൻെറ പ്രവത്തനമാണെന്നു ഞാൻ സൂചിപ്പിക്കുകയാണു്.

ഇവിടത്തെ കയർ വ്യവസായത്തിൻെറ സ്ഥിതി എങ്ങനെയാണെന്നു നമുക്കറിയാം. ശ്രീ. പി. കെ. കുഞ്ഞു് ഇവിടെ ലേബർമന്ത്രി ആയിരുന്ന അവസരത്തിൽ മിനിമം വേജസ് നിയമം പാസ്സാക്കി എന്നുള്ളതിൽ കവിഞ്ഞു് ഇന്നു് അവക്കു് എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നുണ്ടോ? പ്രൊഡക്ഷൻ കൂടി, വിലയും കൂടി. എന്നിട്ടും അവക്കു് കിട്ടുന്ന മിനിമം വേജസ് എന്താണെന്നു ചിന്തിക്കണം. ബീഡിത്തൊഴിലാളികളെ സംബന്ധിച്ചും ഇവിടെ പരാമർശനം ഉണ്ടായി. അതു സംബന്ധിച്ചു് ഒരു നിയമം പാസ്സായി. ആ നിയമത്തിൻെറ അടിസ്ഥാനത്തിൽ പ്രവത്തിക്കുന്നതിനു് ചില വിഷമതകരം ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ആ ആക്ററിൽ തന്നെ കോവാപ്പറേറിവു് സൊസൈററികരം രൂപീകരിക്കുന്നതിനും അതിൻെറ ബേസിസിൽ അപ്പെക്സ് സൊസൈററിയുണ്ടാക്കുന്നതിനും അവക്കു പുകയിലയും ഇലയുമെല്ലാം ശരിയായ വിധത്തിൽ നൽകുന്നതിനും വ്യവസ്ഥയുണ്ടെന്നാണു് എനിക്കു് തോന്നുന്നതു്. അതിൻെറ അടിസ്ഥാനത്തിൽ പ്രവത്തനം ഇവിടെ വിജയിച്ചിട്ടുണ്ടോ? മദ്രാസ് സ്റ്റേററും മൈസൂർ സ്റ്റേററും ചേർന്നുള്ള ഒരു എഗ്രിമെൻറ് ഇതിൽ വരണമെന്നു പറയുന്നുണ്ടു്. അതില്ലെങ്കിൽ കേന്ദ്രഗവണ്മെൻറു് ഒരു നിയമം പാസ്സാക്കണമെന്നു പറയുന്നുണ്ടു്. ഇതിലേക്കു് കേന്ദ്രഗവണ്മെൻറിൽ സമ്മർദ്ദം ചെലുത്താൻ എന്തെല്ലാം നടപടികരം ഗവണ്മെൻറു് എടുത്തു. ഇന്നവർ കഷ്ടതയിൽ നിന്നും കഷ്ടതയിലേക്കു നീങ്ങുകയാണു്. ചില ഭാഗങ്ങളിൽ 1 രൂപ 14 അണ മിനിമം വേജ് നിശ്ചയിച്ചിട്ടുണ്ടെങ്കിലും 1 രൂപ 8 അണയും, 1 രൂപ 4 അണയും മാത്രമെ ലഭിക്കുന്നുള്ള എന്നുള്ളതു് ഒരു വസ്തുതയാണു്. ഇതിൽ തൊഴിലാളികരം പരാതിപ്പെട്ടാൽ, അവരുടെ തൊഴിൽ നഷ്ടപ്പെടുമെന്നുള്ള നിലയാണുള്ളതു്. അന്വേഷണോദ്യഗസ്ഥന്മാർ മുതലാളികരം ഉള്ളിടത്തുനിന്നു എന്തു കൂലി കിട്ടുന്നു എന്നു തൊഴിലാളികളോടു ചോദിക്കുമ്പോരം, ഉള്ളതു പറയുകയാണെങ്കിൽ, അവർ തൊഴിലില്ലാത്തവരായി മാറും. അങ്ങനെയുള്ള സാഹചര്യം ഇല്ലാതാക്കുന്നതിനു് എന്തെങ്കിലും ഉടനെതന്നെ ചെയ്യാതിരുന്നാൽ തൊഴിലാളികരംക്കു് യാതൊരു രക്ഷയും കിട്ടുകയില്ല. ഇന്നു് മൈസൂറിലും മദ്രാസിലും ഉള്ള നമ്മുടെ രാജ്യത്തോടടുത്ത പ്രദേശങ്ങളിൽ വച്ചു് ഈ തൊഴിൽ നടത്തിക്കുന്നുണ്ടു്, അതു മാററണം. നമ്മുടെ തൊഴിലാളികരംക്കു് ജോലി ഉണ്ടാകണമെന്നു ചിന്തിച്ചു് ഈ വക കാര്യങ്ങളിലുള്ള പ്രവത്തനം ത്വരിതപ്പെടുത്തണമെന്നു ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണു്.

കശുവണ്ടി വ്യവസായത്തെപ്പററി ഒരു കാര്യം പറയുവാനുണ്ടു്. നമ്മുടെ രാജ്യത്തു് വളരെയേറെ കശുമാവു് വച്ചുപിടിപ്പിക്കാനുള്ള സ്ഥലമില്ല. ആഫ്റിക്കയിൽ പ്രോസസ് ചെയ്യുന്നതിനുള്ള ഏർപ്പാടു തുടങ്ങിയിരിക്കുന്നുവെന്നു് പത്രങ്ങളിൽ കാണുന്നുണ്ടു്. അങ്ങനെ പ്രോസസ് തുടങ്ങിയാൽ, ഇവിടത്തെ സ്ഥിതി എന്താണെന്നു നമുക്കറിയാം. ഏകദേശം 60 ശതമാനത്തിലധികം Raw nuts അവിടെ നിന്നും ആണു ഇവിടെ വരേണ്ടതു്. ആ നിലയിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികരം വിഷമിക്കും. ഇവിടെയുള്ള ധാരാളം തൊഴിലാളികരം തൊഴിൽ രഹിതരായിത്തീരുമെന്നു നേരത്തെ കണ്ടു് എന്തെങ്കിലും പരിപാടി ഗവണ്മെൻറു് ആസൂത്രണം ചെയ്തു പ്രവത്തിക്കേണ്ടതുണ്ടു്. ഈ രംഗത്തു് നമുക്കു് വളരെ ഏറെ വിഷമമുണ്ടാകും. ഇന്നു തൊഴിലാളികരംക്കു കിട്ടുന്ന വേതനം തുച്ഛമാണു്. ശ്രീ. ബാലചന്ദ്രമേനോൻ ചില കണക്കുകരം ഉദ്ധരിക്കുകയുണ്ടായി. 1939—ൽ ഒന്നരഅണ ആയിരുന്ന ഒരിടങ്ങഴി അരിക്കു് ഇന്നു് 85 നയാപൈസാ ആയിരിക്കുമ്പോരം ഇന്നു തൊഴിലാളികരംക്കു് ലഭിക്കുന്ന വേതനം എന്താണെന്നു നോക്കേണ്ടതുണ്ടു്. ഇന്നു് അവക്കു് ശരിയായി ജീവിക്കുന്നതിനു് സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണുള്ളതു്. അതുകൊണ്ടു് എല്ലാ നിലയിലും മിനിമം വേജസ് ഏർപ്പെടുത്തുന്നതു് നടപ്പിൽ വരുത്താനുള്ള സർവ്വവിധ കഴിവും വിനിയോഗിക്കേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസ്സൻഗനി]

ഇവിടെ ക്യാഷ്വൽ ലേബറേഴ്സ് എന്നൊരു വിഭാഗം തൊഴിലാളികളുണ്ട്, ചെറിയ പോർട്ടുകളിൽ പണിയെടുക്കുന്ന ഇവർക്ക് മൂന്നും നാലും മാസങ്ങളിലെ ജോലി ലഭിക്കുകയുള്ളു. ഹാർബറിൽ പണി എടുക്കുന്നവർക്ക് നിശ്ചിത ജോലിയും കൂലിയും കിട്ടും. എന്നാൽ ഇത്തരം ചെറിയ പോർട്ടുകളിൽ പണിയെടുക്കുന്ന ഈ തൊഴിലാളികൾക്ക് എന്താണ് മുതലാളിമാർ കൊടുക്കുന്നതെന്നു മനസ്സിലാക്കണം. തൊഴിൽ സ്ഥിരതയുണ്ടെങ്കിൽ തരക്കേടില്ല. അതുമില്ല. അതിനു നമ്മെക്കൊണ്ട് ഒന്നും ചെയ്യാൻ കഴിയുകയില്ലെങ്കിൽ ഈ ഗവണ്മെന്റ് ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം എന്നീ പോർട്ടുകളിൽ വേനൽക്കാലത്ത് പണിയെടുക്കുന്ന ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തീർച്ചയായും കേന്ദ്രഗവണ്മെന്റുമായി കത്തിടപാടുകൾ നടത്തി അവർക്ക് വേണ്ട പരിരക്ഷ നൽകേണ്ടത് ആവശ്യമാണ്. കൈവണ്ടി തൊഴിലാളികളും ക്യാഷ്വൽ ലേബറേഴ്സാണ്. നാലായിരത്തോളംപേർ അവിടെ ജോലി ചെയ്യുന്നുണ്ട്. സ്വതന്ത്ര യൂണിയനാണ്. അതിലും ചില കലഹങ്ങളും തർക്കങ്ങളും ഉണ്ടായി. ലേബർ കമ്മീഷണറുടെ ആഭിമുഖ്യത്തിൽ കാര്യം പര്യവസാനിച്ചുവെങ്കിലും എന്താണു ചെയ്തത്? അവിടെ പണിയെടുത്തുകൊണ്ടിരുന്നവരെ വലിച്ചെറിഞ്ഞ് ഐ. എൻ. ടി. യു. സി ആളുകളെ കയററുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. അതു മാററണം. അവരുടെ തൊഴിലിനു തക്കതായ വേതനം ലഭിക്കുന്നതിനും ജോലി സ്ഥിരത ലഭിക്കുന്നതിനും എന്താണ് മാർഗ്ഗമെന്ന് ആലോചിച്ച് അതനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള കരുക്കൾ നീക്കണമെന്നുപറഞ്ഞുകൊണ്ട് സമയച്ചുരുക്കം കാരണം എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

[Deputy Speaker in the Chair]

ശ്രീ. പൊന്നറ ജി. ശ്രീധർ: മാഡം, ശ്രീമാൻ പി. ആർ. ഫ്റാൻസിസ് ഇവിടെ സംസാരിച്ചുകൊണ്ടിരുന്ന സമയത്ത് മന്ത്രി ഇവിടെ ഉണ്ടായിരുന്നില്ല. ബഹു: മന്ത്രി ആ സമയത്തു ഇവിടെ ഉണ്ടായിരുന്നു എങ്കിൽ
11 A. M.] അദ്ദേഹം സംസാരിച്ചതായ കാര്യങ്ങൾ മുഴുവനും ബഹു: മന്ത്രി കേട്ടിരുന്നു എങ്കിൽ മതിയായിരുന്നു. ഇന്നു എതിർഭാഗത്തുനിന്നും പറഞ്ഞ കാര്യങ്ങൾ മാത്രമാണ്, അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉന്നയിച്ചിട്ടുള്ളത്. പക്ഷേ, എതിർഭാഗത്തിരുന്നവർ സംസാരിച്ച ഭാഷയിലായിരുന്നില്ലാ എന്നുമാത്രമേയുള്ളു. ബഹു: മന്ത്രിയുടെ പാർട്ടിയിൽതന്നെയുള്ള ഒരാളാണ് അതു പറഞ്ഞത്. പക്ഷേ കമ്മ്യൂണിസ്ററുകാർ പറഞ്ഞ ഭാഷയിലല്ലായിരിക്കാം. എങ്കിലും അദ്ദേഹം പറഞ്ഞത് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി നിയമപ്രകാരം ഉണ്ടായിട്ടുള്ള തീരുമാനങ്ങൾ ഒന്നുംതന്നെ ഗവണ്മെന്റു സ്വീകരിക്കാൻ തയ്യാറില്ലാതെയിരിക്കുകയാണെന്നാണ്. ഇവിടെ അടിയന്തിരാവസ്ഥ വന്നതോടുകൂടി ഈ സംസ്ഥാനത്തു ഒരു കൺസിലിയേഷൻ കം ആർബിട്രേഷൻ ബോർഡ്" എന്നപേരിൽ ഒരു ബോർഡു രൂപീകരിച്ചു. അതിനു മുൻകൈ എടുത്തതു ബഹു: ഗവർണറാണ്. പക്ഷേ, ഒരിക്കലേ ആ ബോർഡു കൂടിയിട്ടുള്ളു. അദ്ദേഹത്തിനു അങ്ങനെ നല്ല കാര്യങ്ങൾ ചെയ്യുന്നതിനു സമയമില്ലായിരുന്നു. മററുകാര്യങ്ങൾക്ക അദ്ദേഹം ദിവസവും ഓടിക്കൊണ്ടിരിക്കുന്നുണ്ട്. അദ്ദേഹത്തിനു ഈ കാര്യം ചെയ്യുന്നതിനു സമയമില്ല. ഏതായാലും ആ ബോർഡ് ഒരിക്കൽകൂടിയപ്പോൾ എടുത്ത തീരുമാനം ഇതുവരെ ഈ ഗവണ്മെന്റു നടപ്പാക്കിയിട്ടില്ല. വ്യവസായസ്ഥാപനങ്ങളിൽ കൺസിലിയേഷൻ കം ആർബിട്രേഷൻ ബോർഡ് ഓരോ ഡിപ്പാർട്ടുമെന്റിനും ഓരോ ബോർഡ് രൂപീകരിക്കണം എന്നും ഒരു വിധത്തിലുള്ള കാര്യങ്ങൾ എല്ലാംതന്നെ അവിടെ തീരുമാനിക്കപ്പെടണം എന്നും ഒരു കല്പനയുണ്ടായിട്ടുള്ളതാണ്. അത് ഈ ഗവണ്മെന്റു നടപ്പിൽവരുത്താൻ തയ്യാറായില്ല അതിൽ ഏററവും പ്രധാനമായി ഗവണ്മെന്റു നടത്തുന്ന വ്യവസായങ്ങളിൽപോലും അതു ചെയ്യുന്നില്ലാ. ഗവണ്മെന്റു നടത്തുന്ന വ്യവസായങ്ങളിൽ ഏററവും പ്രധാനമായ ഒരു വ്യവസായം ട്രാൻസ്പോർട്ടു വ്യവസായമാണ്. അവിടത്തെ തൊഴിലാളികളെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം ഒന്നും ഇന്നലെയും ഉള്ള ആവശ്യങ്ങളല്ല. കഴിഞ്ഞ കുറെക്കാലമായിട്ട ഗവണ്മെൻറു അവരോട്ട സ്വീകരിച്ചുവരുന്ന ഒരു നയമാണ്. ഇവിടെ ഉദ്യോഗങ്ങൾക്ക ആളുകളെ പബ്ലിക്ക്സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്തു അയക്കുകയാണ്. അവർനേരിട്ട ആരേയും ഉദ്യോഗത്തിന എടുത്തിട്ടില്ല. ഡിപ്പാർട്ടമെൻറിൽ നിന്നും ഉദ്യോഗത്തിന പബ്ലിക്ക്സർവ്വീസ്കമ്മീഷനോടാവശ്യപ്പെട്ട, അവർ ഇങ്ങോട്ട അയക്കുന്ന ആളുകൾക്ക ഉദ്യോഗം കൊടുക്കാതെ അവർ ദിവസവും അവിടെ വന്ന ഉദ്യോഗത്തിനായി കാത്തുനിൽക്കണം. ഡിപ്പാർട്ടമെൻറു അവരെ ആവശ്യപ്പെട്ടതുകൊണ്ട് അങ്ങോട്ട അയച്ചിട്ടുള്ളതാണ്. അതു നിയമത്തിനെതിരായിട്ടല്ല. ഗവണ്മെൻറിന അതു സാധൂകരിക്കാൻ കഴിയാത്ത തരത്തിലുള്ള ഏതെങ്കിലും കാര്യമുണ്ടോ എന്ന ആലോചിക്കണം. അതൊന്നുമില്ലാതിരിക്കെ അവരെ സമരത്തിനിറക്കിയേ മതിയാകൂ എന്ന കരുതിയിരിക്കയാണെന്ന തോന്നുന്നു. എന്തുകൊണ്ടാണെന്നുവച്ചാൽ ഗവണ്മെൻറു വിചാരിച്ചിരിക്കുന്നതു ഇന്ന അടിയന്തിരപരിതഃസ്ഥിതിയാണ്. ഒരെങ്കിലും സമരം ചെയ്യപോയാൽ ഡിഫൻസ് ആഫ് ഇൻഡ്യാ ആക്ററ് ഉണ്ട്; അതു അവരുടെ മേൽ പ്രയോഗിക്കാം. വലിയതുറയിലെ വള്ളത്തൊഴിലാളികളോട ഗവണ്മെൻറു അതു പ്രയോഗിക്കുകയുണ്ടായി തൊഴിലാളികൾമാത്രമേ കുറം ചെയ്യുകയുള്ളു എന്നുള്ളതാണ് ഗവണ്മെൻറ ധരിച്ചുവച്ചിരിക്കുന്നതു്. മുതലാളിമാർ ചെയ്യുന്ന കുററങ്ങളെപ്പററി ഗവണ്മെൻറു അവരുടെപേരിൽ നടപടി സ്വീകരിക്കുന്നില്ല.

ബോണക്കാഡ് എസ്റ്റേററിൽ നിന്നും അവിടെ ഉണ്ടായ ഒരു തൊഴിൽതർക്കത്തിൻെറ ഫലമായി ഒന്നൊന്നര ലക്ഷം രൂപാ ഗവണ്മെൻറിന നഷ്ടം വരുത്തി. ഞാൻ അതേസംബന്ധിച്ച അന്ന മന്ത്രിയായിരുന്ന ശ്രീമാൻ പി. ടി. ചാക്കോയ്ക്കു എഴുതിക്കൊടുത്തിരുന്നതാണ് എന്നിട്ടുപോലും മുതലാളിക്ക ഒന്നും ദോഷമില്ല. ഒടുക്കം അതു ആർബിട്രേഷന വിട്ടു. ആർബിട്രേഷന വിട്ടകാര്യവും എന്താണ്. കാര്യം വേഗം തീരണം എന്നുള്ളതുകൊണ്ടാണ്. അങ്ങനെ കുറച്ചു ബുദ്ധിമുട്ടുകൾ ഞങ്ങൾക്കുണ്ടെങ്കിലും അതുവേഗം തീരട്ടെ എന്നുവച്ചതാണ്. അങ്ങനെ ആർബിട്രേഷനവച്ചു എങ്കിലും ആദ്യമേ ഉണ്ടായിരുന്ന ആർബിട്രേററർ പെൻഷനായി പോയി. അതിന പകരം ആറുമാസമായിട്ടും ആളെവച്ചില്ല. പിന്നീട് ഇപ്പോൾ ആൾ വന്നുകഴിഞ്ഞിട്ടുണ്ട്; ഗവണ്മെൻറിൽനിന്നും ഇംപ്ലിമെൻറു ചെയ്യാനുള്ളകാര്യങ്ങൾ ഇംപ്ലിമെൻറുചെയ്യാത്തതെന്താണ് ?

അതുപോലെ അവിടത്തെ ലേബറേഴ്സിന കമ്പിളികൊടുക്കുക എന്നുള്ളതു നിയമപ്രകാരമുള്ളതാണ്. അഞ്ചാറുവർഷമായിട്ട കമ്പിളി കൊടുക്കുന്നില്ല. അതേപ്പററി എഴുതിഅയച്ചപ്പോൾ പറയുന്ന മറുപടി അവിടെ ഹൈററുകുറഞ്ഞുപോയി അതുകൊണ്ട കമ്പിളി കൊടുക്കേണ്ട ആവശ്യമില്ലെന്നാണ്. അതായതു് ഇത്ര ഹൈററുവരെ പോയാൽ പിന്നെ തണുപ്പു കുറവാണെന്നും, അതുകൊണ്ട കമ്പിളിയുടെ ആവശ്യമില്ലെന്നുമാണ്. എന്നാൽ മാനേജുമെൻറു പറയുന്നതു് ഹൈററു ഇല്ലെന്നാണ്. അതു തീരുമാനിക്കേണ്ടതു ലേബർഡിപ്പാർട്ടുമെൻറാണ് കാരണം, അവർക്കാണ് അതിനുള്ള അധികാരം. ഇത്ര അടിക്കുമേലുണ്ടെന്ന പറയുവാൻ. അതിനെന്തെങ്കിലും ഒരു തീരുമാനം ഗവണ്മെൻറു ഇതുവരെ എടുത്തോ. പ്ലാൻേറഷൻ ലേബറിൻെറ കാര്യമല്ലേ. ഒടുക്കം ഒരു ഒത്തുതീർപ്പിലാകും. അങ്ങനെ ഒരു നാലോ അഞ്ചോ ലക്ഷം രൂപാ മുതലാളിക്ക ലാഭമാകും.

ആർബിട്രേഷന വിടേണ്ട കാര്യങ്ങൾ പലതും തിരുവനന്തപുരം പട്ടണത്തിൽതന്നെയുള്ള പലതും ഇന്ന ആർബിട്രേഷന വിട്ടിട്ടുണ്ടോ? മാത്രമല്ല, ആർബിട്രേഷൻബോർഡ് തീരുമാനംചെയ്തിട്ടുള്ള കേസുകളെപ്പററി ഗവണ്മെൻറു മിണ്ടാതെ ഇരിക്കുകയാണ്, സൈക്കിൾ ഫാക്ടറിയിലുണ്ടായ തൊഴിൽതക്കം ആർബിട്രേഷനുവിടാൻ അവർ എഗ്രിചെയ്തു പക്ഷേ, ഒടുക്കം ഗവണ്മെൻറു ഒന്നും ചെയ്തില്ല. അതുകൊണ്ടിപ്പോൾ അവർ ഹൈക്കോടതിയിൽ കേസു കൊടുക്കാൻ പോകുന്നു എന്ന കേൾക്കുന്നു. ഈ ഡിപ്പാർട്ടമെൻറു വാസ്തവത്തിൽ നമുക്ക ഏററവും അത്യാവശ്യമായ, ഈ നാട്ടിന ഏററവും ഗുണം ചെയ്യാവുന്നതും ഈ നാട്ടിനെ സംബന്ധിച്ചിടത്തോളം ഏററവും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

ഉപകാരം ചെയ്യാവുന്നതും ആയ ഒരു ഡിപ്പാർട്ടുമെൻറാണ്. അതിൽ ഈ വിധം കൊള്ളരുതായ്മ കാണിക്കേണ്ട ആവശ്യം വല്ലതുമുണ്ടോ? അതു അഴിമതിയുടെ കേന്ദ്രമാക്കേണ്ട ആവശ്യമുണ്ടോ? ആ ഡിപ്പാർട്ടുമെൻറിൻെറ അധികാരം കൈവശംവച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു അതു അപകടമാണ്. അദ്ദേഹത്തിൻെറ പാർട്ടിയിലുള്ളവർതന്നെ അങ്ങനെ പറയുന്നു, അദ്ദേഹത്തിനു അതു സാധിക്കാവുന്നതാണ് എന്ന്. അങ്ങനെ അദ്ദേഹം ചെയ്യുകയാണെങ്കിൽ അദ്ദേഹം ഇരിക്കുന്നകാലം മുഴുവനും ഈ തൊഴിലാളികൾ അദ്ദേഹത്തെക്കുറിച്ചു നല്ലതു പറഞ്ഞുകൊണ്ടിരിക്കും, അല്ലെങ്കിൽ അദ്ദേഹത്തിനു കൂടുതൽ ദൂഷ്യമുണ്ടാകുമെന്നു അദ്ദേഹത്തോടുപറയുന്നു. ട്രാൻസ്പോർട്ടുകാര്യം പല അവസരങ്ങളിലും ഞാൻ അദ്ദേഹത്തോടു നേരിട്ടു പറഞ്ഞിട്ടുള്ളതാണ്. എന്നാൽ യാതൊരു കാര്യം നടത്തുന്നതിനും അദ്ദേഹത്തെ സമ്മതിക്കുകയില്ല. ഏതു കാര്യമായാലും അതു ശരിയായി നടത്തുന്നതിനു സമ്മതിക്കാത്ത ഒരു കൂട്ടർ ഇവിടെയുണ്ട്. അവർ ഇന്നയിന്ന സ്ഥാനത്തൊക്കെയാണിരിക്കുന്നതു എന്നും എനിക്കറിയാം. ഡിപ്പാർട്ടുമെൻറിലും വെളിയിലും ഉണ്ട് ആ കൂട്ടർ. അവർ ഈ നാട്ടിൽ ഈ ഗവണ്മെൻറിനെ ഇല്ലാതാക്കിയേ തീരൂ എന്നു മനഃപൂർവ്വമായ വൈരാഗ്യമുള്ളവരാണ്. അങ്ങനെയുള്ളവർ ഈ ഡിപ്പാർട്ടുമെൻറിലുമുണ്ട്, സെക്രട്ടറിയററിലുമുണ്ട്. അവർ ആരാണെന്നുകണ്ടുപിടിച്ചു അവരെ ഒന്നു ഇളക്കിപ്രതിഷ്ഠിച്ച് കാര്യങ്ങൾ നേരെയാക്കാൻ ശ്രമിക്കണം. അല്ലാത്തപക്ഷം സൗഗമമായിട്ടു, സമാധാനപരമായിട്ടു ഞങ്ങളെപ്പോലെയുള്ള ആളുകൾക്കു ജീവിക്കാൻ സാദ്ധ്യമല്ല. അദ്ദേഹത്തിനു അതു ഭയപ്പെടേണ്ട കാര്യമില്ല. അതുകൊണ്ടു കുറെ സാധുക്കളായിട്ടുള്ള ഞങ്ങളെപ്പോലെയുള്ളവർക്കു ഈ റോഡേ നടക്കേണ്ട ആവശ്യമുണ്ട്. അതുപോലെതന്നെ എന്നും സമരമായിരിക്കട്ടെ എന്നു ആഗ്രഹിക്കുന്ന കുറെ ആളുകളുമുണ്ട്. അവർക്കു വേണ്ടീട്ടു ഈ ഗവണ്മെൻറു ഇതു ചെയ്യണോ എന്നുള്ളതു നല്ലവണ്ണം ചിന്തിക്കണം. ഞാൻ ഇപ്പറയുന്ന കാര്യങ്ങൾ ശരിയാണ് എന്നുള്ളതിലേക്കു ഡാക്യുമെൻററി എവിഡൻസ് കൊടുക്കാൻ തയ്യാറാണ്.

ശ്രീ. ടി. കൃഷ്ണൻ: ലേബർ വകുപ്പിൻെറ ആവശ്യത്തിലേക്കു ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണു്. കാസർകോടു മുതൽ പാറശ്ശാലവരെ പഴയതും പുതിയതുമായ അനവധി വ്യവസായ സ്ഥാപനങ്ങൾ ഇന്നു കേരളത്തിലുണ്ട്. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം പുരോഗമനാത്മകമായ ആധുനികരീതിയിലുള്ള പല വ്യവസായ സ്ഥാപനങ്ങളും ഇന്നിവിടെ വന്നിട്ടുണ്ട്. ഈ വ്യവസായങ്ങളെല്ലാം രണ്ടോ നാലോ കൊല്ലം കൊണ്ടു ഇവിടെ പ്രവർത്തനം ആരംഭിക്കാൻപോകുന്നില്ലാ എന്നുള്ളകാര്യവും ഓർക്കേണ്ടതായിട്ടുണ്ട്. പക്ഷേ അതിൻെറ തുടക്കത്തിൽതന്നെ അതിൻെറ വകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രി പറയുന്നതുപോലെ അതിൻെറ പുരോഗതിക്കുവേണ്ടി അത്യന്താപേക്ഷിതമായി, അതിൻെറ ഉടമാവകാശം കൈകാര്യം ചെയ്യുന്നവരും തൊഴിലാളികളും പരിപൂർണ്ണമായ സഹകരണത്തോടുകൂടി പ്രവർത്തിച്ചാൽമാത്രമേ അതിൻെറ. വിജയം കരസ്ഥമാക്കാൻ സാധിക്കയുള്ളു.

ഈ വ്യവസായസ്ഥാപനങ്ങളിൽ തൊഴിലാളികളെ എടുക്കുന്നകാര്യത്തിൽ പ്രൈവററായിട്ടു നടത്തുന്ന കമ്പനികളായാലും ഗവണ്മെൻറു ചുമതലയിൽ നടത്തുന്ന വ്യവസായസ്ഥാപനങ്ങളിലായാലും ഈ നാട്ടിലെ അഭ്യസ്തവിദ്യരായിട്ടുള്ളവരും സാമാന്യം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുമായിട്ടുള്ളവരെ നിയമിക്കുന്നതിനു പ്രത്യേകം ചില വ്യവസ്ഥകളൊക്കെ കൈക്കൊണ്ടിട്ടുണ്ട്. ഇവിടത്തെ വിദ്യാർത്ഥികളുടെ എണ്ണമെത്രയുണ്ടെന്നുള്ളതിൻെറ കണക്കു ഓരോ എംപ്ലായ്മെൻറു എക്സ്ചേഞ്ചിലും നോക്കിയാൽ കാണാവുന്നതാണ്. ആ എംപ്ലായ്മെൻറു എക്സ്ചേഞ്ചുകളിൽ കൂടിതന്നെ നിയമനം ലഭിക്കുന്നതിനായി ആയിരക്കണക്കിനുള്ള അഭ്യസ്തവിദ്യരായിട്ടുള്ളവരും സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും പേരു രജിസ്റ്റർ ചെയ്തു കാർഡുകളും കയ്യിലേന്തിക്കൊണ്ട് മൂന്നു മാസം കൂടുമ്പോൾ അതു പുതുക്കിക്കൊണ്ട് എപ്പോഴാണ് ഉദ്യോഗം കിട്ടുന്നതു് എന്നു കാത്തുകൊണ്ടുനിൽക്കുന്നതു പലപ്പോഴും കാണാറുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ എംപ്ലായ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം ലഭിക്കുന്നതിനു പ്രൈവററ് ഉടമകൾ നടത്തുന്നതായാലും ഗവണ്മെന്റുവക സ്ഥാപനങ്ങളായാലും സമുദായ പ്രാതിനിത്യം അനുസരിച്ചിട്ടുണ്ട് എന്നും, അങ്ങനെ സമുദായപ്രാതിനിധ്യമനുസരിച്ച നിയമനം നടത്തണമെന്നു നിർദ്ദേശിച്ചിട്ടുണ്ടെന്നും വ്യവസായവകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിതന്നെ പറഞ്ഞിട്ടുള്ളതാണ്, ഇന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ചില വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റുവക വ്യവസായസ്ഥാപനങ്ങളിൽതന്നെ അതു പാലിക്കുന്നില്ല എന്നുള്ള ആക്ഷേപമുണ്ട്. ആ ആക്ഷേപത്തിനു ഉപോൽബലകമായി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും, എന്റെ വീടിന്റെ സമീപമുള്ളതും ഇൻഡ്യയിൽ മറെറങ്ങുംതന്നെയില്ലാത്തതുമായ ചവറയിലെ പ്രിമോപൈപ്പ് ഫാക്ടറി 1959-ൽ നാർവീജിയൻ ഗവണ്മെന്റും ഇൻഡ്യാ ഗവണ്മെന്റുംകൂടി കേരളാ സർക്കാരിനെ ഏൽപിച്ചുകൊടുത്തതാണ്. അപ്പോൾ ധാരാളം തൊഴിലാളികൾ അവിടെയുണ്ടായിരുന്നു അതിൽ എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു, എത്ര മാസശമ്പളക്കാരുണ്ടായിരുന്നു, എത്ര സ്റ്റാഫുണ്ടായിരുന്നു എന്നു വകുപ്പുമന്ത്രിയിൽ നിന്നും ഒരു കണക്കു കഴിഞ്ഞയാഴ്ച എനിക്കുകിട്ടി. ഇന്നു എംപ്ലായ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ആയിരക്കണക്കിനുള്ള വിദ്യാർത്ഥികൾ ഉദ്യോഗം ലഭിക്കാതെ, തൊഴിലില്ലാതെ തെരുവുതെണ്ടികളായി കഴിഞ്ഞുകൂടുന്നു. അങ്ങനെ പേരു രജിസ്റ്റർ ചെയ്തു കഴിഞ്ഞിട്ടുള്ള ഒരൊററ കുട്ടിക്കുപോലും ആ ഫാക്ടറിയിൽ ജോലി ലഭിച്ചിട്ടില്ല. അതേപ്പററി ഞാൻ വകുപ്പുമന്ത്രിയോടു ചോദിച്ചപ്പോൾ പറഞ്ഞതു് അവിടെ നിയമനം നടത്തുന്നതിനു ഒരു ബോർഡുണ്ട് എന്നാണ്. ഗവണ്മെന്റിനു് ഉടമാവകാശമുള്ള ഫാക്ടറികളിൽ തൊഴിലാളികൾക്കു ജോലികൊടുക്കേണ്ടതു എംപ്ലായ്മെന്റു മുഖേനയായിരിക്കണം. എന്നാൽ അവിടെ അതു ആ ഫാക്ടറിയുടെ മാനേജുമെന്റിനു വിട്ടുകൊടുത്തിരിക്കുകയാണ്, അവിടത്തെ മാനേജുമെന്റും ഫോർമാനും കൂടിയാണ് അതു നടത്തുന്നതു്. അങ്ങനെയാണ് ഗവണ്മെന്റു തീരുമാനിച്ചതെങ്കിൽ ഈ ഗവണ്മെന്റിന്റെ കീഴിൽ ഈ എംപ്ലായ്മെന്റ് എക്സ്ചേഞ്ച് എന്നുള്ള ഡിപ്പാർട്ടുമെന്റു വേണമോ എന്നു ഞാൻ സംശയിക്കുകയാണ്. ആ സ്ഥാപനത്തിൽ ജോലിക്കെടുത്തിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഞാൻ ആ സ്ഥലത്തിനു അടുത്തു താമസക്കാരനാണ്, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലവുമാണ്, അതിന്റെ സമീപത്തുള്ള ആളുകൾക്കു വളരെ അധികം ആക്ഷേപമുണ്ട്; ആരോപണങ്ങളുണ്ട്. ഏതാണ്ട് പതിനായിരത്തിൽപരം തൊഴിലാളികൾ ചവറ മിനറൽ സ്ഥാപനങ്ങളിൽ ജോലിചെയ്തുവന്നിരുന്നവർ ഇന്നു തൊഴിൽ രഹിതരായിട്ടുള്ള ആയിരക്കണക്കിനാളുകൾ അതിന്റെ പരിസരത്തുണ്ട്. അവിടത്തെ നിയമനത്തെ സംബന്ധിച്ചിടത്തോളം പുതിയതായി തുടങ്ങുന്ന ഒരു ശതമാനക്കണക്ക് എടുക്കേണ്ടതു ആവശ്യമാണ്. അവിടെ സമുദായപ്രാതിനിധ്യം തീർത്തും പാലിച്ചിട്ടില്ല. അങ്ങനെ വ്യവസായ സ്ഥാപനങ്ങൾ ഏതായിരുന്നാലും പഴയതും പുതിയതായി തുടങ്ങുന്നതുമായ വ്യവസായസ്ഥാപനങ്ങളിൽ ആവശ്യമുള്ള തൊഴിലാളികളെ എംപ്ലായ്മെന്റ് എക്സ്ചേഞ്ചുവഴി സമുദായ പ്രാതിനിധ്യമനുസരിച്ചും പരീക്ഷായോഗ്യതയുള്ളവരേയും എടുക്കേണ്ടതാണ്. എന്നാൽ ഇതുവരെ സാധാരണമായി എംപ്ലായ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനം സമുദായപ്രാതിനിധ്യാടിസ്ഥാനത്തിൽ നടത്താതിരിക്കുന്നതിനെ സംബന്ധിച്ച ഈ ഗവണ്മെന്റിന്റെ മുമ്പിൽ ശക്തിയായ ആരോപണം ഉന്നയിക്കുകയാണ്. വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏ. ഐ. ടി. യു. സി., യു. ടി. യു. സി., കെ. എസ്സ്. ടി. യു. സി., ഐ. എൻ. ടി. യു. സി. എന്നിങ്ങനെയുള്ള യൂണിയനുകളുണ്ട്. അതിലെ നേതാക്കന്മാർ ഈ അസംബ്ലിയിലുള്ളവരുമുണ്ട് പുറത്തു പ്രവർത്തിക്കുന്നവരുമുണ്ട്. അവർ ഈ സങ്കീർണ്ണമായ തൊഴിലാളി പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുവേണ്ടി സമുചിതമായി ചിന്തിക്കേണ്ടതും ഈ വിവിധ ട്രേഡ്യൂണിയനുകൾ എല്ലാംതന്നെ ഒററക്കെട്ടായിനിന്നു പ്രവർത്തിക്കേണ്ടതും ഈ വ്യവസായ ഉടമകളെ സംബന്ധിച്ചും ഗവണ്മെന്റിനെ സംബന്ധിച്ചും, ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുമുള്ള ആരോപണങ്ങൾ ഉന്നയിക്കേണ്ടതുമാണെന്നു ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കൃഷ്ണൻ]

സർ, ഇന്നു നടക്കുന്നതെന്താണ്? ഓരോ ട്രെയിഡ് യൂണിയൻ നേതാക്കന്മാരും, കാലാകാലങ്ങളിൽ മുതലാളിമാരെയും, ഗവണ്മെന്റിനെയും താങ്ങുകയും, അവരെ സ്വാധീനപ്പെടുത്തുകയും ചെയ്യാൻ ശ്രമിക്കുകയും, അവർക്ക് ഇഷ്ടപ്പെടാതെ വരുമ്പോൾ ഗവണ്മെന്റിന്റെ നേരെ ചെളിവാരി എറിയുകയും ചെയ്യുന്ന ഒരു സമ്പ്രദായമാണ് സ്വീകരിച്ചിരിക്കുന്നത്. വ്യവസായ സ്ഥാപനങ്ങളിലാണെങ്കിൽ, യാതൊരു നിയമവും പാലിക്കാതെ, ഉത്തരവാദിത്വമില്ലാതെ തെറ്റായ ചില നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇരുപതു തൊഴിലാളികളെ വച്ചു ജോലി ചെയ്യിക്കുന്ന സ്ഥാപനമാണെങ്കിൽ ചില ചട്ടങ്ങൾ പാലിക്കണമെന്നുണ്ട്. ആ ചട്ടങ്ങളൊന്നുംതന്നെ അനുസരിക്കാതെ, ലേബർ ആക്ടിന്റെ പരിധിയിൽ പെടാത്ത തരത്തിൽ പല സ്ഥാപനങ്ങളും ഇന്നു നടത്തുന്നുണ്ട്. അങ്ങനെ എത്രയോ തൊഴിലാളികൾ ഇന്നു യഥാർത്ഥത്തിൽ അർഹതയുള്ള ആനുകൂല്യങ്ങൾ കിട്ടാതെ പണിയെടുക്കുന്നുണ്ട്.

സർ, ഇന്ന് ഈ രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി അഹോരാത്രം പണിയെടുക്കുന്ന ഒരു വിഭാഗമുണ്ട്. കോടിക്കണക്കിനു രൂപ ചെലവു ചെയ്തു വൻകിട ജലസേചനപദ്ധതികൾ നാം ആരംഭിച്ചിട്ടുണ്ട്. ആ പദ്ധതികൾ പൂർത്തിയായാൽ നമ്മുടെ വ്യവസായങ്ങൾക്കു ആവശ്യമായ വിദ്യുച്ഛക്തി ലഭിക്കുന്നതാണ്. ശബരിഗിരി പദ്ധതിക്കു 25 കോടി രൂപയാണ് ചെലവു ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതു പൂർത്തിയാകുമ്പോൾ കേരളസംസ്ഥാനത്തിനാവശ്യമുള്ള വിദ്യുച്ഛക്തിയും, കൃഷിക്കാവശ്യമായ ജലസേചനസൗകര്യവും കിട്ടുന്നതാണ്. അതിന്റെയെല്ലാം വിജയത്തിനായി പണിയെടുക്കുന്ന ഒരു വിഭാഗം കർഷകത്തൊഴിലാളികൾ ഈ നാട്ടിലുണ്ട്. ആ കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ആരും ഒന്നും പറഞ്ഞുകേട്ടില്ല. കർഷകത്തൊഴിലാളികൾക്കു മിനിമംവേജസ് നിശ്ചയിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടു അനുസരിച്ച് ഇതുവരെ മിനിമംവേജസ് നടപ്പിലാക്കിയിട്ടില്ല. കർഷകത്തൊഴിലാളികൾക്കു മിനിമംവേജസ് നിശ്ചയിച്ചില്ലെങ്കിൽ അവരുടെ പുരോഗതി എങ്ങനെയെന്നു കണ്ടുതന്നെയറിയണം.

സർ, ട്രാൻസ്പോർട്ടു തൊഴിലാളികളുടെ കാര്യം ശ്രീ. ഹസ്സൻഗനി പറഞ്ഞു. 45 ദിവസമായി അവർ സമരം നടത്തുകയാണ്. സെക്രട്ടേറിയറ്റിന്റെ പടിക്കൽ അവർ സത്യാഗ്രഹം നടത്തുകയാണ്. അവരുടെ ന്യായമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ ഗവണ്മെന്റു ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. സർ, ഈ ഡിപ്പാർട്ടുമെന്റിൽ, സ്ഥിരമായ ശമ്പളമോ, മറ്റാനുകൂല്യങ്ങളോ ഇല്ലാതെ പണിയെടുക്കുന്ന ഒരു വിഭാഗമാണ് പോർട്ടറന്മാർ. അവരുടെ സ്ഥിതി വളരെ ദയനീയമാണ്. ഗവണ്മെന്റിന്റെ ഒരു സർട്ടിഫിക്കറ്റും ലൈസൻസും ഉള്ളതിൽ കവിഞ്ഞു മറ്റു കാര്യമായ തൊഴിൽ ആനുകൂല്യങ്ങൾ അവർക്കില്ല. ഈ ഗവണ്മെന്റിന്റെ അംഗീകാരത്തോടുകൂടി ട്രാൻസ്പോർട്ടു ആഫീസുകളിൽ ചുമടുചുമന്നു സാധനങ്ങൾ കയറ്റുകയും ഇറക്കുകയും ചെയ്യുന്ന ജോലിയാണ് അവർ ചെയ്യുന്നത്. കൊല്ലം മുതൽ ആലപ്പുഴ വരെയും, കൊല്ലം മുതൽ തിരുവനന്തപുരംവരെയും എറണാകുളം മുതൽ വടക്കോട്ടും ഓരോ ട്രാൻസ്പോർട്ടു ആഫീസിലും ഇടയ്ക്കു കാണുന്ന പാർസൽ ആഫീസുകളിലും കെട്ടിക്കിടക്കുന്ന സാധനങ്ങൾ ചുമന്നു വണ്ടിയിൽ കയറ്റി അയയ്ക്കുകയും, ഇറക്കുകയും ചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പോർട്ടറന്മാർക്കു നിജമായ കൂലി വ്യവസ്ഥയിപ്പോൾ ഇല്ല. കേന്ദ്ര ഗവണ്മെന്റാകട്ടെ സംസ്ഥാന ഗവണ്മെന്റാകട്ടെ ഇവരുടെ ജോലി വ്യവസ്ഥയിൽ കാര്യമായ ഉത്തരവാദിത്വം വഹിക്കുന്നില്ല. അവർക്കു ന്യായമായി കിട്ടേണ്ട ആനുകൂല്യങ്ങൾ നൽകുന്നില്ല. ആർ. എം. ഓ. ആഫീസിൽനിന്നു ലോഡു വാങ്ങുകയും, കൊടുക്കുകയും ചെയ്യാറുണ്ട്. മെയിൽ ബാഗുകൾ ഒരു പ്രാവശ്യം മാത്രമേ തൂക്കാറുള്ളു. ഏറ്റവും കുറഞ്ഞ തൂക്കം മാത്രമേ കണക്കാക്കാറുള്ളു. എന്നാൽ എത്രയോ ഭാരമേറിയ ചുമടുകൾ അവർക്കു കയറ്റുകയും ഇറക്കുകയും ചെയ്യേണ്ടിവരുന്നുണ്ട്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽ ഇങ്ങനെ സേവനം അനുഷ്ഠിക്കുന്ന, ഗവണ്മെന്റു അംഗീകാരത്തോടുകൂടി സേവനം അനുഷ്ഠിക്കുന്ന പോർട്ടറന്മാരെ ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടതാണ് പ്രത്യേകം പരിഗണിക്കേണ്ടതാണ്. അന്യ രാജ്യങ്ങളിൽ, ഇങ്ങനെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ സേവനം അനുഷ്ഠിക്കുന്ന കാലപ്പഴക്കം ഉള്ളവരെ, ആരോഗ്യമുള്ളവരെ ഡിപ്പാർട്ടുമെൻറിൽ സ്ഥിരം ജോലിക്കാരായി നിയമിക്കുന്നുണ്ട്. നമ്മുടെ സ്റ്റേററിൽ അങ്ങനെ ചെയ്യുന്നില്ല. ഈ കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്.

സർ, ചില വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന ചില ജില്ലകൾ ഉണ്ട്. കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകൾ. കൊല്ലം ജില്ലയിൽ, ഇപ്പോൾ രണ്ടുമൂന്നു വ്യവസായങ്ങൾ തുടങ്ങിയിട്ടുണ്ട്. ഐസ് പ്ലാൻറ്, പ്രീമോ പൈപ്പു ഫാക്ടറി, മിനറൽസ് എന്നീ വ്യവസായങ്ങൾ എല്ലാംകൂടി കേന്ദ്രീകരിച്ചിട്ട്, തൊഴിലാളികൾക്ക പ്രത്യേകമായി സംരക്ഷണവും, മററു സഹായങ്ങളും നൽകുന്ന വിധത്തിൽ ഒരു ബോർഡുണ്ടാക്കുന്നതു നന്നായിരിക്കും. നീണ്ടകരെ ഒരു തുറമുഖം വരാൻപോകുകയാണ്. അങ്ങനെ വരുമ്പോൾ എല്ലാ തൊഴിലാളികളുടെയും രക്ഷയ്ക്കും, വ്യവസായങ്ങളുടെ അഭിവൃദ്ധിക്കും ഒരു ബോർഡുണ്ടാക്കി പ്രവർത്തിപ്പിക്കുന്നതിന് ലേബർ വകുപ്പു മന്ത്രിയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു. അങ്ങനെ വ്യവസായങ്ങളുടെ നടത്തിപ്പിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാചകം അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. എം. എം. സുന്ദരം :</u> സർ, ഈ കഴിഞ്ഞ നാലു കൊല്ലത്തിനിടയിൽ നമ്മുടെ രാജ്യത്തെ തൊഴിൽ രംഗത്തെ സ്ഥിതി ഏതു നിലയിൽ ഇരിക്കുന്നുവെന്ന് ഇവിടെ പല മെമ്പറന്മാരും പരാമർശിക്കുകയുണ്ടായി. നാലു കൊല്ലത്തിനു മുൻപുണ്ടായിരുന്ന ജീവിതത്തോതു്, ഇന്ന് എത്രയോ താണിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. ഈ ഹൗസിൽതന്നെ തൊഴിലാളികളുടെ നില, കഴിഞ്ഞ നാലുകൊല്ലമായിട്ട് മെച്ചപ്പെട്ട ഒരു സ്ഥിതിയിൽ എത്തിയിട്ടില്ലെന്നു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. തൊഴിലാളികളുടെ സ്ഥിതി കുറച്ചെങ്കിലും മെച്ചപ്പെടുത്താൻ ഈ ഗവണ്മെൻറിനു് സാധിച്ചിട്ടില്ല. ശ്രീ. സി. എം. സ്റ്റീഫൻ പറയുമായിരിക്കും, ഈ ഗവണ്മെൻറിൻെറ കാലത്തു് സമാധാനപരമായ ഒരു തൊഴിൽരംഗം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു്. തൊഴിലാളികൾക്ക സുഖമായിട്ടു ജീവിക്കാനും, നല്ല വേതനം കിട്ടാനും ഇന്നു വ്യവസ്ഥയുണ്ടെന്നും പറയുമായിരിക്കും. പക്ഷേ, യാഥാർത്ഥ്യം അതല്ല. എൻെറ ഓർമ്മ ശരിയാണെങ്കിൽ, രണ്ടു കൊല്ലം മുൻപു് കോട്ടയത്തുവച്ചു് ശ്രീ. സി. എം. സ്റ്റീഫൻെറ I.N.T.U.C. തന്നെ ഒരു ഐ. എൻ. ടി. യു. സി. സമ്മേളനത്തിൽ പ്രമേയം പാസ്സാക്കിയതായി ഞാൻ ഓർക്കുന്നുണ്ട്. ഈ ഗവണ്മെൻറു ഒരു ആൻറി ലേബർ ഗവണ്മെൻറാണ്, മുതലാളിമാരെ സഹായിക്കുന്ന ഗവണ്മെൻറാണെന്നു്. സർ, ഇന്നും അതാണ് സത്യം. സോഷ്യലിസം പ്രസംഗിച്ചുകൊണ്ട് ഇന്നത്തെ ഭരണകക്ഷി നാലുകൊല്ലമായി ഭരണംനടത്തുകയാണ്. പക്ഷേ, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ അനുഭവിച്ചുവരുന്ന ദുരിതങ്ങൾ സർ, സി. പി. യുടെ ഭരണകാലത്തുപോലും അനുഭവപ്പെടാത്ത തരത്തിലുള്ളതാണ്. 12 കൊല്ലത്തിനുമുൻപു് ഐ. എൻ. ടി. യു. സി. പ്രവർത്തകനായിരുന്നതിനുശേഷം തുടർന്നു ട്രെയിഡ് യൂണിയൻ രംഗത്തു് പ്രവർത്തിച്ചുവരുന്ന ഒരാളാണു ഞാൻ. ഇന്നത്തെ സ്ഥിതിയും, അന്നത്തെ സ്ഥിതിയും താരതമ്യം ചെയ്താൽ വലിയ മെച്ചമൊന്നും മൊത്തത്തിൽ തൊഴിലാളികൾക്കും വിശേഷിച്ച് തോട്ടം തൊഴിലാളികൾക്കും ഉണ്ടായിട്ടില്ല. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെൻറും ഈ ഗവണ്മെൻറും സ്വീകരിച്ചുവരുന്ന നയം തെററാണെന്നു് ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ജീവിതനിലവാരം ഇന്നു് എത്രയോ ഉയർന്നിട്ടുണ്ട്. ആ വസ്തുത ഞങ്ങളോടൊപ്പം അപ്പുറത്തിരിക്കുന്നവരും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. 1939—ൽ, 100 പായിൻറ് ആയിരുന്നതു്, 539 മുതൽ, 553 വരെ പായിൻറ് ആയിട്ട് ജീവിതനിലവാരം ഉയർന്നിട്ടുണ്ട്, മററു സ്ഥലങ്ങളിൽ 5 അണയ്ക്കു കിട്ടുന്ന നാളികേരത്തിന് പ്ലാൻറേഷൻ ഏരിയായിൽ പത്തും, പന്ത്രണ്ടും അണ വില കൊടുക്കണം. കപ്പയ്ക്ക് അവിടെ ഒരു റാത്തലിന് മൂന്നണയും, അഞ്ചണയും കൊടുക്കണം,

2/1770/S

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. സുന്ദരം]

അങ്ങനെ ജീവിതച്ചെലവ് 150-ം, 250-ം, പോയിൻറുവരെ വർദ്ധിച്ചിട്ടുണ്ട്. അതനുസരിച്ച് അവരുടെ ശമ്പളം വർദ്ധിപ്പിക്കുകയോ, മിനിമം വേജസ് Revise ചെയ്യുകയോ ചെയ്തിട്ടില്ല. മിനിമംവേജസെങ്കിലും ഒന്നു റിവൈസ് ചെയ്യണമെന്ന് പറയുമ്പോൾ, അഡ്വൈസറി ബോർഡിന്റെ ശുപാർശ പ്രകാരം ഇടക്കാലാശ്വാസം നൽകണമെന്നു പറയുമ്പോൾ, വേജ്ബോർഡിന്റെ തടസ്സം പറഞ്ഞു നടപ്പാക്കാതിരിക്കുകയാണ്. വേജ്ബോർഡിന്റെ തീരുമാനത്തിന് കാത്തിരുന്നാൽ അതുവരെ തൊഴിലാളികൾ ജീവിക്കുന്നതു എങ്ങനെയാണ്? Cost of living ഉയർച്ചയുടെ അടിസ്ഥാനത്തിൽ മിനിമം വേജസ് റിവൈസ് ചെയ്യാൻ ഈ ഗവൺമെൻറ് തയ്യാറാണോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

സർ, അതുപോലെതന്നെ ബോണസ്സിന്റെ കാര്യം. ബോണസ്സിനെ സംബന്ധിച്ച ബോണസ് കമ്മീഷൻ ഒരു റിപ്പോർട്ട സമർപ്പിച്ചിട്ടുണ്ട്. അതു ഇപ്പോൾ നടപ്പാക്കാൻ പോകുന്നില്ല എന്നൊരു സൂചന കേന്ദ്ര ഗവൺമെൻറിൽ നിന്നു വന്നുകഴിഞ്ഞിരിക്കുകയാണ്. പ്ലാന്റേഷൻ തൊഴിലാളികൾക്ക ബോണസ്സിന്റെ കാര്യത്തിൽ യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. കാരണം പ്ലാന്റേഷൻ ഉടമകളിൽ അവരുടെ പല കമ്പനികളും ശരിയായ കണക്കുകൾ മുഴുവൻ കൊടുക്കാറില്ല, ആ നിലയ്ക്ക് ഇന്നത്തെ തോട്ടം തൊഴിലാളികൾക്ക ന്യായമായി കിട്ടേണ്ട ബോണസ് കിട്ടുകയില്ലെന്നുമാത്രമല്ല ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ബോണസുതന്നെ കിട്ടുമോ എന്നകാര്യവും സംശയമാണ്. അതുപോലെ തൊഴിലാളികളുടെ സ്ഥിതിഗതികൾക്കനുസരണമായി എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടോ? സർ, A.I.T.U.C. തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കവേണ്ടി സമരം ആരംഭിക്കാൻ പോകുന്നു എന്നു പറഞ്ഞപ്പോൾ ശ്രീ. സ്റ്റീഫൻ അതിനെ വിമർശിക്കുന്നതു കേട്ടു. ഒരു തൊഴിലാളി നേതാവായ അദ്ദേഹം അങ്ങനെ ചെയ്യുതിൽ ഖേദമുണ്ട്. മുണ്ടക്കയത്തു ഇന്നലെ കൂടിയ ഐ എൻ. ടി. യു. സി., എ. ഐ. ടി. യു. സി., യു. ടി. യു. സി. തുടങ്ങിയ യൂണിയനുകൾ എല്ലാംചേർന്ന് അതിനുവേണ്ടി സമരം ചെയ്യണമെന്ന് ഒരു തീരുമാനം എടുത്തിരിക്കുകയാണ്. തൊഴിലാളി വർഗ്ഗം ന്യായമായി ഉന്നയിച്ചിരിക്കുന്ന ഡിമാൻഡുകൾക്ക് ഒരു പരിഹാരം കാണാൻ ഈ ഗവൺമെൻറു തയ്യാറുണ്ടോ എന്നാണ ഞാൻ ചോദിക്കുന്നതു്. സർ, ഇന്നു പ്ലാന്റേഷൻ തൊഴിലാളികൾക്കവേണ്ടി കാര്യമായിട്ടെന്തെങ്കിലും ചെയ്തിട്ടുണ്ടോ? തൊഴിൽത്തർക്കങ്ങൾ ഉണ്ടായാൽ, തീരുമാനം ഉണ്ടാകാതെ ആർബിട്രേഷനോ, കാൺസിലിയേഷനോ വിട്ടാൽ അതിന്മേൽ നടപടി പൂർത്തിയായാൽ അതു യഥാകാലം നടപ്പാക്കാൻ ഗവൺമെൻറു ശ്രദ്ധിക്കുന്നില്ല. വ്യവസ്ഥകൾ നടപ്പാക്കാത്ത മുതലാളിമാരുടെ പേരിൽ നടപടി സ്വീകരിക്കുന്നില്ല. പ്ലാന്റേഷൻ തൊഴിലാളികളുടെ ഹൗസിംഗ് സ്കീം നടപ്പാക്കിയിട്ടില്ല, അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ ആവശ്യമുള്ള സ്കൂളുകൾ ഇല്ല, വൈദ്യസഹായത്തിനു ആശുപത്രികൾ ഇല്ല. അവക്ക തൊഴിൽ സൗകര്യം കൂടുതൽ ലഭിക്കുന്നില്ല. മുൻപു 8 മണിക്കൂർ ജോലി ചെയ്യിരുന്നതിനുപകരം ഇപ്പോൾ പത്തും പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യണം. പകുതി ശമ്പളത്തിൽ ജോലി ചെയ്യുന്ന സമ്പ്രദായവും ഇന്നു നിലവിലുണ്ട്.

സർ, ഇനി കാർഡമം പ്ലാന്റേഷനെപ്പററിയാണ പറയാനുള്ളതു്. കാഡമം മുളകുവള്ളിപോലെ പടർന്നുപിടിക്കുന്നതല്ല ആ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവക്ക് ഇന്നു മിനിമം വേജോ, ബോണസ്സോ കിട്ടുന്നില്ല. ഇന്നും അവരുടെ കൂലി എട്ടണയോ, പന്ത്രണ്ടണയോ ആണ്. മററു യാതൊരു ആനുകൂല്യങ്ങളും കിട്ടുന്നില്ല. വേജ് ബോർഡു ഉണ്ടാക്കാമെന്ന് 4 കൊല്ലം കൊണ്ട് മന്ത്രി പറയുന്നതല്ലാതെ ഇതുവരെ വേജ് ബോർഡ് ഉണ്ടായിട്ടില്ല. തൊഴിൽ രംഗത്തു് അഡ്ജൂഡിക്കേഷൻ അവാർഡുകളും, ആർബിട്രേഷൻ അവാർഡുകളും ഐ. ആർ. സി എഗ്രിമെൻറുകളും നടപ്പാക്കാത്ത ഒരു സ്ഥിതിവിശേഷമാണ ഉള്ളതു്. വ്യവസായികൾക്ക ഇഷ്ടമുണ്ടെങ്കിൽ അവ നടപ്പാക്കും അല്ലെങ്കിൽ തള്ളിക്കളയും എന്ന ഒരു സമ്പ്രദായമാണ് സ്വീകരിച്ചിരിക്കുന്നതു്. ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുള്ള കാര്യങ്ങൾ നേടാനും തൊഴിലാളികൾ സമരം നടത്തേണ്ടതായിട്ടാണിരിക്കുന്നതു്. പ്ലാന്റേഷൻ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, തൊഴിൽ രംഗവും, വ്യവസായരംഗവും ശാന്തമായിരിക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ അതു തീരെ വിലയില്ലാത്ത ഒരു പ്രസ്താവനയാണെന്നേ കരുതാൻ തരമുള്ളു. എമർജൻസിയെ ഉപയോഗപ്പെടുത്തിക്കൊണ്ടു് തൊഴിലാളികളെ എത്രത്തോളം കഷ്ടപ്പെടുത്താൻ കഴിയുമോ അത്രത്തോളം വിഷമിപ്പിക്കുകയാണു്. സർക്കാർ ചെയ്യേണ്ടതു സർക്കാരും, മുതലാളിമാർ ചെയ്യേണ്ടതു അവരും ചെയ്യാതിരിക്കുകയാണെങ്കിൽ എങ്ങനെയാണു് തൊഴിൽരംഗത്തു സമാധാനം ഉണ്ടാകുക? തൊഴിലാളിവർഗ്ഗത്തോടു സമരംചെയ്തു ജയിക്കാൻ തയ്യാറാണെങ്കിൽ അതിനു തയ്യാറായിരുന്നുകൊള്ളാൻ ഞാൻ ഗവണ്മെന്റിനെ വെല്ലുവിളിക്കുകയാണു്. തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള ഡിമാൻഡുകൾ വളരെ വിലയേറിയതാണു്, അവർ അതു സാധിച്ചെടുക്കുകയും ചെയ്യും.

സർ, ഇവിടെ ഈ മന്ത്രിമാരുടെ ആവശ്യം എന്താണു്? അവർ ഇവിടെ എന്താണു് ചെയ്യുന്നതു്? തൊഴിലാളികളുടെ നിരന്തരപ്രശ്നങ്ങളെപ്പറ്റി അവർ ചിന്തിക്കാറുണ്ടോ, അതിനു പരിഹാരം കാണാറുണ്ടോ? ഇവിടെ ഒരു എക്സ് മിനിസ്റ്റർ ജാതിയുടെ പേരുംപറഞ്ഞു് നടക്കുകയാണു്. അതിനെ ഡിഫൻസ് ചെയ്യാനായി 'ഞാനൊരു ഈഴവനാണെന്നു' പറഞ്ഞു് ചീഫ് മിനിസ്റ്റർ കഴിയുന്നു. പാവപ്പെട്ട ലേബർ മിനിസ്റ്റർ അങ്ങോട്ടുമിങ്ങോട്ടും അല്ലാത്ത വിധത്തിൽ നടക്കുകയാണു്. ഇതൊക്കെ കാണുമ്പോൾ കേരളം ഒരു ജാതി ഭ്രാന്താലയമാണെന്നു മുൻപു ശ്രീ വിവേകാനന്ദൻ പറഞ്ഞതു് ശരിയാണെന്നു തോന്നിപ്പോകുന്നു. സർ, ഈ ധനാഭ്യർത്ഥനയെ ഒരു കാരണവശാലും അനുകൂലിക്കാൻ നിവൃത്തിയില്ല. ഞാൻ ഇതിനെ സർവ്വശക്തിയും ഉപയോഗിച്ചു എതിർക്കുകയാണു്.

[Mr. Speaker in the Chair]

ശ്രീ. സി. എം. സ്റ്റീഫൻ: മി. സ്പീക്കർ സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണു്. ഒരു വർഷത്തെ തൊഴിൽ വകുപ്പിന്റെ ഭരണവും തൊഴിൽ നയത്തിന്റെ നടപ്പിലാക്കലും എത്ര കണ്ടു വിജയിച്ചിട്ടുണ്ടെന്നുള്ളതിന്റെ ഒരു വിലയിരുത്തൽ നടത്തുന്നതു നിരവധി തൊഴിൽ പ്രശ്നം ഉണ്ടായിട്ടുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആകരുതെന്നു എനിക്കഭിപ്രായമുണ്ടു്. തൊഴിൽ നയം നമ്മുടെ രാജ്യത്തെ ആവശ്യമായ സാമ്പത്തിക രാഷ്ട്രീയ പശ്ചാത്തലത്തിൽ ഒരു പ്രാദേശിക നയം മാത്രമല്ല, ഒരു പ്രവിശ്യാ നയം മാത്രമല്ല, ഒരു ദേശീയ നയം കൂടിയാണു്. ആ ദേശീയ നയം ഇൻഡ്യയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പതിനഞ്ചു വർഷക്കാലമായി വ്യക്തമായിട്ടുള്ള പാതയിൽ കൂടി, അതിന്റെ ഘട്ടങ്ങളിൽ കൂടി നീങ്ങിക്കൊണ്ടിരിക്കുകയാണു്. ആ ദേശീയനയം നടപ്പിൽ വരുത്തുന്ന കാര്യത്തിൽ കേരള സർക്കാരിനു എന്തു ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്രകണ്ടു വിജയിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതും അടിസ്ഥാനമാക്കിയായിരിക്കണം ഈ വിലയിരുത്തലിന്റെ മാനദണ്ഡം നിർണ്ണയിക്കുവാൻ എന്നാണു് എന്റെ വിനീതമായ അപേക്ഷ. എ. ഐ. ടി. യു. സി. യുടെ പ്രവർത്തനത്തെ സംബന്ധിച്ചു എന്റെ സ്നേഹിതൻ ശ്രീ. ബാലചന്ദ്രമേനോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആമുഖത്തിൽ പറയുകയുണ്ടായി. എ. ഐ. ടി. യു. സി. സംഘടന ഒരു തൊഴിൽ സംഘടന എന്ന നിലയിൽ വളരെ പഴക്കവും തഴക്കവും ഉള്ള സംഘടനയാണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. പക്ഷേ പണ്ഡിറ്റു ജവഹർലാൽ നെഹ്റുവിന്റെ ലക്ഷ്യവും ലാലാലജപത്റായിയുടെ ഒസ്യത്തും ഇവർക്കു അവകാശപ്പെടാമോ എന്നുള്ള കാര്യം ആത്മാർത്ഥമായി ആലോചിച്ചു പറയണം. നമ്മുടെ തൊഴിൽ നയത്തെ സംബന്ധിച്ചാണു് പറയുന്നതു്. തൊഴിലാളികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചാണു് പറയുന്നതു്. 1947 വരെ നമ്മുടെ രാജ്യത്തെ തൊഴിലാളികളുടെ കർത്തവ്യങ്ങളും അവരുടെ കാഴ്ചപ്പാടുകളും 1947-നു ശേഷമുള്ള തൊഴിലാളികളുടേതിൽ നിന്നും ഭിന്നമായിരുന്നു. അന്നു നമ്മുടെ രാജ്യം ഭരിച്ചിരുന്നതു് ഒരു വിദേശ ഗവണ്മെന്റാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആ ഗവണ്മെന്റിന്റെ നയങ്ങളും ലക്ഷ്യങ്ങളും ഈ രാജ്യത്തെ ജനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. സ്റ്റീഫൻ]

ളുടെ ആവശ്യത്തിനുള്ളതല്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മററു രാഷ്ട്രീയ പ്രശ്നങ്ങളെപ്പോലെതന്നെ തൊഴിൽപ്രശ്നങ്ങളേയും പരിഗണിച്ചിരുന്നു. അന്നു തൊഴിലാളികൾക്കുണ്ടായിരുന്ന ഡിമാൻറു കൂലി കൂടുതൽ കിട്ടുന്നതിനും ബോണസ് കൂടുതൽ കിട്ടുന്നതിനും മാത്രം വേണ്ടിയുള്ളതായിരുന്നില്ല. ഒരു രാഷ്ട്രീയസമരത്തിന്റെ ഭാഗംഎന്നുള്ള നിലയിൽ പ്രവർത്തിച്ച എന്നുള്ളതാണ് ആ കാലഘട്ടത്തിന്റെ പ്രത്യേകത. സമരം സർവ്വപ്രധാനമായിരുന്നു. അങ്ങിങ്ങുമായി ഭിന്നിച്ചുകിടന്ന തൊഴിലാളി സംഘടനയെ തൊഴിലാളിവർഗ്ഗം എന്നുള്ള നിലയിൽ സംഘടിപ്പിക്കുവാനും വർഗ്ഗബോധത്തിനുമപ്പുറം വർഗ്ഗസമരത്തിനുള്ള പ്രാപ്തിയുണ്ടാക്കിക്കൊണ്ട് രാഷ്ട്രീയ രംഗത്തു അണിനിരക്കുകഎന്നുള്ളതു ട്രേഡ്‌യൂണിയൻ തത്വമായി അംഗീകരിച്ചിരുന്നു. 1947 നു ശേഷം ആ സ്ഥിതിമാറിയിട്ടുണ്ട്. ജനങ്ങളുടേതായ ഒരു ഗവണ്മെൻറു നിലവിൽ വന്നു. ആ ഗവണ്മെൻറ് നിലവിൽ വന്നു കഴിഞ്ഞപ്പോൾ തൊഴിലാളി യൂണിയനുകളുടെ കർത്തവ്യങ്ങളും ലക്ഷ്യങ്ങളും മാറേണ്ടതായി വന്നിട്ടുണ്ട്, ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ ജനപ്രതിനിധികൾ ഗവണ്മെൻറായി വരികയും ആ നീക്കം സോഷ്യലിസത്തിലേക്കുള്ള ലക്ഷ്യമാണെന്നു ആത്മാർത്ഥമായി അംഗീകരിക്കുകയും ചെയ്തതോടുകൂടി തൊഴിലാളികളുടെ കാഴ്ചപ്പാടിലും നിലപാടിലും മൗലികമായ മാററങ്ങൾ വന്നിട്ടുണ്ട്. ഇന്നു നമ്മുടെ രാജ്യത്തെ ലക്ഷ്യം സോഷ്യലിസ്ററു വ്യവസ്ഥിതിയായി അംഗീകരിച്ചിട്ടുണ്ട്. ജനാധിപത്യ മാർഗ്ഗങ്ങളിൽ കൂടി ഈ ലക്ഷ്യം, സോഷ്യലിസം, കൈവരുത്തുവാൻ സാധിക്കുമെന്നുള്ള വിശ്വാസം അവർക്കുണ്ട്. തൊഴിലാളികൾ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒന്നടങ്കം സംഘടിക്കുന്നുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറിന്റെ വിലയിരുത്തൽ ശരിയല്ല. പതിനഞ്ചുകൊല്ലക്കാലത്തിനകം ഇൻഡ്യാ ഗവണ്മെൻറിനു വളരെയധികം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ രാജ്യത്തെ തൊഴിലാളികളുടെനേക്കുള്ള ഗവണ്മെൻറിന്റെ നയം വിജയിച്ചിട്ടുണ്ട്. അതുകൊണ്ട് ഇന്നലെവരെയുള്ള അനുഭവമല്ല ഇന്നു നമ്മുടെ തൊഴിൽ വർഗ്ഗത്തിനുണ്ടാകേണ്ടതു്. ഈ പശ്ചാത്തലത്തിൽ നാം മൂന്നു കാര്യങ്ങൾ ചെയ്യാനുണ്ട്. ഒന്ന് മനപ്പൂർവ്വമായി ചില ഡിമാൻറുകളും അവകാശങ്ങളും തൊഴിലാളികൾ ദിവസം തോറും നൽകിക്കൊണ്ടിരിക്കുകയാണെങ്കിലും നിയന്ത്രിതമായ വിലയ്ക്കു കൺസ്യൂമേഴ്സ് ഗുഡ്സ് അവർക്ക് ലഭിക്കുന്നതിനു സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതല പ്രാഥമികമായും ഗവണ്മെൻറിനുണ്ട്. രണ്ട് കഴിഞ്ഞ കാലങ്ങളിലെ മുരടിച്ച മനോഭാവം മാനേജുമെൻറുകളുടേതു മാററിയിട്ടു അവരുടെ സമീപനത്തിൽ അയവുവരുത്തിക്കൊണ്ടു ഈ കടുംപിടിത്തത്തിൽ നിന്നും മാറി തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ടു സോഷ്യലിസ്ററു പാറേറണിലേയ്ക്കു നീങ്ങുന്നതിനു മാനേജുമെൻറുകളെ ബാധ്യസ്ഥരാക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ട്. മൂന്ന് തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേററിക്കൊടുക്കുന്നതിൽ വല്ല തടസ്സങ്ങളും പ്രതിബന്ധങ്ങളും മാനേജുമെൻറുകളോ ഉടമകളോ കാണിക്കുന്നുണ്ടെങ്കിൽ അവരെ രംഗത്തുനിന്നും നീക്കുന്നതിനു എഫിഷ്യൻറായി പ്രവർത്തിക്കേണ്ട ചുതലയും ഗവണ്മെൻറിനുണ്ട്. ഈ കർത്തവ്യങ്ങൾ നിറവേററുന്ന ഒരു സോഷ്യലിസ്ററു നയം ഗവണ്മെൻറിനുണ്ടായിരിക്കേണ്ടതു ഈ ഘട്ടത്തിൽ അത്യാവശ്യമാണ്. ആ ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് പല നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവണ്മെൻറിന്റെ ഇന്നത്തെ നയം തൊഴിൽ പ്രശ്നം സ്ററാററ്യൂട്ടറിയായിരിക്കണമെങ്കിൽ തൊഴിലാളികളുടെ മനോഭാവത്തിൽ മാററം വരുത്തണമെന്നാണ് എനിക്കുപറയുവാനുള്ളതു്. യഥാർത്ഥ ആക്രമണങ്ങൾകൊണ്ടോ അതുപോലെയുള്ള പ്രവർത്തനങ്ങൾ കൊണ്ടോ തൊഴിൽ പ്രശ്നം പരിഹരിക്കാൻ സാധ്യമല്ല, തൊഴിൽ നയം മാറുമ്പോൾ, ഭരണം മാറുമ്പോൾ, നൈനിററാൾ കോഡ് ഓഫ് കാൺഡക്റ്റ് അനുസരിച്ച ഐ. ആർ. കമ്മിററി ലേബർ കൗൺസിലിൽ കൂടി ഒരു തീരുമാനം ചെയ്തു. ആ വിധത്തിലുള്ള ഒരു കാഴ്ചപ്പാടാണ് മുതലാളി വർഗ്ഗത്തിന്റെയും തൊഴിലാളിവർഗ്ഗത്തിന്റെയും ഇടയിൽ നാം കാണുന്നതു്. 1962–ലാണ് ഇൻഡസ്ട്രിയൽ നിയമം നാം പാസ്സാക്കിയതു് മുതലാളി ഉടമകളും ട്രേഡ് യൂണിയൻ കക്ഷികളും തമ്മിലുള്ള ബന്ധമാണ് അതിൽ പ്രധാനമായും ഉദ്ദേശിച്ചിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. അതു കഴിഞ്ഞതിനുശേഷം ഇപ്പോൾ ഒന്നരക്കൊല്ലം കഴിഞ്ഞിരിക്കുന്നു. അതു എന്തുകൊണ്ടു് പ്രാവർത്തികമാക്കി എന്നുള്ളതാണു് പരിഗണനാർഹമായ വസ്തുത. ഐ. എൻ. ടി. യു. സി. തൊഴിലാളികൾ അവരുടെ ചുമതലകളും കടമകളും കർത്തവ്യങ്ങളും നിറവേററപ്പെടുന്നവരാണെന്നു ഞാൻ അവകാശപ്പെടുകയാണു്. തൊഴിലാളി വർഗ്ഗത്തിന്റെ ഇടയിൽ ഏതെങ്കിലും പ്രശ്നം വരികയാണെങ്കിൽ അതു ആർബിട്രേഷനുവിടുന്നതിനു മുതലാളിമാരെക്കാൾ ഇവർ താല്പര്യം കാണിക്കുന്നുണ്ടു്. പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിലും അവർ തയ്യാറായി വരുന്നുണ്ടു്. ബഡ്ജററു പ്രസംഗത്തിന്റെ ചർച്ചാവേളയിലും ഞാൻ ഈ കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അടിയന്തിരാവസ്ഥയിൽ ആർബിട്രേഷനു സമ്മതം തരുന്ന കാര്യത്തിൽ ഉല്പാദനം വർദ്ധിപ്പിക്കേണ്ട കാര്യത്തിൽ എപ്പോഴും തന്നെ മുതലാളിമാരെക്കാൾ കൂടുതൽ താല്പര്യം കാണിക്കുന്നതു ഈ തൊഴിലാളി വർഗ്ഗമാണെന്നു അഭിമാനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. ഈ ഒന്നരവർഷക്കാലമായി ആർബിട്രേഷൻ മൂലം തീരുമാനമെടുത്ത കേസുകൾ 14 ആണു്, ബാക്കിയുള്ളവ അഡ്ജൂഡിക്കേഷനു വിട്ടുകൊടുത്തിരിക്കുകയാണു്. എന്നു മാത്രമല്ല നിർബ്ബന്ധമായിട്ടു അവർ സമ്മതിക്കുന്നതായിട്ടാണു് വ്യവസ്ഥ 'Should be referred to Arbitration' ഇതുപോലുള്ള കേസുകളിൽ ഇങ്ങനെ റഫർ ചെയ്തിട്ടുണ്ടു്. അതുപോലെ തന്നെ ലേബർ കൗൺസിൽ ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. വില വർദ്ധനവു ഉണ്ടാകുകയാണെങ്കിൽ അതിനു പരിഹാരമായി കൺസ്യൂമേഴ്സ് സ്റ്റോഴ്സ് ആരംഭിക്കണം. ചില ഫാക്ടറികളിലെല്ലാം കോവാപ്പറേറീവ് സൊസൈററികൾ ആരംഭിച്ചിട്ടുണ്ടെന്നുള്ളതു സമ്മതിക്കുന്നു. മൗലികമായ ബാധ്യതകൾ നിറവേററുവാൻ മാനേജ്മെൻറുകളെ നിർബന്ധിക്കണം. റിട്രഞ്ച്മെൻറു കോംപെൻസേഷൻ കൊടുക്കണം. അല്ലാത്തപക്ഷം പല സ്ഥലത്തും അപകടങ്ങൾ നിഴലിക്കും. കാസ്ററു ഓഫ് ലിവിംഗ് ഇൻഡക്സ് വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശമ്പളത്തോടൊപ്പം ഡി. ഏ. വർദ്ധിക്കാത്ത കാരണം തൊഴിലാളികൾ ജീവിതരംഗത്തു് ശ്വാസം മുട്ടുകയാണു്. തൊഴിലാളികൾ സോഷ്യലിസ്ററു ക്ഷേമരാഷ്ട്രത്തിനുവേണ്ടി പ്രവർത്തിക്കുന്നതു് അവരുടെ ബലഹീനതയാണെന്നു് വിചാരിക്കരുതു്. സോഷ്യലിസ്ററുപാറേറൺ നടപ്പിലാക്കുന്നതിൽ മുതലാളിമാരേക്കാൾ കൂടുതൽ ആഗ്രഹം തൊഴിലാളി വർഗ്ഗത്തിനാണെന്നുള്ള കാര്യം കണക്കിലെടുക്കണമെന്നും അങ്ങനെ അതിനു അടിത്തറയായി നിൽക്കുന്ന അവരുടെ മേൽ കൂടുതൽ കൂടുതൽ ഭാരം വലിച്ചുവെയ്ക്കുന്നതു് നല്ലതല്ലെന്നും ഞാൻ ഓർമ്മപ്പെടുത്തുകയാണു്. ശ്രീ. ബാലചന്ദ്രമേനോനോടു് ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണു്. അതായതു് ഏ. ഐ. ടി. യു. സി. മുന്നോട്ടുവച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങളും മുദ്രാവാക്യങ്ങളും സ്വീകരിക്കാൻ നിവൃത്തിയില്ല. അവക്കു് തൊഴിലാളികളുടെ ആവശ്യത്തിനുവേണ്ടിയുള്ള മുദ്രാവാക്യം ഇല്ല. അവർ പറയുന്നു കൂലിവർദ്ധിപ്പിക്കണമെന്നും, അതേസമയം സാധനങ്ങളുടെ വിലകുറയ്ക്കണമെന്നും. ഞാൻ ഇതിനെ സംബന്ധിച്ചു് ബഡ്ജററിനെക്കുറിച്ചു് പ്രസംഗിച്ച അവസരത്തിൽ പരാമർശിച്ചിട്ടുണ്ടു്. തൊഴിലാളികൾക്കു് കൂലിവർദ്ധിപ്പിക്കുകയും അതേസമയം സാധനങ്ങളുടെ വില കുറയ്ക്കുകയും ചെയ്യണമെന്നുള്ള കാര്യം നടപ്പിൽ വരുത്താൻ സാധിക്കുകയില്ല. ഈ രാജ്യത്തെ തൊഴിലാളികളുടെ കൂലി 25 ശതമാനം വർദ്ധിപ്പിച്ചുകഴിഞ്ഞാൽ സാധനങ്ങളുടെ ഉൽപാദനത്തിന്റെ വിലയും വർദ്ധിക്കുന്നതാണു്. അതുകൊണ്ടു് ഇതു് രണ്ടുംകൂടി ഒന്നിച്ചു് സാധിക്കുകയില്ല. ആ നിലയിൽ 25 ശതമാനം കൂലി വർദ്ധിപ്പിക്കാൻ സാധിക്കുമോ? ഇത്തരത്തിലുള്ള ഒരു മുദ്രാവാക്യമാണു് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്ററുപാർട്ടിയുടെ പ്രകടനപത്രികയിൽ സ്വീകരിച്ചിരുന്നതു്. മുദ്രാവാക്യം സ്വീകാര്യമായിരിക്കാം, ഫലം ഉണ്ടായിരിക്കാം. പക്ഷേ ആ മുദ്രാവാക്യം നടപ്പിലാക്കാൻ കഴിയുന്നതായിരിക്കണം. ഇതു് നടപ്പിലാക്കാൻ കഴിയുമോ? എന്നാൽ ഐ. എൻ. ടി. യു. സി. ആവശ്യപ്പെട്ടിട്ടുള്ളതാണെങ്കിൽ തൊഴിലാളികൾക്കു് ന്യായമായവിലയ്ക്കു് സാധനങ്ങൾ വാങ്ങാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കണമെന്നുള്ളതാണു്. അതിനു് കൺസ്യൂമേഴ്സ് സ്റ്റോറുകൾ സ്ഥാപിച്ചു് അതിൽ കൂടി തൊഴിലാളികൾക്കു് നിയന്ത്രിതവിലയ്ക്കു് സാധനങ്ങൾ കൊടുക്കണമെന്നുമാണു്. അങ്ങനെ നിയന്ത്രിതവിലയ്ക്കു് സാധന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. സ്റ്റീഫൻ]

ങ്ങൾക്കു കൊടുക്കാൻ സാധിക്കണമെങ്കിൽ മാനേജ്മെൻറു സബ്സിഡി കൊടുക്കണം; ഗവണ്മെൻറു സബ്സിഡി കൊടുക്കണം. ആവശ്യമായ കോഓപ്പറേറ്റീവ് സ്റ്റോറുകളല്ല, കൺസ്യൂമേഴ്സ് സ്റ്റോറുകളാണ് സ്ഥാപിക്കേണ്ടതു്. എല്ലാ ഫാക്ടറികളിലും കൺസ്യൂമേഴ്സ് സ്റ്റോറുകൾ സ്ഥാപിച്ച് അതുവഴി തൊഴിലാളികൾക്ക് വാങ്ങാവുന്ന വിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യണം. എൻെറ ഓർമ്മ ശരിയാണെങ്കിൽ കേന്ദ്ര ഗവണ്മെൻറു ഇതിനുവേണ്ടി ഒരു ലെജിസ്ലേഷൻ തന്നെ ആരംഭിച്ചിരിക്കുന്നു. ഇതുമാത്രമാണ് തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ മുഖ്യമായ മാർഗ്ഗം. കർഷകൻ ഉൽപാദിപ്പിക്കുന്ന സാധനങ്ങളുടെ വില വർദ്ധിക്കണം. തൊഴിലാളികളുടേയും കർഷകൻെറയും പ്രശ്നങ്ങൾ ഒരു ദേശീയ പ്രശ്നമായി എങ്ങനെ മാറും. ബാങ്ക് ദേശവൽക്കരിക്കണമെന്നും, എണ്ണ ഖനികൾ ദേശവൽക്കരിക്കണമെന്നുമെല്ലാം പറയുന്നതിൽ ആർക്കും ആക്ഷേപമില്ല.

<u>ശ്രീ. പി. ബാലചന്ദ്രമേനോൻ:</u> തൊഴിലാളികൾ ഒരു ദേശീയാവശ്യത്തിനുവേണ്ടി സമരം ചെയ്യാൻ തയാറാണ്. ഈ രാജ്യത്തുള്ള എല്ലാവരുടേയും ആവശ്യങ്ങളും അവകാശങ്ങളും രണ്ടു കാഴ്ചപ്പാടിൽ കൂടി കാണുന്നതു് ശരിയാണോ ?

<u>ശ്രീ. സി. എം. സ്റ്റീഫൻ:</u> അതാണ് ഞാൻ പറഞ്ഞതു്; ഐ. എൻ. ടി. യു. സി. യും; എ. ഐ. ടി. യു. സി. യും തമ്മിൽ കാഴ്ചപ്പാടിൽ വ്യത്യാസമുണ്ട്. ഈ രാജ്യത്തു് സോഷ്യലിസ്റ്റു വ്യവസ്ഥിതി കൈവരുത്തുന്നതിനുവേണ്ടി തൊഴിലാളികളെ ഈ രംഗത്തേയ്ക്കു് കൊണ്ടുവരുകയാണ് ഐ. എൻ. ടി. യു. സിയുടെ കാഴ്ചപ്പാട്. അവർ രാഷ്ട്രീയസമരത്തിനുവേണ്ടി തായാറാകുകയില്ല. നേരെമറിച്ച് എ. ഐ. ടി. യു. സി. യുടെ കാഴ്ചപ്പാട് ബാങ്ക് ദേശവൽക്കരിക്കുക, എണ്ണഖനിദേശവൽക്കരിക്കുക മുതലായവയാണ്. ഈ ദേശവൽക്കരണം എന്നുള്ള പൊതുതത്വം നടപ്പിലാക്കുന്നതിന് സാധിക്കുമോ ? ഞങ്ങൾ ഈ പൊതുതത്വം അംഗീകരിച്ചിട്ടുണ്ടെങ്കിലും അതു് നടപ്പിലാക്കണമോ വേണ്ടയോ എന്നുള്ള കാര്യത്തിൽ ഒരു തീരുമാനം എടുത്തിട്ടില്ല. നേരായ മാർഗ്ഗത്തിൽക്കൂടി തൊഴിൽ നയം ആവിഷ്കരിക്കുകയെന്നുള്ള ഒരു നയമാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളതു്. അല്ലാതെ ബാങ്ക് ദേശവൽക്കരിക്കുന്നതിന് തൊഴിലാളികൾ സമരം ചെയ്യണമെന്നോ, സമരം ചെയ്തു കാര്യങ്ങൾ നേടിയെടുക്കണമെന്നോ ആവശ്യപ്പെട്ടിട്ടില്ല. അങ്ങനെ സമരം ചെയ്യുന്നതിന് ഐ. എൻ. ടി. യു. സി. തയാറുമല്ല. മാത്രമല്ല തൊഴിലാളികളെ സംബന്ധിച്ച് അവർക്ക് കൂലി കൂടുതൽ കൊടുക്കുകയോ, കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിച്ച് അവയിൽ കൂടി തൊഴിലാളികൾക്ക് വാങ്ങാവുന്ന വിലയ്ക്കു സാധനങ്ങൾ വിതരണം ചെയ്യുകയോ ചെയ്യണമെന്നു മാത്രമേയുള്ളൂ. അതിനുവേണ്ടി സമരം ചെയ്യാൻ ഞങ്ങൾ തയാറാണ്. പക്ഷേ അതിൻെറ പേരിലുള്ള മുദ്രാവാക്യം, അതു് കഴിഞ്ഞു് സൂചനാ പണിമുടക്ക്, അതു് കഴിഞ്ഞു് നിരാഹാര സത്യാഗ്രഹം, അതു് കഴിഞ്ഞു് ഹർത്താൽ ഈ രീതിയിലാണ് പോകുന്നതു്. അതിന് അടിസ്ഥാനപ്രമാണമായിട്ടുള്ളതാണ് ഇൻഡസ്ട്രിയൽ ട്രൂസ് റസല്യൂഷൻ. ഇതു് ഇൻഡസ്ട്രിയൽ നിലനിൽക്കുന്നിടത്തോളം കാലം, അടിയന്തിരാവസ്ഥയെ സ്ക്രേപ്പ് ചെയ്യാത്തപക്ഷം ഇതു് ആവർത്തിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്, തൊഴിലാളികൾ ബാദ്ധ്യസ്ഥരാണ് അതിനുവേണ്ടി ഞങ്ങൾ ഗവണ്മെൻറിനോട് സമ്മർദ്ദം ചെലുത്തുകയും ചെയ്യും, നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യും.

ഇന്നു് കമ്മ്യൂണിസ്റ്റു പാർട്ടിയ്ക്കുള്ളിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. അതു് തീവ്രവാദികളും, ഡാങ്കേവാദികളും തമ്മിലാണ്. അടിയന്തിരാവസ്ഥ ഇവിടെ പ്രഖ്യാപിച്ചപ്പോൾ തീവ്രവാദികളുടേയും ഡാങ്കേവാദികളുടേയും ഒരു യോഗം പഴവങ്ങാടിയിൽ കൂടിയപ്പോൾ ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് അവിടെ വെച്ച് ഇങ്ങനെ പ്രസംഗിക്കുകയുണ്ടായി. അതായതു് ചൈനയുടെ ആക്രമണത്തിനെതിരായി ഒരു ദേശീയസമരം അഴിച്ചുവിടുമെന്നും, സാധനങ്ങളുടെ വില കൂടുമെന്നും, അതുകൊണ്ട് കൂലി കൂടുതൽ ആവശ്യപ്പെടണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. തീവ്രവാദികളായ ഇവർ തൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിക്കാൻ തയാറില്ല. ഈ രാജ്യത്തുള്ള ജനങ്ങൾ ഒട്ടാകെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ തയാറാകുന്നില്ല. അതിനാവശ്യമായ മുദ്രാവാക്യം ഇല്ല. ഞങ്ങൾ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതിന്റേതായ മുദ്രാവാക്യം സ്വീകരിച്ചിട്ടുണ്ട്. ആ മുദ്രാവാക്യം മുന്നോട്ടുവെച്ച് അതിനെ അടിസ്ഥാനമാക്കി പാർലമെന്റിൽക്കൂടി, നിയമസഭയിൽക്കൂടി, ജനപ്രതിനിധികളായ ഞങ്ങൾ, ഗവണ്മെന്റിന്റെ മേൽ സമ്മർദ്ദം ചെലുത്തി പരിഹാരങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കും. ഗാന്ധിജി വിഭാവനം ചെയ്ത മാർഗ്ഗമാണ് അത്. മാത്രമല്ല ഇൻഡസ്ട്രീയൽ ട്രസ്റ്റ് റസല്യൂഷൻ പറഞ്ഞിട്ടുള്ളത് പ്രാവർത്തികത്തിൽ കൊണ്ടുവരാൻ സാധിക്കും. അതുകൊണ്ട് വ്യക്തമായി ഞാൻ പറയുകയാണ് തൊഴിലാളികളെ രാഷ്ട്രീയ സമരത്തിന്റെ പിന്നിലേക്ക് തള്ളിവിട്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കരുതെന്ന്. ലേബർ മന്ത്രിയുടെ മുന്നിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ നിരത്തിവെച്ച് അതിൽ കൂടി അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്.

അടുത്തതായി എനിക്ക് പറയുവാനുള്ളത് നമ്മുടെ രാജ്യത്തുള്ള കശുവണ്ടി വ്യവസായത്തെ സംബന്ധിച്ചാണ്. ഇന്ന് കശുവണ്ടി വ്യവസായത്തിന് വളരെയധികം ദുർഘടം പിടിച്ച ഒരു അവസ്ഥയാണുള്ളത്. കശുവണ്ടി തൊഴിലാളികൾക്ക് ഡി. എ. ലഭിക്കുന്നില്ല. കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് 539 പോയിന്റാണ്. എന്നു പറഞ്ഞാൽ കശുവണ്ടി തൊഴിലാളികൾ പ്രതിദിനം 25 നയാപൈസ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ് അർത്ഥം. ഇതിനൊരു പരിഹാരം ഉണ്ടാക്കണം. മിനിമം വർക്ക് ലോഡ് ഫിക്സ് ചെയ്യണം. കശുവണ്ടിവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഡി. എ കൊടുക്കാതെ തൊഴിലാളികളെ ദ്രോഹിക്കുന്ന ഒരു വ്യവസ്ഥയാണ് ഇന്നു നിലവിലുള്ളത്. ഞാൻ കശുവണ്ടി വ്യവസായികളുടെ വമ്പിച്ച തോതിലുള്ള ബാദ്ധ്യത ഗവണ്മെന്റിന്റെ മുമ്പിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായരംഗത്ത് നാലഞ്ചുകൊല്ലമായി ഇത്തരത്തിലുള്ള പ്രശ്നം നിലനിൽക്കുകയാണ്.

ശ്രീമതി. കെ. ആർ. ഗൗരി: ഈ പ്രസംഗം പുറത്തുനിന്നു കേട്ടപ്പോൾ ഇതിനകത്ത് എന്തോ കൊലപാതകം നടക്കുന്നതുപോലെ തോന്നി.

ശ്രീ. സി. എം. സ്റ്റീഫൻ: കശുവണ്ടി വ്യവസായം സീസണൽ ആണോ എന്ന് പരിശോധിച്ച്, ഒന്നുകിൽ സീസണലാണെന്നു പറയണം, അല്ലെങ്കിൽ സീസണൽ അല്ലെന്നു പറയണം. അല്ലാതെ ഗവണ്മെന്റിനെതിരായി റിറ്റ് ഓഫ് മാൻഡമസ്സിലേക്ക് നീങ്ങുന്ന പരിതഃസ്ഥിതി ഗവണ്മെന്റു സൃഷ്ടിക്കരുതെന്നും, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്നും ഞാൻ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു. കശുവണ്ടിവ്യവസായരംഗത്ത് ഇന്നുണ്ടായിട്ടുള്ള ദുർഘടമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടില്ലെങ്കിൽ, അതിലെ മുതലാളിമാർ പാപ്പരാകുകയും ഫാക്ടറികൾ പൂട്ടിയിടേണ്ടി വരികയും ചെയ്യും. അങ്ങനെ ഫാക്ടറി പൂട്ടിയിടേണ്ടി വരുന്ന ഒരു സ്ഥിതി വിശേഷം സംജാതമാകുകയാണെങ്കിൽ അതിൽ തൊഴിലെടുക്കുന്ന മുക്കാൽ ലക്ഷത്തോളം വരുന്ന തൊഴിലാളികളും അവരെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളും പട്ടിണിയിലാകുന്നതാണ്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ആവശ്യത്തെ അങ്ങേയറ്റം പരിഗണിച്ചുകൊണ്ട് അതിനൊരു പരിഹാരം ഉണ്ടാക്കുന്നതിന് ഗവണ്മെന്റിൽനിന്നും ശ്രമിക്കേണ്ടതാണ്. ഇൻഡ്യാ ഗവണ്മെന്റു അംഗീകരിച്ച, ഇൻഡ്യൻ ജനത അംഗീകരിച്ച, ദേശീയ തൊഴിലാളിനയത്തിന്റെയും, ദേശീയ തൊഴിലാളി പ്രസ്ഥാനത്തിന്റെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് അവരുടെ ആവശ്യങ്ങളും അവകാശങ്ങളും സമർത്ഥമായ രീതിയിൽ നിർവ്വഹിക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ടെന്നുള്ളതിൽ ഞാൻ അഭിമാനിക്കുകയും, ഗവണ്മെന്റിനെ അനുമോദിക്കുകയും ചെയ്യുന്നു. ആ നിലയിൽ ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഗവണ്മെന്റ് കണക്കിലെടുക്കണമെന്ന് ഒന്നുകൂടി അനുസ്മരിപ്പിച്ചുകൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എസ്സ്. കുമാരൻ: സർ, ഈ സ്റ്റേററിലെ തൊഴിലാളികളേയും തൊഴിലിനേയും സംബന്ധിക്കുന്ന ഭരണത്തിനുവേണ്ടി ലേബർ മിനിസ്റ്റർ അവതരിപ്പിച്ചിരിക്കുന്ന ഈ ഡിമാൻറിനെ ഞാൻ എതിർക്കുകയാണ്. ഈ ഡിമാൻറിന് എതിരായി ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള കട്ട്മോഷനെ വിശദീകരിച്ചുകൊണ്ട് ചില കാര്യങ്ങൾ ഈ സഭയുടെ മുമ്പിൽ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സ്റ്റേററിലെ തൊഴിൽ നയത്തെപ്പററിയും തൊഴിലാളികളുടെ നയത്തെയും പാരമ്പര്യത്തേപ്പററിയും, അത് അപകടകരമായ ഒരു നിലയിലേയ്ക്ക് പോകുന്നതിനെപ്പററിയും എൻെറ സ്നേഹിതന്മാർ വിശദമായി ഇവിടെ പറയുകയുണ്ടായി. അവരെല്ലാംതന്നെ ഈ ഗവണ്മെൻറിൻെറ തൊഴിൽ നയത്തെപ്പററിയും അത് നടപ്പിലാക്കുന്നതിനെപ്പററിയും രൂക്ഷമായ രീതിയിൽ വിമർശനങ്ങൾ നടത്തിയതുകൊണ്ട് എൻെറ ജോലി കുറെ ലഘൂകരിച്ചിരിക്കുകയാണ്. ശ്രീ. സി. എം. സ്റ്റീഫൻ അഖിലേൻഡ്യാ നയത്തെപ്പററിയെല്ലാം പറഞ്ഞുവെങ്കിലും അത് ഇവിടെ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് രൂക്ഷതരമായ ഒരു വിമർശനം നടത്തുകയുണ്ടായി. അദ്ദേഹം സന്ദർഭവശാൽ ചില കാര്യങ്ങൾ ഇവിടെ നയപരമായി ഉന്നയിക്കുകയും ചെയ്തു. ആദ്യമായി ശ്രീ. സ്റ്റീഫൻ പറയുകയുണ്ടായി ഒരു ദേശീയതൊഴിൽ നയം കേരള ഗവണ്മെൻറിനും ഭാരത ഗവണ്മെൻറിനും ഉണ്ടെന്ന്. ജനാധിപത്യ സോഷ്യലിസത്തിൽക്കൂടിയുള്ള ഒരു തൊഴിൽനയം സ്വീകരിച്ചിരിക്കുകയാണെന്ന്. ഒടുവിൽ പറഞ്ഞു പറഞ്ഞ്, സാമ്പത്തിക സമീകരണത്തിന് വേണ്ടി എന്തിനാണ് സമരം ചെയ്യുന്നതെന്നും, കൂലിയുടെ കാര്യം മാത്രം പറഞ്ഞാൽ പോരേയെന്നും ചോദിക്കുകയുണ്ടായി. തൊഴിലാളി വർഗ്ഗത്തെ അധികാരത്തിൽ കൊണ്ടുവരികയെന്നുള്ള പാവനമായ നയമാണ് സോഷ്യലിസ്ററു വ്യവസ്ഥിതിയിലുള്ളതെന്നു പറഞ്ഞു. തൊഴിലാളി വർഗ്ഗം അധികാരത്തിൽ വരുന്ന പ്രശ്നം ഇരിക്കട്ടെ, ഉൽപാദനം പൊതുരംഗത്ത് കൊണ്ടുവരാതെ സാമ്പത്തിക നയത്തിൽ മൗലികമായ മാററങ്ങൾ വരുത്തുന്നതിനെപ്പററി ശ്രീ. സ്റ്റീഫന് എങ്ങനെ സോഷ്യലിസത്തിൻെറ പേരിൽ പറയാൻ സാധിച്ചുവെന്നാണ് ഞാൻ ചോദിക്കുന്നത്. എ. ഐ. ററി. യു. സി. ഇൻഡ്യൻതൊഴിലാളി വർഗ്ഗത്തിൻെറ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി രൂപീകരിക്കുന്ന മുദ്രാവാക്യങ്ങളിലും നയപരിപാടികളിലും സാമ്പത്തിക പ്രശ്നം മാത്രം കണ്ടാൽ പോരാ. ദേശീയ സാമ്പത്തിക നയത്തിന് വളർന്നുവരുന്ന മൗലികമായ പരിവർത്തനങ്ങളിൽക്കൂടി മാത്രമെ തങ്ങളുടെ സാമ്പത്തികസ്ഥിതി കൈവരുത്തുവാൻ ശ്രമിക്കുകയുള്ളു. ഇതിനെ ശ്രീ. സ്റ്റീഫൻ നിഷേധിക്കുമോ? നിഷേധിക്കുകയില്ലെന്നാണ് എൻെറ അഭിപ്രായം. തൊഴിലാളി വർഗ്ഗത്തിൻെറ ജീവിതനിലവാരം ഉയർത്തുകയാണ്, എ ഐ. ടി. യു. സി.യുടെ ദേശീയ നയം എന്നുള്ളത് ശരിയാണെങ്കിലും, അതിൻെറ ശരിയായ വശം മനസ്സിലാക്കികൊണ്ടാണോ പറഞ്ഞതെന്ന് സംശയം തോന്നുന്നു. തൊഴിലാളികൾ ഇൻഡ്യയുടെ സാമ്പത്തികദേശീയ നയത്തിൽ മൗലികമായ മാററം വരുത്തുന്നത് തങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടിമാത്രമാണ്. അക്കാര്യം ശ്രീ. സ്റ്റീഫൻ ഇന്നല്ലെങ്കിൽ നാളെ സമ്മതിക്കേണ്ടി വരുമെന്നുള്ള പൂർണ്ണവിശ്വാസം എനിക്കുണ്ട്.

ശ്രീമാൻ സ്റ്റീഫൻ ഇവിടെ പറയുകയുണ്ടായി, ഇവിടെ ഒരു തൊഴിൽ നയമുണ്ടെന്നും, ഒരു സോഷ്യലിസ്ററുനയമുണ്ടെന്നും അതു ഭാരതത്തിലാകെ നടപ്പിലാക്കിവരികയാണെന്നും അത് വളരെ അധികം പുരോഗമിച്ച് ചലിച്ച് പടർന്നു വരികയാണെന്നും. എനിക്ക് അദ്ദേഹത്തോട് ചോദിക്കാനുള്ളത്, അത് അദ്ദേഹത്തിനു മനസ്സിലാകാത്തതുകൊണ്ടാണോ എന്നറിഞ്ഞുകൂടാ.

12 Noon

നമ്മുടെ പ്രധാനമന്ത്രി നെഹ്റു ഈയിടെ പറഞ്ഞത്, സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം പ്രത്യേകിച്ചും ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികൾ പൂർത്തിയായതിനുശേഷം ഇൻഡ്യയിലുണ്ടായിട്ടുള്ള ദേശീയവരുമാനത്തിൻെറ അല്ലെങ്കിൽ ദേശീയ സമ്പത്തിൻെറ സിംഹഭാഗവും എങ്ങോട്ടുപോയിയെന്നു പരിശോധിക്കേണ്ടത് അത്യാവശ്യമാണെന്നുള്ള കാര്യം അദ്ദേഹം മറന്നുപോയോ എന്നാണ്. ഇൻഡ്യൻ തൊഴിലാളി വർഗ്ഗത്തിൻെറ ജീവിതം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടോ അവർക്ക് വരുമാന വർദ്ധനവുണ്ടായിട്ടുണ്ടോ, അവരുടെ ജീവിതനിലവാരം ഉയർന്നി

ട്ടുണ്ടോ എന്നുള്ളതെല്ലാം പരിശോധിക്കുമ്പോൾ കുത്തകമുതലാളിമാരുടെ ഭാഗത്താണ് ഈ ധനം കുന്നുകൂടിയിട്ടുള്ളതെന്ന കാര്യം ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. നമ്മുടെ സമ്പദുൽപ്പാദനത്തിൽ വന്നിട്ടുള്ള ഈ പ്രതിഭാസം, ഈ രാജ്യത്തിലെ സാധാരണക്കാരുടെയും തൊഴിലാളികളുടെയും ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി പോകാതെ വിദേശകുത്തകകളിലേക്ക് പോകുന്ന പ്രവണതയെ വിരൽ ചൂണ്ടിക്കാണിക്കുകയും, അതിനെതിരായി കാൺഗ്രസ്സുകാർ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മി. സ്റ്റീഫൻ പറയുന്നത് എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇൻഡ്യൻ തൊഴിലാളികൾ അങ്ങനെ തങ്ങളുടെ അവകാശങ്ങൾ നേടുന്നതിനുവേണ്ടി അവസരം നോക്കിയിരിക്കേ ഇവിടെ സോഷ്യലിസം എന്ന തത്വം അംഗീകരിച്ചിട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും അതല്ല ഇവിടെ നടക്കുന്നത്.

അടുത്തതായി എനിക്ക് പറയുവാനുള്ളത് 25 ശതമാനം ക്ഷാമബത്ത വർദ്ധിപ്പിക്കണമെന്ന എ. ഐ. ററി. യു. സി.യുടെ ഡിമാൻറിനെപ്പററിയാണ്. അങ്ങനെ ചോദിച്ചത് എന്തോ ഒരു മഹാപാപം ചെയ്തുകളഞ്ഞു എന്ന മട്ടിലാണ് സ്റ്റീഫൻ അതേപ്പററി പറഞ്ഞത്. സർ, 1939–ൽ അംഗീകരിച്ച നമ്മുടെ തൊഴിലാളികളുടെ സാമ്പത്തിക നിലവാരം വച്ച് പരിശോധിച്ചു നോക്കുമ്പോൾ ജീവിത സൂചിക 530, 540 വരെ പോയിൻറ് വർദ്ധിച്ചിട്ടുള്ളതായി എല്ലാവരും അംഗീകരിച്ചിട്ടുള്ള, ഇൻഡ്യാ ഗവണ്മെൻറും സ്റ്റേററ് ഗവണ്മെൻറും രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളിൽനിന്നു നമുക്ക് മനസിലാക്കാൻ സാധിക്കുന്നതാണ്. അപ്പോൾ 1939–ൽ നിന്നും 1964–ൽ തൊഴിലാളി വർഗ്ഗത്തിൻെറ ജീവിതത്തോതിൽ വന്നിരിക്കുന്ന ഈ മാററം, അതുപോലെ തന്നെ ഈ കൊല്ലത്തിൽ നമ്മുടെ വ്യവസായ ഉടമകൾക്ക് വിട്ടുകൊടുത്തിട്ടുള്ള ലാഭത്തോതിൻെറ പെരുപ്പവും എല്ലാംകൂടി പരിശോധിച്ചുനോക്കുമ്പോൾ ധാരാളമായി വന്നിട്ടുള്ള ഈ വർദ്ധനവുകൊണ്ട്, തൊഴിലാളികൾക്ക് ഇന്നു കിട്ടുന്നകൂലി പഴയ ബ്രിട്ടീഷ് ഗവണ്മെൻറിൻെറ കാലത്തും, സി. പി. യുടെ കാലത്തും ഒക്കെ കിട്ടിയിരുന്നതിനെക്കാൾ എത്രയോ തുച്ഛമായ കൂലി വ്യവസ്ഥയാണെന്നു കാണുകയാണെങ്കിൽ അതിനു 25 ശതമാനം വർദ്ധനവ് കൊടുക്കണമെന്നു പറയുവാൻ സ്റ്റീഫൻ എന്തിനു മടിക്കണം. 50 ശതമാനവും 80 ശതമാനവും നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധിച്ചുവരുന്നതുവച്ചുകൊണ്ട് അതിനു കംപാരററീവായിട്ടാണ് 25 ശതമാനം ക്ഷാമബത്ത വർദ്ധിപ്പിക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ളത്. നേരെമറിച്ച് കൂലിയെ സംബന്ധിച്ചിടത്തോളം വ്യവസായമേഖലകളിൽ പല രംഗത്തും കൂലി നിശ്ചയിച്ചിട്ടുള്ളതു 20–ം, 50–ം, വർഷങ്ങൾക്ക് മുൻപുള്ള വിധത്തിലാണ്. ഒരു താണ കൂലിനിലവാരമാണ് ഇന്നു മിക്കവ്യവസായ രംഗത്തും കാണുന്നത്. ഇൻഡ്യയിലെ വ്യവസായ രംഗത്ത് പത്തു കൊല്ലമായി വന്നിട്ടുള്ള ലാഭത്തോതുവച്ചുകൊണ്ട് അതിനു കംപാരററീവായിട്ടാണ് തൊഴിലാളികളുടെ കൂലിയിൽ 25 ശതമാനം ക്ഷാമബത്തയുടെ വർദ്ധനവ് നൽകണമെന്നു ആവശ്യപ്പെട്ടിട്ടുള്ളത്. അതിൽ യാതൊരു തെററുമില്ല. ഇൻഡ്യൻ സാമ്പത്തിക സംഘടനയിൽ ഒരു മാററം വരുത്താൻതന്നെ ഇവിടത്തെ തൊഴിലാളി വർഗ്ഗത്തിനു അറിയാം. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. സമയമില്ലാത്തതുകൊണ്ട് ഞാൻ ചുരുക്കുകയാണ്.

എന്നാലും ഒരു കാര്യം പറയാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പറയുകയാണ്. സ്റ്റീഫൻ പറയുകയുണ്ടായി, കമ്മ്യൂണിസ്ററുപാർട്ടി ഇപ്പോൾ ഇതൊക്കെ നടത്തുന്നത് കമ്മ്യൂണിസ്ററു പാർട്ടിയിലെ അഭിപ്രായവ്യത്യാസം തീർക്കാനാണെന്ന്. ഇത്രയും വിലകുറഞ്ഞ ഒരഭിപ്രായം അദ്ദേഹം പറയേണ്ടതില്ലായിരുന്നു. അഖിലേൻഡ്യാ നിലവാരത്തിൽ കമ്മ്യൂണിസ്ററു പാർട്ടി എടുത്ത ഒരു തീരുമാനം വ്യക്തമായ ലക്ഷ്യത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകുന്ന അവസരത്തിൽ ഇത്ര നിസ്സാരമായ ഒരഭിപ്രായം അദ്ദേഹം പറയേണ്ടതില്ലായിരുന്നു. ഈ കാര്യത്തിൽ ഞങ്ങളുടെ പാർട്ടിയും, എസ്സ്. എ. ഡാങ്കേയും ഈ. എം. എസ്സ്, എ. കെ. ജി.യും ഒന്നിച്ചുചേർന്ന് സർവ്വോപരി കമ്മ്യൂണിസ്ററുപാർട്ടിയിലുള്ള എല്ലാ ആളുകളും ഒന്നിച്ചുചേർന്ന് അൻപതിനായിരം പ്രവർത്തകർ ഇൻഡ്യയിൽ ഉടനീളം ഈ സത്യാഗ്രഹ സമരത്തിലും മററെല്ലാ പ്രവർത്തനങ്ങളിലും

2/1770/S.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എസ്സ്. കുമാരൻ]

ചെങ്കൊടിയും പിടിച്ച് പങ്കെടുത്ത കാര്യം അദ്ദേഹം സ്വീകരിക്കുന്നെങ്കിൽ ഇത്രയും വിലകുറഞ്ഞ ഒരഭിപ്രായം പറയേണ്ട കാര്യമില്ലായിരുന്നു. കമ്മ്യൂണിസ്റ്റുപാർട്ടിക്കകത്ത് ഈ കാര്യത്തിൽ യാതൊരു അഭിപ്രായവ്യത്യാസതയുമില്ല.

ശ്രീ. സി. എം. സ്റ്റീഫൻ: സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടിക്കകത്ത് യാതൊരു അഭിപ്രായ വ്യത്യാസമില്ലെന്നും ആലുവായിൽ നടന്ന തീഷ്ണമായ വാദപ്രതിവാദങ്ങൾ അപ്പോൾ ഉണ്ടായിട്ടില്ലെന്നുമാണോ പറയുന്നത്?

ശ്രീ. എസ്സ്. കുമാരൻ: സർ, ഞങ്ങൾ വളരെ തീഷ്ണമായി വാദപ്രതിവാദത്തിലേർപ്പെട്ടിരിക്കുകയാണ്. നമ്മുടെ സാമ്പത്തിക വ്യവസ്ഥിതിയെപ്പററി ഞങ്ങൾ ഭീമമായ വാദപ്രതിവാദത്തിലേർപ്പെട്ടിരിക്കുകയാണ്. പക്ഷേ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. മൗലികമായ യാതൊരു അഭിപ്രായ വ്യത്യാസവും കമ്മ്യൂണിസ്റ്റുപാർട്ടിക്കകത്തില്ല.

ഇനി എനിക്ക് ഒരു കാര്യംകൂടി പറയുവാനുണ്ട്. ഈ ഗവണ്മെൻറിൻെറ വ്യവസായനയത്തെ സംബന്ധിച്ചിടത്തോളം ചുരുക്കത്തിൽ രണ്ടുവാക്ക് പറയുവാൻ എന്നെ അനുവദിക്കുക. കഴിഞ്ഞ കുറെക്കാലമായി ഈ ഗവണ്മെൻറിൻെറ ഈ ഡിപ്പാർട്ടുമെൻറ് ഇത്ര ഉപയോഗമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറായി പ്രവർത്തിച്ചതിൽ ലജ്ജിക്കണം. ആ കാര്യങ്ങളെല്ലാം ഇവിടെ ശ്രീ. പി. ആർ. ഫ്രാൻസിസും, സ്റ്റീഫനും മററാളുകളുമെല്ലാം പറഞ്ഞുകഴിഞ്ഞു. ഈ സെക്രട്ടറിയേററിൻെറ പടിക്കൽ കാണുന്ന ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വർഷങ്ങളായി ട്രാൻസ്പോർട്ടുതൊഴിലാളികൾ അവരുടെ ഏററവും മിതവും ന്യായവുമായ ആവശ്യങ്ങൾ മുന്നോട്ടുവച്ചിട്ട് അതേപ്പററി ഒരു തീരുമാനമെടുക്കുന്നതിന് ഗവണ്മെൻറിനു ഇതേവരെ സാധിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റുപാർട്ടിമാത്രം സമരം നടത്തുകയാണെങ്കിൽ അതു പ്രചരണത്തിനു വേണ്ടിയാണെന്നു പറയും. ഗതികെട്ടിട്ട് ഐ. എൻ. ടി. യു. സിപോലും ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട്, ഈ ഗവണ്മെൻറ് തൊഴിലാളി വർഗ്ഗത്തോട് ന്യായമായി പെരുമാറാത്തതുകൊണ്ട് ഗതികേടുകൊണ്ടാണ് സമരത്തിന് ഇറങ്ങേണ്ടിവന്നത് എന്ന്. നമ്മുടെ ട്രാൻസ്പോർട്ട് തൊഴിലാളികൾ ഏററവും മിതമായ ആവശ്യത്തിനുവേണ്ടി സമരം തുടങ്ങിയിട്ട് നാലഞ്ചു മാസമായി. തൊഴിൽ നിയമങ്ങൾ അഖിലേൻഡ്യാ നിലവാരത്തിലുള്ളതുതന്നെ ഈ ഗവണ്മെൻറ് നടപ്പാക്കാൻ ശ്രമിക്കുന്നില്ലെന്നുള്ളതിന് ഞാനൊരു ചെറിയ ഉദാഹരണം പറയാം. മുന്നൂറോളം തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ പ്രൈസ് കൺട്രോൾ ചെയ്തു് ന്യായമായ വിലക്ക് തൊഴിലാളികൾക്ക് സാധനങ്ങൾ കിട്ടുന്നതിനുവേണ്ടി മുതലാളിമാർ ഫെയർപ്രൈസ്ഷാപ്പ് തുറക്കണമെന്ന നിർദ്ദേശമുണ്ടായി. ഈ കാര്യത്തിൽ ഈ ഗവണ്മെൻറിന് ചെറുവിരൽ അനക്കാൻപോലും സാധിച്ചിട്ടില്ല. അങ്ങനെ അഖിലേൻഡ്യാ നിലവാരത്തിലുള്ള കാര്യങ്ങൾ പോലും നടത്തുന്നതിന് ഈ ഗവണ്മെൻറിന് സാധിച്ചിട്ടില്ല. പിശുക്കനും, പിന്തിരിപ്പനുമായ ഒരു മുതലാളിയുടെ നയം പിൻതുടരുന്ന ഈ ഗവണ്മെൻറിൻെറ ധനാഭ്യർത്ഥനയെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി നഫീസത്ത്ബീവി: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറിനെ ശക്തിയായി പിൻതാങ്ങിക്കൊണ്ട് ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ അടുത്ത ഏതാനും നിമിഷങ്ങളിൽ നടന്ന ചൂടേറിയ നയപരമായ വാദപ്രതിവാദത്തിലേക്ക കടന്ന് എന്തെങ്കിലും സംസാരിക്കുന്നതിന് സമയത്തിൻെറ പരിമിതികൊണ്ടു സാധിക്കാത്തതിൽ ഞാൻ ഖേദിക്കുകയാണ്. ശ്രീമാൻ എസ്. കുമാരൻ അദ്ദേഹത്തിൻെറ പാർട്ടിയുടെ അഭിപ്രായങ്ങൾ ഈ സഭയിൽ വീണ്ടും ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ അവതരിപ്പിച്ചിരിക്കുന്നു എന്നതിൽ അതിശയമില്ല. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സോഷ്യലിസം തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമാണ് എന്ന് അദ്ദേഹമിവിടെ സമർത്ഥിക്കുകയുണ്ടായി, നേരെമറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻനാഷണൽ കോൺഗ്രസ്സ് വിഭാവന ചെയ്യുന്ന Parlimentary democracy യിൽ അധിഷ്ഠിതമായ ജനാധിപത്യസോഷ്യലിസമാണെന്നു മാത്രം ഒററ വാചകത്തിൽ പറയുകയാണ്. ഇവിടെ ഈ ഡിമാൻഡിനെ സംബന്ധിച്ച് തൊഴിൽ വകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രി, ഇൻഡ്യയുടെ ദേശീയനയത്തിനു് അനുകൂലമായി, ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ തൊഴിലാളി നയത്തിനനുകൂലമായി ഈ കഴിഞ്ഞ മൂന്നുനാലു വർഷങ്ങളിൽ പ്രവർത്തിക്കാൻ ആത്മാർത്ഥമായി ശ്രമിച്ചതായി നമുക്കു കാണാൻ സാധിക്കുന്നതാണ്. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ലാളിത്യവും, നിഷ്കപടതയും, സൗമനസ്യവും, വിനയവും എല്ലാംതന്നെ ഈ നയം വിജയിപ്പിക്കുന്നതിൽ അങ്ങേയററം പ്രയോജനപ്പെട്ടിട്ടുണ്ടെന്നു കാണാൻ സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ ഈ കേരളത്തിലെ തൊഴിലാളികളോട് ഒരു വാക്കു്. ഈ കഴിഞ്ഞകാലങ്ങളിൽ അനുവർത്തിച്ചിരുന്ന നയത്തിൽ അങ്ങേയററം സന്തോഷം തോന്നുകയാണ്. മാതൃരാജ്യത്തിനു് ഒരു വിപൽസന്ധി നേരിട്ടപ്പോൾ, ചൈനീസ് ആക്രമണം ഉണ്ടായപ്പോൾ, തൊഴിലാളിവർഗ്ഗങ്ങൾ അവരുടേതായ സംഭാവന നൽകുന്നതിനു് ഒട്ടുംതന്നെ അമാന്തിക്കാതെ മുന്നോട്ടു വരുകയും എല്ലാവിധത്തിലും ആത്മാർത്ഥമായ സഹകരണത്തോടുകൂടി പ്രതിരോധത്തെ ശക്തിപ്പെടുത്തിയതു് വളരെ അഭിനന്ദനത്തോടുകൂടി സന്തോഷത്തോടുകൂടി, ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്.

ഇവിടെ എനിക്കു മുമ്പു സംസാരിച്ച ശ്രീമാൻ എസ്. കുമാരൻ, ഈ ഗവണ്മെൻറിന്റെ നയം വളരെ പരാജയമായിരുന്നു, വളരെ പിൻതിരിപ്പനായിരുന്നു എന്നെല്ലാം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലൂടെ അതു കണ്ടെന്നുവരും. എങ്കിലും എനിക്കു പറയാനുള്ളതു് ഈ ഗവണ്മെൻറിന്റെ നയം കഴിഞ്ഞ ഗവണ്മെൻറിന്റെ നയത്തോടു തുലനം ചെയ്യുമ്പോൾ പരാജയമാണെന്നു് തൊഴിലാളികളുടെ നേതാക്കന്മാരെന്നവകാശപ്പെടുന്ന ശ്രീ. കുമാരനെപ്പോലുള്ളവർ പറയുന്നതു് മനസ്സിലാകുന്നില്ല. ഒരു പക്ഷേ, പരാജയമെന്നു് പറയുന്നതു് ഇവിടെ ലാത്തിച്ചാർജ്ജു നടന്നിട്ടില്ല, വെടിവയ്പ് ഉണ്ടാക്കിയിട്ടില്ല, ചന്ദനത്തോപ്പിലെ രാമനേയും സുലൈമാനേയും രക്തസാക്ഷികളാക്കിയിട്ടില്ല. സ്വന്തം യൂണിയനിൽ പ്രവർത്തിച്ചിരുന്ന ആരേയും ഈ ഗവണ്മെൻറു് രക്തസാക്ഷിയാക്കിയിട്ടില്ല; "പാപ്പാമ്മാളെ" സൃഷ്ടിച്ചില്ല. അതുകൊണ്ടായിരിക്കാം അദ്ദേഹം ഇതു് എരിവും പുളിയുമുള്ള ഭരണമല്ല, പിൻതിരിപ്പൻ ഭരണമാണെന്നു പറഞ്ഞതു്. ഏതായാലും അതിലേക്കൊന്നും തന്നെ ദീർഘമായി കടക്കാൻ സമയമില്ലാത്തതിനാൽ സാധിക്കുകയില്ല. കഴിഞ്ഞ ഗവണ്മെൻറിനെപ്പോലെ 'drastical" "വിപ്ലവകരമായ" പരിവർത്തനം ഒന്നും കൊണ്ടുവന്നില്ല എങ്കിലും വിപ്ലവകരമായിട്ടുള്ള പല പരിഷ്കാരങ്ങളും കൊണ്ടുവന്നിട്ടുണ്ടെന്നു കാണാൻ സാധിക്കുന്നതാണ്. ഈ അവസരത്തിൽ കഴിഞ്ഞ ഗവണ്മെൻറിന്റെ ഒരു "വിപ്ലവകരമായ" പരിഷ്കാരം ഞാൻ ഓർത്തുപോവുകയാണ്. കയർ രംഗത്തു് മിനിമംവേജസ് ഏർപ്പെടുത്തിയതു് വിപ്ലവകരമായ പരിഷ്കാരമാണെന്നു പറഞ്ഞു. മിനിമംവേജസ് ആക്ററ് വന്നതോടുകൂടി തൊഴിലാളികൾക്കു ലഭിച്ചുകൊണ്ടിരുന്ന കൂലിയിൽ ഏതാണ്ട് ഇരട്ടിയും മുക്കാലിരട്ടിയുമെല്ലാം തന്നെ വർദ്ധനവുണ്ടായി. എല്ലാ വിഭാഗത്തിൽപ്പെട്ടവരും സന്തോഷിച്ചു. എന്നാൽ കയർവ്യവസായരംഗത്തു പ്രയോഗിക്കുന്നതിനു് ശ്രമിച്ചപ്പോൾ ദയനീയമായി പരാജയപ്പെട്ട ഒരു ചിത്രമാണ് കാണാൻ സാധിക്കുന്നതു്. ആ നിയമം കൊണ്ടുവന്ന സർക്കാരിന്റെ കാലത്തു തന്നെ മിനിമംവേജസ് നടപ്പിൽ വരുത്തുന്നതിനു് പററെ പരാജയപ്പെട്ടു. അങ്ങനെ ആലപ്പുഴയിലെ വില്യം ഗുഡേക്കർ കമ്പനി, മധുര കമ്പനി, ബോംബെക്കമ്പനി, പിയേഴ്സ്ലസ്ലി കമ്പനി, Aspirnal and Co., Darrasmail Co: മുതലായ യൂറോപ്യൻ കമ്പനികൾ ഈ മിനിമംവേജസ് നയം നടപ്പിൽ വന്നതോടുകൂടി കുറേശ്ശെ നിറുത്തി നിറുത്തി അടച്ചുപൂട്ടേണ്ട ഒരു ഗതികേട് അവിടെ ഉണ്ടായിയെന്നുള്ള കാര്യം ഓർത്തുപോവുകയാണ്. ആ ഫാക്ടറികൾ അടച്ചുപൂട്ടുന്നതിനു് അവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന എ. ഐ. ടി. യു. സി. (കമ്മ്യൂണിസ്റ്റ്) നേതാക്കന്മാർ തന്നെ മുൻകൈ എടുത്തു പ്രവർത്തിച്ചിട്ടുള്ളതും കാണുവാൻ സാധിക്കുന്നതാണ്. ഒരു മിനിമം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി നഫീസത്തുബീവി]

വേജസ് കൊണ്ടുവന്ന വിഭാഗത്തിൽപ്പെട്ട തൊഴിലാളി നേതാക്കന്മാരും (കമ്മ്യൂണിസ്റ്റ്) മററും അതു് പുനഃപരിശോധന ചെയ്താൽ നന്നായിരിക്കും. മൂന്നു് ശക്തിയായ അഭിപ്രായമുണ്ടു്. ഇങ്ങനെ ചെയ്തതിൻെറ ഫലമായി ഇന്നു് അവിടെ ഉണ്ടായിരുന്ന Fretory serior വ്യവസായം തകർന്നു. ഒരു കുടിൽ വ്യവസായമായി മാറിയിരിക്കുകയാണു്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു് മിനിമം വേജസ്–നു മുൻപു ഉണ്ടായിരുന്ന കൂലി പോലും കിട്ടുന്നില്ല. വേല ഇല്ല, ഉള്ള വേലയ്ക്കു കൂലിയും ലഭിക്കാത്ത വളരെ അരാജകത്വം ആ രംഗത്തു് നടമാടുകയാണു്. അതിനു് ഈ ഗവൺമെൻറിൻെറ മുമ്പിൽ പല പ്രാവശ്യവും നിവേദനം നടത്തിയിട്ടുണ്ടു് ഞാനും I.N.T.U.C. നേതാക്കളും. ഇന്നു് അവിടെ തൊഴിൽ കിട്ടുന്നേയില്ല. ഉള്ള തൊഴിലിനു തന്നെ വേണ്ടത്ര കൂലി കിട്ടുന്നില്ല. കുറെ മനുഷ്യജീവികളെ ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ടു് ഇതൊന്നുകൂടി ആലോചിച്ചു്, ഈ ദുരവസ്ഥക്കു് അറുതി വരുത്തത്തക്ക രീതിയിൽ കാര്യക്ഷമമായി ഈ രംഗത്തു് എന്തെങ്കിലും ഒരു പരിഷ്കാരം വരുത്തുന്നതിനു് ഈ കാലയളവിനുള്ളിൽ ശ്രമിക്കണമെന്നു് ഞാൻ മന്ത്രിയോടപേക്ഷിക്കുകയാണു്.

അതുപോലെതന്നെ മററു തൊഴിൽ രംഗങ്ങളിലും കാര്യമായി ശ്രദ്ധിച്ചിട്ടില്ല എന്നു ഞാൻ കരുതുകയാണു്. ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയെപ്പററി പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു പിശുക്കനായ കാരണവരുടെ പ്രതീതിയാണു് പെട്ടെന്നു് ഓർമ്മയിൽ വരുക. നിവൃത്തിയുള്ളിടത്തോളം വളരെ സൂക്ഷിച്ചു് ലുബ്ധിച്ചു് പണം ചെലവാക്കുന്നതായി കാണാൻ സാധിക്കും.

ശ്രീ. കെ. ടി. അച്യുതൻ: തറവാട്ടു് മുടിക്കണമെന്നാണോ പറയുന്നതു്?

ശ്രീമതി നഫീസത്തു്ബീവി: ഒരു മാതിരി ആവശ്യത്തിനു് ചെലവാക്കി സാധാരണ ഒരു നല്ല കാരണവരുടെ മാതിരി തൊഴിലാളികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്നു മാത്രമാണു് തൊഴിലാളികളുടെ പ്രദേശത്തുനിന്നു വരുന്ന എനിക്കു് പ്രധാനമായി മന്ത്രിയോടു് അപേക്ഷിക്കാനുള്ളതു്. തൊഴിലാളികളുടെ പ്രധാന കേന്ദ്രമെന്നറിയപ്പെടുന്ന ആലപ്പുഴയിൽ തൊഴിലാളികളുടെ ക്ഷേമത്തെ കരുതിക്കൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ ആലപ്പുഴയിൽതന്നെ സ്ഥാപിക്കുന്നതിനു് നീണ്ടുനിവർന്നു കിടക്കുന്ന കയർഫാക്ടറിയിലെവിടെയെങ്കിലും സ്ഥാപിച്ചുകൊണ്ടു് അവിടെയുള്ള സ്കൂളുകൾക്കു് സാങ്കേതിക പരിജ്ഞാനം കൊടുത്തു് മററുതരത്തിലുള്ള തൊഴിൽ സാദ്ധ്യതകൾ ആരായുന്നതിനു ശ്രമിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുകയാണു്.

പൊതുവേ പറയുകയാണെങ്കിൽ കഴിഞ്ഞകാലത്തെ അപേക്ഷിച്ചു് ഈ ഗവൺമെൻറു് കഴിഞ്ഞ മൂന്നുനാലുവർഷം തൊഴിലാളിരംഗത്തും തൊഴിൽനിലവാരങ്ങളിലും വളരെ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കാൻ ശ്രമിച്ചു എന്നു കാണാൻ സാധിക്കുന്നതാണു്. ഈ ഗവൺമെൻറിൻെറ തൊഴിലാളിനയം വളരെ മെച്ചപ്പെട്ട ഒന്നായിരുന്നു എന്നു് അഭിമാനിക്കുവാൻതക്കതാണു്, ലാത്തിച്ചാർജ്ജില്ല, വെടിവെയ്പില്ല, സമാധാനപരമായ ഒരന്തരീക്ഷം കേരളത്തിൽ സംജാതമാക്കാൻ സാധിച്ചിട്ടുണ്ടു്. ഈ നയം തുടരുകയാണെങ്കിൽ ഗവൺമെൻറും തൊഴിലാളികളും സഹകരിക്കുമെങ്കിൽ നമ്മുടെ കേരളത്തെ വ്യവസായവല്ക്കരിക്കുന്ന കാര്യത്തിൽ വളരെയൊക്കെ നമുക്കു മുന്നോട്ടുപോകുവാൻ സാധിക്കുന്നതാണു്. വളരെ കൂടുതൽ വ്യവസായികളെ കേരളത്തിനു് പുറത്തു്നിന്നു് ഇങ്ങോട്ടു് ആകർഷിക്കുവാൻ സാധിക്കുന്നതാണു്. ഈ ഡിമാൻറിനെ ഒന്നുകൂടി ഞാൻ പിൻതാങ്ങിക്കൊണ്ടു് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. ഒ. ബാവ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിൻെറ നയം വളരെ തൃപ്തികരമാണെന്നുള്ളതിൽ അശേഷം സംശയിക്കാനില്ല. പക്ഷേ ഈ രാജ്യത്തു് തൊഴിൽ ഡിപ്പാർട്ടുമെൻറു് പല കാര്യങ്ങളിലും അശ്രദ്ധ കാണിക്കുന്നുണ്ടെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താതിരിക്കാനും നിവൃത്തിയില്ല...

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതിരിക്കുകയാണ്. ഹോട്ടൽ തൊഴിലാളികളുടെ കാര്യം പ്രത്യേകം പറയേണ്ടതുണ്ട്. വളരെ ക്ലേശിച്ചു കഴിയുന്ന ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അന്വേഷിക്കാൻ ആളില്ലാത്ത സ്ഥിതിയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പല ചെറിയ ഹോട്ടലുകളിലും അവരുടെ ജീവിതം വളരെ ക്ലേശകരമായിത്തീർന്നിരിക്കുകയാണ്. ഇവരെ സംബന്ധിച്ച് ഒരു യൂണിയന്റെ അടിസ്ഥാനത്തിൽ സംഘടിക്കാൻ നിവൃത്തിയില്ലാതെ രണ്ടും മൂന്നും നാലും പേർ ഓരോ ഹോട്ടലിലും ജോലിനോക്കുന്നുണ്ടാകുമാണ്. എന്നാണ് 20 മണിക്കൂർവരെ നിരന്തരമായി വിശ്രമമില്ലാതെ പണി എടുക്കുന്ന ഒരു വിഭാഗമായി നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഇത്തരക്കാരുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നിയമപരമായി ലഭിക്കാനുള്ള എല്ലാ അവകാശങ്ങളും ഉണ്ടാക്കിക്കൊടുക്കാനും ഉള്ള നടപടികൾ ലേബർ ഡിപ്പാർട്ടുമെൻറിനെക്കൊണ്ട് എടുപ്പിക്കണമെന്ന് ഞാൻ ആദ്യമായി സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ ഗവണ്മെൻറ് വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വളരെയൊന്നും നിഷ്കർഷ തൊഴിലാളികളുടെ സൗകര്യത്തിനു വേണ്ടി പാലിക്കാറില്ല. എറണാകുളം ഗവൺമെൻറ് പ്രസ്സിന്റെ സ്ഥിതി അതിനുദാഹരണമാണ്. അവിടെ ഒരു മനുഷ്യന് സൗകര്യമായി ഒന്നിരിക്കാൻപോലും ഇടമില്ലാത്ത അവസ്ഥയിൽ എത്തിച്ചേർന്നിട്ടുണ്ട്. അവിടെ പണി എടുക്കുന്നവർക്ക് ഉച്ചയ്ക്ക് ഊണുകഴിക്കാനോ, വൈകുന്നേരം ഒരു കപ്പു കാപ്പി കഴിക്കാനോപോലും സ്ഥലസൗകര്യമില്ലാത്ത ഒരു സ്ഥിതിയാണ് ഉള്ളത്. അവിടത്തെ കക്കൂസിന്റെ സ്ഥിതി പറഞ്ഞാൽ പരിതാപകരമാണ്. അവിടത്തെ പുരുഷന്മാരും സ്ത്രീകളും ആയ തൊഴിലാളികൾ എത്ര ബുദ്ധിമുട്ടുന്നുണ്ടെന്ന് കണ്ടുതന്നെ മനസ്സിലാക്കേണ്ടതാണ്. ആ പ്രസ്സിലെവിടെയെങ്കിലും ഇരുന്ന് ഊണുകഴിക്കാനോ, ഒരു കപ്പു കാപ്പികഴിക്കാനോപോലും സ്ഥലസൗകര്യമില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഈ പ്രയാസം പരിഹരിച്ചു കിട്ടാൻ മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. പലയാവർത്തി തൊഴിലാളികൾ ലേബർ ഡിപ്പാർട്ടുമെൻറിനെയും മേലധികാരികളെയും സമീപിച്ചിട്ടുണ്ട്. ഒരു സമാധാനവും ഇതുവരെ ഉണ്ടായിട്ടില്ല. സർക്കാർ സ്ഥാപനമായതുകൊണ്ട് തൊഴിൽ ഡിപ്പാർട്ടുമെൻറു ഇതിൽ ഇടപെടുകയില്ല എന്ന നിലയാണ് സ്വീകരിച്ചിട്ടുള്ളത്. അവിടെ തിരക്കുകൊണ്ട് ജോലിക്കാർക്ക് ഇരുന്നു ജോലി ചെയ്യാൻപോലും സൗകര്യമില്ലാത്ത സ്ഥിതിയാണ്. അവിടെയിരുന്ന് ഒരു കൊല്ലം പണി എടുക്കുകയാണെങ്കിൽ ദീനംപിടിച്ചു ആശുപത്രിയിൽ പോകുകയല്ലാതെ ആ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നിർവ്വാഹമില്ലാത്ത സ്ഥിതിയാണുള്ളതും. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സക്കീട്ടുപോകുന്ന അവസരത്തിലെങ്കിലും ഒന്നവിടെ കയറി വസ്തുസ്ഥിതികൾ ബോദ്ധ്യപ്പെടണമെന്ന് ഞാൻ അദ്ദേഹത്തോടപേക്ഷിക്കുകയാണ്. ഇപ്പോൾ തൊഴിലാളികൾ അടിയന്തിരാവശ്യങ്ങൾ സാധിക്കുന്നതിനു സമരത്തിന്റെ വക്കുവരെ എത്തിയിട്ടുണ്ട്. പിന്നെ മിനിമംവേജസ് ആക്ററ് നിർബന്ധമായും നടപ്പിൽ വരുത്താൻ ശ്രമിക്കണം. അതില്ലെങ്കിൽ വളരെയധികം കുഴപ്പങ്ങൾ ഈ രാജ്യത്തു് ഉണ്ടാകാൻ ഇടയുണ്ടെന്ന വസ്തുതകൂടി ഗവണ്മെൻറിനെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തെ ട്രെയിഡ് യൂണിയൻ പ്രവർത്തനത്തിലുള്ള ഒരു കുഴപ്പം രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി യൂണിയനുകൾ സംഘടിപ്പിക്കുക എന്നുള്ളതാണ്. എല്ലാ കക്ഷികളും വളരെ വേദാന്തങ്ങൾ പറയുമെങ്കിലും ഇതിന്നും തുടർന്നുവരികയാണ്. ഒരുതരത്തിലും ഒരു രാഷ്ട്രീയകക്ഷിയുടെയും നേതാക്കന്മാരുടെ പിടിയിൽ അമരാതെ കേവലം തൊഴിലാളികളുടെ താല്പര്യംമാത്രം നോക്കി നിലനിൽക്കുന്ന വലിയ അനേകം തൊഴിലാളിയൂണിയനുകൾ ഉണ്ട്. അതിൽ പലതും എ. ഐ. ടി. യു. സി. യോടൊ എച്ച്. എം. സി. നോടൊ, ഐ. എൻ. ടി. യു. സി. യോടൊ ബന്ധപ്പെടാത്തവയാണ്. എന്നാൽ അതിൽ കുത്തിത്തിരുപ്പുണ്ടാക്കുന്നതിന് എ. ഐ. ടി. യു. സി. യുടെയും, എച്ച്. എം. എസ്സ്-ന്റെയും നേതാക്കന്മാർ ശ്രമിച്ചുകാണുന്നതിൽ ഖേദമുണ്ട്. എഫ്. എ. സി. ററി. യിലെ എ. ഐ. ടി. യു. സി. നേതാക്കന്മാരുടെ പ്രവർത്തനം ഇതിന്നുദാഹരണമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവ]

എഫ്. എ. സി. റ്റി. തുടങ്ങിയ കാലംമുതൽ ഇന്നുവരെ അവിടെ ഒരൊററ യൂണിയൻ മാത്രമേ പ്രവർത്തിച്ചിട്ടുള്ളു. നേതൃത്വം പലതും അംഗീകരിക്കാറുണ്ട്. ഇത്തവണ നേതൃത്വം മാറിയതിനുശേഷം എഫ്.ഏ.സി.റ്റി. എംപ്ലോയിസ് യൂണിയൻ അവിടത്തെ എല്ലാ തൊഴിൽക്കാരെയും പ്രതിനിധികരിക്കുന്നു എന്നറിയാവുന്ന എ. ഐ. ടി. നേതാക്കാം മറെറാരു തൊഴിലാളി യൂണിയനു പരിശ്രമിക്കുകയുണ്ടായി. കേവലം പത്തിരുപതുപേരെ മാത്രം ചേർത്തുകൊണ്ടു അവിടെ ഒരു തൊഴിലാളി യൂണിയനുണ്ടാക്കി രജിസ്ട്രേഷനു അപേക്ഷിച്ചു. അതിൻെറ നേതൃത്വം കമ്മ്യൂണിസ്റ്റ്പാർട്ടിക്കാണ്. ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്നു നാഴികയ്ക്കു നാല്പതുവട്ടം പറയുന്ന കമ്മ്യൂണിസ്ററു നേതാക്കളുടെ പ്രവൃത്തിയിതാണ്. ഈ പറച്ചിലിൽ വല്ല അർത്ഥവും ഉണ്ടോ എന്നു സംശയിക്കുന്നതിൽ എന്താണ് തെററ്. അപ്രകാരംതന്നെ ആലുവായിലെ ടി. സി. സി. ഫാക്ടറിയിലെ സ്ഥിതിയും പരിശോധിക്കാം. അവിടെയും ഇതുപോലെ ഇന്നേവരെ ഒരു തൊഴിലാളി യൂണിയനല്ലാതെ പ്രവർത്തിച്ചിട്ടില്ല. തൊഴിലാളികൾക്ക് ഒരു യൂണിയൻകൊണ്ടേ സൗകര്യങ്ങൾ ഉണ്ടാകുകയുള്ളു എന്നും, രണ്ടും മൂന്നും യൂണിയൻ സംഘടിപ്പിച്ചാൽ അവർക്ക് യാതൊന്നും നേടിയെടുക്കാൻ സാദ്ധ്യമല്ലെന്നും എല്ലാ രാഷ്ട്രീയകക്ഷികളും തൊഴിലാളിനേതൃത്വവും പരക്കെ സമ്മതിക്കുന്നതാണ്. പക്ഷേ തങ്ങളുടെ നേതൃത്വം താഴ്ന്നു പോകുന്ന അവസരത്തിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ദോഷമാണെന്നു അറിഞ്ഞുകൊണ്ടുതന്നെ എതിർ യൂണിയനു ശ്രമിക്കുന്നതു കഷ്ടമാണ്.

ശ്രീ. പി. ബാലചന്ദ്രമേനോൻ: പോലീസ് വെരിഫിക്കേഷൻ തൊഴിലാളികളുടെ ജോലിയിൽപോലും വരുമ്പോൾ മററു രക്ഷയ്ക്കുവേണ്ടി ഒന്നും ചെയ്യേണ്ട എന്നാണോ മെമ്പറുടെ വാദം. ഓരോ തൊഴിലാളിക്കും ഇഷ്ടമുള്ള യൂണിയനിൽ ചേരാനുള്ള അവകാശമില്ലേ?

ശ്രീ. ടി. ഒ. ബാവ: ഞാൻ പോലീസ്വെരിഫിക്കേഷൻെറ കാര്യം പറഞ്ഞില്ല. ഞാൻ പറഞ്ഞതു് പത്തിരുപതുകൊല്ലമായി രണ്ടായിരത്തിലധികം തൊഴിലാളികളുള്ള ഒരു ഫാക്ടറിയിൽ ഒരു യൂണിയൻമാത്രം നിലനിന്നിരുന്നിടത്തു് ഈ അടുത്തകാലത്തു് പത്തുപതിനഞ്ചുപേരെക്കൊണ്ടു് മറെറാരു തൊഴിലാളി യൂണിയൻ സംഘടിപ്പിക്കുന്നതു് തൊഴിലാളികളുടെ താൽപ്പര്യത്തിന്നു് എതിരാണെന്നാണ്. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽനിന്നു് എല്ലാ കക്ഷികളും പിൻമാറണം, അതു് തൊഴിലാളികളുടെ താൽപര്യത്തിനു് സഹായകരമായിരിക്കുമെന്നുള്ള വസ്തുത ഓർമ്മപ്പെടുത്താൻ വേണ്ടിയാണ് ഞാൻ പറഞ്ഞതു്. മറെറാന്നു ദേശീയവരുമാനത്തിൻെറ കാര്യം. ഇതുവരെ നമ്മുടെ ദേശീയവരുമാനത്തിൻെറ അധികപങ്കും ഒരുതരം കുത്തക മുതലാളികളുടെ കൈയ്യിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നതു്. അതു് ശ്രീമാൻ കുമാരൻ ഇവിടെ പറയുകയുണ്ടായി. ഈ രാജ്യത്തെ ഉൽപ്പാദനത്തിൻെറയും ദേശീയവരുമാനത്തിൻെറയും സിംഹഭാഗവും ഇത്തരത്തിലുള്ള കുത്തക മുതലാളിമാരുടെ കൈയ്യിൽപെട്ടിരിക്കുന്നു എന്ന കാര്യം വ്യക്തമായി മനസ്സിലാക്കിക്കൊണ്ടു് അതു മാററാൻ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് നിശ്ചയിച്ചിട്ടുള്ളതു നമുക്കറിയാവുന്നതാണ്. കോൺഗ്രസ്സുതന്നെ ഈ ന്യൂനത പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നു തീരുമാനിച്ചിട്ടുള്ളതു് ബഹു: മെമ്പറന്മാർക്കറിയാവുന്ന കാര്യമാണ്. സോഷ്യലിസം ഈ രാജ്യത്തു് നടപ്പിൽ വരുത്തണമെന്ന ഖണ്ഡിതമായി തീരുമാനമെടുത്തു് ഒരു ശരിയായ സമീപനരീതി സ്വീകരിച്ചിരിക്കുന്ന അവസരത്തിൽ കമ്മ്യൂണിസ്ററുപാർട്ടിയും മററു രാഷ്ട്രീയകക്ഷികളും കുഴപ്പങ്ങൾ സൃഷ്ടിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുവരുന്നതിൽ ഖേദിക്കേണ്ടിയിരിക്കുന്നു. വിലവർദ്ധനവിനെതിരായ സമരപരിപാടിയും മററും അതിൻെറ ഭാഗങ്ങളാണ്. ജനാധിപത്യമാർഗ്ഗത്തിൽ നമ്മുടെ രാജ്യത്തു് സോഷ്യലിസം നടപ്പാക്കുമ്പോൾ തൊഴിലാളികളുടെ താല്പര്യത്തെക്കുറിച്ചും അതു സാധിക്കുവാനുള്ള രീതിയെക്കുറിച്ചും ശ്രീമാൻ സ്റ്റീഫൻ പറയുകയുണ്ടായി. ഈ സമീപനത്തെ എ. ഐ. ടി. യു. സി. നേതൃത്വം അംഗീകരിക്കുന്നില്ല. വസ്തുതകൾ ശരിക്കു മനസ്സിലായിട്ടും തെററായ വഴിയിൽ തൊഴിലാളികളെ

LIBRARY ARCHIVES Kerala Legislative Assembly

നയിക്കാനാണ് ഇന്നും എ. ഐ. ടി. യു. സി. നേതൃത്വവും, കമ്മ്യൂണിസ്റ്റ് പാർട്ടിയും ശ്രമിക്കുന്നത് എന്നു പറയേണ്ടിയിരിക്കുന്നു. ദേശസാൽക്കരണകാര്യത്തിൽ കുത്തകമുതലാളിമാർ അനുകൂലികളല്ലെന്നു സ്പഷ്ടമാണ്. ഇൻഡ്യയിലെ ദേശീയ നേതാക്കന്മാർ ഈ കുത്തകക്കാരുടെ പിടിയിൽനിന്നും വ്യവസായങ്ങളെ വിടുർത്താൻ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്. ഇന്നലെ ലോകസഭയിൽ നമ്മുടെ ധനകാര്യമന്ത്രി ചെയ്തിട്ടുള്ള പ്രസ്താവന ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് മനസ്സിലായിക്കാണുമെന്ന് ആണ് എന്റെ വിശ്വാസം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: മോണോപ്പൊളി നിയന്ത്രണത്തിനു വേണ്ടി അമേരിക്കയിലും, ബ്രിട്ടണിലും അതുപോലുള്ള രാജ്യങ്ങളിലും മൊണോപ്പൊളി നിയന്ത്രിക്കുന്നതാണെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നും അതു നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത മെമ്പർക്കറിയാമോ?

ശ്രീ. ടി. ഒ. ബാവാ: ഇങ്ങനെ പറഞ്ഞാൽ ബുദ്ധിമുട്ടാണ്. നമ്മുടെ രാജ്യത്തെ സോഷ്യലിസ്റ്റ് വ്യവസ്ഥ അവിടെയുള്ളതുപോലെയല്ല. നമ്മുടെ രാജ്യത്ത് നടപ്പിൽ വരുത്താൻ തീരുമാനിക്കപ്പെട്ടിരിക്കുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥ ബ്രിട്ടനിലെയും അമേരിക്കയിലെയും രീതിയിലുള്ളതല്ലെന്ന് ബഹുമാനപ്പെട്ട മെംബർ മനസ്സിലാക്കിയാൽ കൊള്ളാം. ബ്രിട്ടനും അമേരിക്കയും സോഷ്യലിസ്റ്റ് രാജ്യങ്ങളല്ലെന്നു മെമ്പർക്കറിയാമല്ലോ.

ശ്രീ. സി. അച്ചുതമേനോൻ: ബഹുമാനപ്പെട്ട മെംബർ പറയുന്നത് ഇൻഡ്യയിൽ ഇപ്പോൾ സോഷ്യലിസ്റ്റ് വ്യവസ്ഥ നിലവിലുണ്ടെന്നാണോ? ശ്രീ. കൃഷ്ണമേനോൻ പറഞ്ഞത്, ഇപ്പോൾ മുതലാളിത്വ വ്യവസ്ഥ നിലവിലിരിക്കുകയാണെന്നും, അതിനു മാറ്റം വരുത്തി സോഷ്യലിസ്റ്റ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനു ശ്രമിക്കണമെന്നുമാണ്.

ശ്രീ. ടി. ഒ. ബാവാ: സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്കുള്ള പ്രയാണമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. കൃഷ്ണമേനോൻ പറഞ്ഞ ന്യൂനത പരിഹരിക്കുവാൻ ശ്രമിക്കുകയാണ്. അതിന്റെ രീതിയെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർക്ക് സംശയമില്ലെങ്കിലും അതിന്റെ സമീപനരീതിയെക്കുറിച്ചു വളരെ അധികം അഭിപ്രായവ്യത്യാസം ഉണ്ടാകാം. ഇന്നിവിടെ തൊഴിലാളികൾക്ക് കൂടുതൽ സൗകര്യം ലഭിക്കുന്നതിന്, അത്യാവശ്യമായ സാധനങ്ങൾ സൗകര്യമായി ലഭിക്കുന്നതിന്, ഭക്ഷ്യസാധനങ്ങളുടെ മേൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുമെന്ന് ധനകാര്യമന്ത്രിതന്നെ ലോകസഭയിൽ പ്രസ്താവിച്ചിട്ടുള്ളത് ഇതിന്റെ അടിസ്ഥാനത്തിൽ ആണ്. അങ്ങനെ ഉൽപാദനവിതരണകാര്യങ്ങളിൽ ശക്തിമത്തായ നിയന്ത്രണം ഭാവിയിൽ ഉണ്ടാകുമെന്നും ഓരോന്നോരോന്നായി ആ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഉള്ള വസ്തുത മനസ്സിലാക്കുകയാണെങ്കിൽ നിശ്ചയമായും ഐ. എൻ. ടി. യു. സി. യേയും അതുപോലെതന്നെ ഇവിടത്തെ ദേശീയ തൊഴിലാളി നേതൃത്വത്തേയും വിമർശിക്കുകയില്ലെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ അവസരത്തിൽ കൂടുതലായി ഒന്നുംതന്നെ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ട്രാൻസ്പോർട്ട് ജോലിക്കാരുടെ ക്യാൻറീൻ ട്രാൻസ്പോർട്ട് മന്ത്രികൂടിയായ തൊഴിൽവകുപ്പുമന്ത്രി ഒന്നു പരിശോധിക്കണം. അവർക്കു ക്യാൻറീനിൽ മനുഷ്യോചിതമായ രീതിയിൽ സൗകര്യമായ രീതിയിൽ സൗകര്യമായി ആരോഗ്യകരമായ വിധത്തിൽ അവിടെനിന്നെങ്കിലും ഭക്ഷണം കഴിക്കാനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. അതുപോലെതന്നെ സർക്കാർ കാൺഫറൻസുകൾ നടത്തി തീരുമാനമെടുത്താൽ, അത് ഇംപ്ലിമെന്റു ചെയ്യുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കണം, എന്തെങ്കിലും തീരുമാനം എടുത്തുകഴിഞ്ഞാൽ അതു നടപ്പിൽ വരുത്തുന്നതിനു കാലതാമസം ഉണ്ടാകുമ്പോൾ, തീർച്ചയായും ഈ രാജ്യത്തെ തൊഴിലാളികൾക്ക് അസംതൃപ്തിയുണ്ടാകും. കണ്ണൻദേവൻ കമ്പനിയിലും അതുപോലെയുള്ള പ്ലാൻറേഷനിലും ഏർപ്പെട്ടിരുന്ന തൊഴിലാളികൾ എല്ലാം മാസ്റ്ററിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവ]

ഒരു ദിവസം നമ്മുടെ രാജ്യത്തു് അടിയന്തിരാവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം ഞായറാഴ്ച ജോലി ചെയ്യാമെന്നു പറയുകയുണ്ടായി. അതിലേക്കു് യൂണിയൻ മാനേജ്മെൻറിനോടു് ആവശ്യപ്പെട്ടപ്പോൾ ഇന്നത്തെ നിയമപ്രകാരം അനുവദിക്കാൻ നിവൃത്തിയില്ലെന്നും, സർക്കാർ അംഗീകരിക്കുകയാണെങ്കിൽ, സമ്മതമാണെന്നും മാനേജ്മെൻറിൻെറ ഭാഗത്തുനിന്നും മറുപടി പറഞ്ഞു. നിയമത്തിൽ മാററം വരുത്തുന്നതിനു് തൊഴിലാളി യൂണിയൻ സർക്കാരിലേക്കു് എഴുതിയിട്ടു് ഒരു തീരുമാനവും ചെയ്തിട്ടില്ല. ഉൽപാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തൊഴിലാളികൾ ഒന്നടങ്കം അങ്ങേയററം താൽപര്യം കാണിക്കുന്നുണ്ടെങ്കിലും, മാനേജ്മെൻറു് അതിനു് നിയമത്തിൻെറ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞപ്പോൾ, അതു് സർക്കാരിൻെറ കൈയിൽ എത്തിയിട്ടു് ഒരു തീരുമാനമെടുക്കുന്നതിനു താമസം നേരിടുന്നു. ഉൽപാദന വർദ്ധനവിനുവേണ്ടി തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന താൽപര്യത്തിനു് അനുസരണമായ നിലപാടു് നമ്മുടെ സർക്കാരും ഉദ്യോഗസ്ഥന്മാരും പ്രദർശിപ്പിക്കണമെന്നു ഓർമ്മിപ്പിച്ചുകൊണ്ടു് ഞാൻ ഈ ഡിമാൻഡിനെ അനുകൂലിക്കുന്നു.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ): ഈ ഡിമാൻഡിനെ സംബന്ധിച്ചു് പന്ത്രണ്ടോ പതിമൂന്നോ ബഹുമാനപ്പെട്ട മെംബറന്മാർ സംസാരിക്കുകയുണ്ടായി. അതിൽ പൊതുവെയുള്ള കാര്യങ്ങളെ സംബന്ധിച്ചും ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചകളേയും അമാന്തങ്ങളെയും സംബന്ധിച്ചും പറയുകയുണ്ടായി. ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പറഞ്ഞ എല്ലാ കാര്യങ്ങളും ഓരോന്നോരോന്നായി എടുത്തു മറുപടി പറയാൻ സമയമില്ലാത്തതുകൊണ്ടു് അതിനെപ്പററി പൊതുവെ പറയുകയാണു്. പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. എല്ലാ കാര്യങ്ങളും പരിശോധിച്ചു് കൂടുതൽ ശ്രുഷ്കാന്തിയോടും നിഷ്കർഷയായും നടത്താൻ ശ്രമിക്കുന്നതാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. നമ്മുടെ തൊഴിൽ നയത്തെപ്പററി പറയുമ്പോൾ അതു പ്രത്യേകമായി ഈ രാജ്യത്തെ എല്ലാ കാര്യങ്ങളെയും മാററിവച്ചു് പറയാൻ സാദ്ധ്യമല്ല. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയശേഷം ഈ രാജ്യത്തിൻെറ മുന്നോട്ടുള്ള വളർച്ചയു് എതെല്ലാം തരത്തിലാണു് പാളിസി സംഘടിപ്പിക്കേണ്ടതെന്നു കണക്കാക്കി തന്നെയാണു് തൊഴിൽ നയവും ആവിഷ്ക്കരിച്ചിട്ടുള്ളതു്. അതു് ഇനിയും ഇവോൾവു ചെയ്തുവരികയാണു്. ഈ രാജ്യത്തിൻെറ Planned economy യുടെ വളർച്ചയു് അനുസരിച്ചു് തന്നെ അതിലും പുരോഗതിയുണ്ടാകും. ഇൻഡ്യയെ സംബന്ധിച്ചു് പറയുകയാണെങ്കിൽ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം, രണ്ടു പ്ലാൻ പ്രവർത്തനം നടത്തിയതിൽ ദേശീയമായിട്ടുള്ള ഉയർച്ച ഉണ്ടായിട്ടുണ്ടു്. അങ്ങനെ ഉയർച്ച ഉണ്ടാകുന്നതോടൊപ്പം തന്നെ, എല്ലാവരും സമ്മതിക്കുന്ന ദുർബലവിഭാഗത്തിൻെറ കാര്യത്തിൽ, (അവരാണു് അധികവും) നിയമനിർമ്മാണം വഴിയും അല്ലാതെയും ഏതെല്ലാം വിധത്തിൽ അവരുടെ ജീവിത നിലവാരം ഉയർത്താൻ സാധിക്കുമോ അതെല്ലാം കേന്ദ്ര ഗവണ്മെൻറും സംസ്ഥാന ഗവണ്മെൻറും ആവിഷ്കരിച്ചിട്ടുണ്ടു്. അവരുടെ കൂലിയുടെ കാര്യം സോഷ്യൽ സെക്യൂറിററി, വിദ്യാഭ്യാസപരമായ കാര്യങ്ങൾ എന്നിവകൾ എല്ലാം ഗണിക്കപ്പെടുന്നുണ്ടു്. രാജ്യത്തിൻെറ ഉയർച്ച അവരുടെ ഉയർച്ചയാണു്. ചുരുക്കിപ്പറഞ്ഞാൽ, സോഷ്യലിസ്റ്റു് വ്യവസ്ഥ വേണമെന്നു തീരുമാനിച്ചു കഴിഞ്ഞു. അതൊരു വയലൻറു് ടോട്ടലിറേററിയൻ സമ്പ്രദായം വഴി നടത്താൻ ഉദ്ദേശിക്കുന്നില്ല. ഈ രാജ്യത്തുള്ള കഷ്ടപ്പാടുകളും, ദുരിതങ്ങളും കുറയ്ക്കുന്നതിനു് എന്തെല്ലാം ചെയ്യണമെന്നു് അറിഞ്ഞുകൊണ്ടുതന്നെ മുമ്പോട്ടു പോവുകയാണു്. അതിൻെറ അടിസ്ഥാനത്തിൽതന്നെയാണു് ഈ രാജ്യത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ആവശ്യമെന്നു കണ്ടാൽ നിയമനിർമ്മാണങ്ങൾ ഉടനെ ഉണ്ടാകുന്നതും, അല്ലാത്തകാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ഇരു കക്ഷികളുമായി സൗഹാർദ്ദ നിലയിൽ ഓരോ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളവും എന്തെല്ലാം ബലഹീനതകൾ ഉണ്ടു്, എന്തെല്ലാം ശക്തിയുണ്ടു്, കഴിവുണ്ടു് എന്നെല്ലാം അറിഞ്ഞു് തീരുമാനത്തിനു വിധേയമാക്കണമെന്നുള്ള നിലപാടു്

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിട്ടുള്ളതും. മററു രാജ്യങ്ങളിൽ അങ്ങനെയല്ല. ഇപ്പോൾ സഖാവ് ക്രൂഷേവ് പല പ്രസ്താവനകളും ചെയ്തതായി പത്രങ്ങളിൽ കാണാനുണ്ട്. കാർഷിക രംഗത്ത് പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിന് മററു രാജ്യങ്ങളിൽ സ്വീകരിച്ചിട്ടുള്ള സമ്പ്രദായത്തെ തള്ളണമെന്നും ബുദ്ധിയുള്ളവർ അതു സ്വീകരിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. നമ്മുടെ സഖാവ് ബാലചന്ദ്രമേനോനും ഇവിടത്തെ തൊഴിൽകാര്യത്തെപ്പററി വിമർശിച്ചപ്പോൾ സഖാവ് ക്രൂഷേവ് പുനരാലോചിക്കുന്നതിൽ വിരോധമില്ലെന്നുള്ള നിലയാണെടുത്തിട്ടുള്ളത്. ഈ രാജ്യത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, പൊതുവെ പറഞ്ഞാൽ അവരവരുടെ കാര്യങ്ങൾ നോക്കാൻ അവർ ആരുടെയും പിന്നിലാണെന്നു പറയാൻ നിവൃത്തിയില്ല. ഞാൻ ട്രേഡ് യൂണിയന്റെ കണക്കു പറയാം. ഇവിടെ 1676 ട്രേഡു യൂണിയനുകളുണ്ട്. ഇൻഡ്യയിൽ ആകെയുള്ളതിന്റെ അഞ്ചിലൊന്ന് നമ്മുടെ കേരളത്തിലുണ്ട്. അതുകൊണ്ട് ഇവിടത്തെ തൊഴിലാളികൾക്ക് സംഘടിക്കാനോ സമരം ചെയ്യാനോ നല്ലപോലെ ആലോചിച്ച് ഡിമാൻഡു വയ്ക്കാനോ കഴിവില്ലെന്നു പറഞ്ഞാൽ ആരും വിശ്വസിക്കാൻ പോകുന്നില്ല. ഇനി ഓരോ യൂണിററിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ചില യൂണിററിൽ 10 യൂണിയൻ വരെയുണ്ട്. ഈ 10 ട്രേഡു യൂണിയനും മത്സരിച്ചുകൊണ്ട് ഞാൻ മുമ്പിൽ ഞാൻ മുമ്പിൽ എന്ന മട്ടിൽ ഡിമാൻഡുകൾ വയ്ക്കുന്നുണ്ട്. ട്രാൻസ്പോർട്ടു തന്നെ എടുക്കാം. ട്രാൻസ്പോർട്ടിൽ പല യൂണിററുകളും ഉണ്ട്.

<u>ശ്രീ. പി. ബാലചന്ദ്രമേനോൻ:</u> മെജോറിററിയുള്ള യൂണിയനെ അംഗീകരിക്കുക.

<u>ശ്രീ. കെ. ടി. അച്യുതൻ :</u> നിയമനിർമ്മാണം കൂടാതെ കോഡ് ആഫ് കോണ്ടക്ററു വച്ചുതന്നെ ഒരു റഫറണ്ടമൊ പരിശോധനയൊ നടത്തി അതിൽ ഏററവും അംഗത്വമുള്ള യൂണിയന് റെപ്രസെന്റേഷൻ കപ്പാസിററി കൊടുക്കാനും ഇത്രയുണ്ടെങ്കിൽ അംഗീകാരം കൊടുക്കാനും ഏർപ്പാട് ആവിഷ്കരിക്കുന്നത് ഇതിനുവേണ്ടിയാണ്. പക്ഷേ, അതിലും, പ്രതിബന്ധം പലതുമുണ്ട്. ശ്രീ. സ്റ്റീഫനും ബാലചന്ദ്രമേനോനും പറയുകയുണ്ടായി, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ പരിഗണനകളെല്ലാം മാററിവച്ച് ദേശീയമായ നിലയിൽ മുന്നോട്ടു പോകുന്നുണ്ടെന്ന്. അങ്ങനെ രാജ്യതാൽപര്യത്തെ മുൻനിറുത്തി പോകുന്നത് നല്ല ലക്ഷണമായി ഞാൻ കാണുന്നു. ഞാൻ ഈ വകുപ്പിന്റെ ചുമതല എടുത്തതിനുശേഷം, ഇക്കാര്യത്തിൽ പൊതുവെ തൊഴിലാളികൾ ഒരു നല്ല സമ്പ്രദായത്തിൽ മുന്നോട്ടു പോകാൻ തുടങ്ങിയിട്ടുണ്ടെന്നു അഭിമാനപൂർവ്വം പറയാം. ഈ രാജ്യത്തെ സംബന്ധിച്ച് പൊതുവെ പറയുകയാണെങ്കിൽ, തൊഴിലാളികൾക്ക് ന്യായമായി കിട്ടേണ്ട ആവശ്യത്തെ സംബന്ധിച്ചിടത്തോളം ഈ സർക്കാർ ഒരിക്കലും പിന്നിലല്ല. ഈ രാജ്യത്തു് മിനിമംകൂലി നിശ്ചയിച്ച വ്യവസായങ്ങളുടെ എണ്ണം 19 ആണ്. അതിൽ ചില വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം മിനിമം കൂലിക്കു പുറമെ ഡി. എ. യും നിശ്ചയിച്ചു കഴിഞ്ഞു. അതിൽ ചിലതിനെ സംബന്ധിച്ചിടത്തോളം ഡി. എ. ജീവിത സൂചികയുടെ അടിസ്ഥാനത്തിൽ ഇൻക്രീസു ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. എ. ഐ. ററി. യു. സി. അഖിലേന്ത്യാ അടിസ്ഥാനത്തിൽ 20 ശതമാനം കൂലി വർദ്ധിക്കണമെന്ന് ഒരു ഡിമാൻഡ് വച്ചിട്ടുണ്ട്. മിനിമം വേജ് നിശ്ചയിക്കുന്ന കാലഘട്ടത്തിൽ ഒക്കെത്തന്നെ അന്നത്തെ സ്ഥിതി അനുസരിച്ച് ബേസിക് കൂലി കൂട്ടാറുണ്ട്. ഇന്ന് സാധനങ്ങളുടെ വില വർദ്ധിച്ചതുകൊണ്ട് ഇന്നത്തെ കൂലി വച്ചുകൊണ്ട് ജീവിക്കാൻ പ്രയാസമുണ്ട്. അതുകൊണ്ടാണ് ഇന്നു ഗവണ്മെന്റു....

<u>ശ്രീ. പി. ബാലചന്ദ്രമേനോൻ :</u> മിനിമംവേജ് എങ്ങനെ നിശ്ചയിക്കണമെന്നും ഏതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും ഇൻഡ്യൻ ലേബർ കാൺഫറൻസ് ഈയിടെ മാത്രമെ പറഞ്ഞിട്ടുള്ളു. അതിന്റെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്യണം. അതിനു വല്ല സ്റ്റെപ്പും എടുത്തിട്ടുണ്ടോ എന്നാണറിയേണ്ടത്. ഇൻഡ്യാ ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുപോലും ചെയ്തിട്ടില്ലെന്നാണോ ധരിക്കേണ്ടത്.

ശ്രീ. കെ. ടി. അച്യുതൻ: മിനിമംവേജ് എന്നു പറഞ്ഞാൽ ലിവിംഗ് വേജ് എന്ന് അർത്ഥമാക്കേണ്ടതില്ല. ഇൻഡ്യയിലൊ കേരളത്തിലൊ ലിവിംഗ് വേജ് മിനിമം വേജ് ആയി കൊടുത്തു എന്നു അഭിമാനിക്കുന്നില്ല. പക്ഷെ ചില വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഫെയർ വേജ് ഉണ്ടാക്കിയിട്ടുണ്ട്, ടെക്സ്റൈറൽസ്. അങ്ങിനെയുള്ളിടത്തു് ഫെയർ വേജ് കിട്ടുന്നുണ്ടെന്നു നമുക്കു് സമാധാനിക്കാം.

അതുവച്ചു നോക്കുമ്പോഴാണ് ഇന്നു സാധനങ്ങളുടെ വില അല്പം കൂടി എന്നു പറഞ്ഞുകൊണ്ടു അതിനനുസരണമായി വേജസ് 20 ശതമാനം കൂട്ടണം എന്നു പറയാൻ ന്യായമില്ല എന്നു ഞാൻ പറയുന്നതു്. രണ്ടു ദിവസങ്ങൾക്കുമുമ്പ് കേന്ദ്രഗവണ്മെൻറിൻെറ തൊഴിൽവകുപ്പു മന്ത്രിയും വ്യവസായ വകുപ്പു മന്ത്രിയും ഇതു സംബന്ധിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ പത്രത്തിൽ വന്നിട്ടുള്ളതു എൻെറ കൈവശമുണ്ടു്. അവർ പറഞ്ഞതു് ഇതെ സംബന്ധിച്ചു പല കാര്യങ്ങളും കേന്ദ്രഗവണ്മെൻറു ചെയ്യാൻ പോകുകയാണ് എന്നാണ്. അതുപോലെതന്നെ ഈ രാജ്യത്തുള്ള വലിയ പണക്കാരായിട്ടുള്ള ആളുകളുടെ പണത്തെ സംബന്ധിച്ചിടത്തോളം മാണിട്ടറി പാളിസിയിൽതന്നെ ചില കാര്യങ്ങൾ ചെയ്യുന്നതിനായി ആലോചിക്കുന്നുണ്ടു് എന്നും പറഞ്ഞിട്ടുണ്ടു്. അങ്ങനെ കേന്ദ്രഗവണ്മെണ്ടു് കൂടുതൽ കാര്യങ്ങൾചെയ്യാൻ പോകുന്നു എന്നു കേന്ദ്ര ധനകാര്യമന്ത്രി ടി. ടി. കൃഷ്ണമാചാരിതന്നെ പ്രസ്താവിക്കയുണ്ടായി. ഇന്നു സ്റ്റേറ്റുഗവണ്മെൻറും അക്കാര്യങ്ങളിൽ മുന്നോട്ടു പോകുകയാണ്. മിനിമം വേജസ്, കാസ്റ്റ് ആഫ് ലിവിംഗ്ഇൻഡക്സ് ഉയർന്നിട്ടുള്ളതിനനുസരണമായി റിവൈസ്് ചെയ്യുന്ന കാര്യത്തിൽ സർക്കാർ ഒരു കാര്യംചെയ്യാൻ പോകുകയാണ്. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇവിടെയുള്ള അഡ്വൈസറി ബോർഡിനോടു് ആലോചിച്ചു അവരുടെ ഉപദേശമനുസരിച്ചു ചെയ്യാൻ പോകുകയാണ്. സാധനങ്ങളുടെ വിലക്കൂടുതൽ വന്നിട്ടുള്ളതിനെ പരിഗണിച്ചു നിങ്ങൾ അതിനനുയോജ്യമായ വിധത്തിൽ ഉപദേശം തരണമെന്നു പറഞ്ഞു. ഏകദേശം പത്തു പതിന്നാലു വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡിനുതന്നെ അയക്കാൻ പോകുകയാണ്. അതു കിട്ടികഴിഞ്ഞാൽ നിയമപ്രകാരം ഉള്ള നടപടി സ്വീകരിച്ചു നോട്ടിഫൈ ചെയ്തു കഴിഞ്ഞതിനു ശേഷം വേണ്ടതു ചെയ്യുന്നതാണ്. കേന്ദ്രഗവണ്മെൻറും സ്റ്റേറ്റു ഗവണ്മെൻറും ഈ സാധനങ്ങളുടെ വില കുറയ്ക്കാൻവേണ്ടിയുള്ള നടപടികൾ........

ശ്രീ. പി. ബാലചന്ദ്രമേനോൻ: വർക്കിംഗ് ക്ലാസ് കാസ്റ്റ് ആഫ് ലിവിംഗ് ഇൻഡക്സ് തയാറാക്കിയിട്ടുള്ളതിൽ വല്ല പിശകും ഉണ്ടായിട്ടുണ്ടോ എന്നു നോക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: വർക്കിംഗ് ക്ലാസ് കാസ്റ്റ് ആഫ് ലിവിംഗ് ഇൻഡക്സ് തയാറാക്കിയതിൽ ബാംബയിൽ മഹാരാഷ്ട്രാ ഗവണ്മെൻറു ഒരു സാധനത്തിനുപകരം മറെറാരു സാധനത്തിൻെറ വില കണക്കാക്കിയതിൽ ഒരു തെററു വന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇവിടെ ഞങ്ങൾ പരിശോധിച്ചു നോക്കിയപ്പോൾ ശരിയായിട്ടുള്ള വ്യവസ്ഥകൾതന്നെ ഇപ്പോൾ അതിൽ കൈക്കൊള്ളാം എന്നു തീരുമാനിച്ചു. അതായതു്, പത്തുപത്തു കൊല്ലം കഴിയുമ്പോൾ ഈ കാസ്റ്റ് ആഫ് ലിവിംഗ് ഇൻഡക്സിൽ മാററം വരുത്താം എന്നുണ്ടു്. സാധാരണ പത്തു കൊല്ലം കഴിയുമ്പോൾ ഒരു കുടുംബത്തിൽ പല മാററങ്ങളും വരുമെന്നാണു വച്ചിരിക്കുന്നതു്. അങ്ങനെ അടുത്തകൊല്ലം പത്തുകൊല്ലം പൂർത്തിയാകാൻ പോകുകയാണ്. അതല്ലാതെ ഈ കൊല്ലത്തിൽതന്നെ ഒരു കുടുംബത്തിലെ ജനങ്ങൾക്കു മാററം വന്നിട്ടുണ്ടെന്നുള്ള കണക്കിലെടുത്തുകൊണ്ടു അതിനെ കണക്കാക്കിക്കൊണ്ടു കണക്കുണ്ടാക്കാൻ പ്രയാസമാണു. ഇവിടെ വാസ്തവത്തിൽ യാതൊരു പിശകുമില്ല. അന്വേഷണം നടത്താൻ പോകുന്ന ആളിൻെറകൂടെ എംപ്ലോയറും, തൊഴിലാളി പ്രതിനിധിയും കൂടി പോയി അന്വേഷണം നടത്തണം എന്നു പറഞ്ഞാൽ അതു പ്രയാസമാണ്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബാലചന്ദ്രമേനോൻ: കാസ്റ്റ് ആഫ് ലിവിംഗ് ഇൻഡക്സ് തയ്യാറാക്കുന്നതിനു ഒരു ട്രേഡ് യൂണിയൻ റപ്രസന്റേറ്റീവും സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥനും എംപ്ലോയറും കൂടി അന്വേഷണം നടത്തണമെന്നല്ലാ കൺസൾട്ടു ചെയ്യണമെന്നുള്ളതാണ്. അതല്ലാതെ അന്വേഷിച്ചു പോകണ്ട.

ശ്രീ. കെ. ടി. അച്യുതൻ: അതാണ് ഇപ്പോൾ വിലക്കുടുതലിനെസംബന്ധിച്ചു ഗവണ്മെന്റു ചെയ്യാൻ പോകുന്നതു്.

ഇവിടത്തെ കൺസ്യൂമേഴ്സ് കോവാപ്പറേറ്റീവ് സ്റ്റോർസിനെ സംബന്ധിച്ചുപറഞ്ഞു. ഇക്കാര്യം അഖിലേൻഡ്യാ ട്രേഡ് യൂണിയൻതന്നെ അതിന്റെ സമ്മേളനത്തിൽവച്ചു പറഞ്ഞിട്ടുള്ളതാണ്. അതേസംബന്ധിച്ചുള്ള ഒരു പ്രമേയവും അവർ പാസാക്കിയിട്ടുള്ളതാണ്. അതായതു്, ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങളിൽ മുന്നൂറിൽ കൂടുതൽ തൊഴിലാളികൾ ജോലിക്കാരായിട്ടുണ്ടെങ്കിൽ അവിടെ കൺസ്യൂമേഴ്സ് കോവാപ്പറേറ്റീവ് സൊസൈറ്റികൾ സംഘടിപ്പിക്കണമെന്ന്. അതു ഒരു നിയമനിർമ്മാണം വഴി ചെയ്യാൻ പോകുകയാണ്. അതിനുവേണ്ടി കേന്ദ്രഗവണ്മെന്റുതന്നെ നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കേന്ദ്രഗവണ്മെന്റും സ്റ്റേറ്റു ഗവണ്മെന്റുകളും ജനങ്ങൾക്കു ന്യായമായ വിലയ്ക്കു സാധനങ്ങൾ കിട്ടാൻവേണ്ടിയുള്ള നിയമനിർമ്മാണം ഉണ്ടാക്കാൻ പോകുകയാണ്. ഈ ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റുമായി അതേപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്. ആവശ്യമെന്നു തോന്നുന്ന പക്ഷം കേന്ദ്രഗവണ്മെന്റിനോടു ചേർന്നു ഡിഫൻസ് ആഫ് ഇൻഡ്യാ റൂൾസ് വച്ചുകൊണ്ടുതന്നെ സാധനങ്ങൾ അമിതമായ വിലയ്ക്കു വിൽക്കുന്നവരുടേയും അമിതമായ വിലയ്ക്കു വിൽക്കാൻവേണ്ടി സാധനങ്ങൾ ഹോർഡു ചെയ്യുന്നവരുടേയും മേൽ നടപടി നടത്താൻ പോകുകയാണ്. ഇതു വെറുതെ പറയുന്നതല്ല. മുതലാളിമാരുടെ മൂട് താങ്ങും ഗവണ്മെന്റു എന്നു പറയുന്ന കാലം പണ്ടാണ്. ഇന്നീ രാജ്യത്തെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒന്നും ആരും ചെയ്യാൻ പോകുന്നില്ല. ആൺസോഷ്യൻ എലിമെന്റ്സ് എവിടെ ഉണ്ടെന്നു അറിഞ്ഞാലും അവരെ തേടിപ്പിടിച്ചു ശിക്ഷിക്കും.

സർ, ഇവിടത്തെ തൊഴിൽ തർക്കങ്ങളെപ്പറ്റി വളരെ പ്രസംഗിച്ചു. നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽമാത്രം തൊഴിൽതർക്കം അഡ്ജൂഡിക്കേഷനു പോകുന്നുണ്ട്. ഈ കൊല്ലത്തിൽ 3050 തൊഴിൽതർക്കം ഉണ്ടായതിൽ 2570 ഡിസ്പ്യൂട്ട്സ് കക്ഷികളെ പിടിച്ചിരുത്തി പറഞ്ഞു തീർത്തതിന്റെ ഫലമായി 200 ഡിസ്പ്യൂട്ട്സായി. ആർബിട്രേഷനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ വളരെ ഒന്നും മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. അതിന്റെ momentum കൂടി വരികയാണ്. 18 ഡിസ്പ്യൂട്ട്സ് മാത്രമേ ആർബിട്രേഷനു അയയ്ക്കാൻ സാധിച്ചുള്ളു. സർക്കാർ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ ഡിസ്പ്യൂട്ട്സിനെ സംബന്ധിച്ചും നിവൃത്തിയുള്ളിടത്തോളം ആർബിട്രേഷനു അയയ്ക്കാൻ നടപടിയെടുത്തുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കണ്ടറയുള്ള ഒരു ഫാക്ടറിയെ സംബന്ധിച്ചിടത്തോളം നടപടിയെടുത്തുകഴിഞ്ഞിട്ടുണ്ട്.

പ്ലാന്റേഷനെ സംബന്ധിച്ചു വളരെ കുറച്ചേ പറഞ്ഞുള്ളു. അവിടെ മിനിമം വേജസ് കൊടുക്കുന്നതിനെക്കുറിച്ചു പറഞ്ഞു. അതിന്റെ ഇന്നത്തെ നില അതു ഒരു വേജ് ബോർഡിന്റെ കീഴിലായിരിക്കുകയാണ്. ഇന്നത്തെ ഘട്ടത്തിൽ അവസാനതീരുമാനം വരാൻ കാലതാമസം വരുന്നുണ്ടെങ്കിൽ ഇന്നയിന്ന ഘട്ടത്തിൽ ഇത്രയുംകൂടി കൂട്ടിക്കൊടുക്കണം എന്നുപറയും. അങ്ങനെ അതു മുക്കാലേഅരക്കാലായികഴിയുമ്പോഴേക്കും അതിനൊരു തീരുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കാം. പ്ലാന്റേഷന്റെ തീരുമാനം വരുന്നതിനു മുമ്പുതന്നെ അതു ഇവിടെ അറിയാവുന്ന കാര്യമാണ്. ഗവണ്മെന്റിനുതന്നെ ആ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നുള്ളതു് ആലോചിക്കുന്നതാണ്. ഈ കാര്യം ഇവിടത്തെ ബോർഡു നിശ്ചയിക്കേണ്ട കാര്യമാണ്. കേരളത്തെ

[ശ്രീ. കെ. ടി. അച്യുതൻ]

സംബന്ധിച്ചിടത്തോളം വലിയ തൊഴിൽ തക്കം ഉണ്ടാകുമ്പോൾ അഡ്ജൂഡിക്കേഷനു വിടുന്നതിനായി ഉന്നതമായ നിലയിലുള്ള തൊഴിലാളി പ്രതിനിധിയും മുതലാളിപ്രതിനിധിയും ഒരു ഹൈക്കോടതി ജഡ്ജി അദ്ധ്യക്ഷനുമായിട്ടുള്ള ഒരു കമ്മററി രൂപീകരിക്കാൻ തീരുമാനിച്ചുകഴിഞ്ഞു.

സർ, ക്യാഷ്യൂ ഇൻഡസ്ട്രിയെപ്പററി ശ്രീമാൻ സ്റ്റീഫൻ പറഞ്ഞു. കാസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് 475 പോയിൻറിനു മുകളിൽ വന്നുകഴിഞ്ഞാൽ രണ്ടാമതു അഡ്വൈസറി ബോർഡിനയക്കണമെന്നു നേരത്തെ ഒരു വ്യവസ്ഥയുള്ളതനുസരിച്ചു അതു ഇന്നലെ തീരുമാനിച്ചു. ക്യാഷ്യൂഇൻഡസ്ട്രീസ് സീസണലാണോ നാൺസീസണലാണൊ എന്നുള്ളതു തീരുമാനിക്കപ്പെട്ടുകഴിഞ്ഞു. അതു നാൺസീസണലാണെങ്കിലും പണ്ടു രണ്ടുമൂന്നുമാസം തൊഴിലില്ലാതായിരുന്നതു ഇപ്പോൾ 15-ം 20-ം ദിവസമെങ്കിലും തൊഴിലില്ലാതായിത്തീരും. അന്നും അവക്കു ചില വേതനം കിട്ടുന്നതിനു നമ്മുടെ തൊഴിലാളി സുഹൃത്തുക്കളെ സംബന്ധിച്ചിടത്തോളം എന്താണു അതിനു പരിഹാരം കാണേണ്ടതു് എന്നു ആലോചിച്ചു കേന്ദ്രഗവണ്മെൻറിൽ ചില നിർദ്ദേശങ്ങൾ ഈ ഗവണ്മെൻറു് വച്ചിട്ടുണ്ടു്. ഇപ്പോൾ ഇൻഡ്യാഗവണ്മെൻറു കോൾ മൈൻ വെൽഫയർ ഫണ്ടു എന്നുള്ളപേരിൽ ഒരു ഫണ്ടുണ്ടാക്കിയിരിക്കുന്നതു പോലെ ഒരു ഫണ്ടുണ്ടാക്കുന്നതിനായി കേന്ദ്രഗവണ്മെൻറിൽ ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടു്. തീർച്ചയായും അതു അനുകൂലമായി പരിഗണിക്കാൻ സാദ്ധ്യതയുണ്ടെന്നു വിശ്വസിക്കുന്നു.

ശ്രീമാൻ ബാലചന്ദ്രമേനോൻ പറഞ്ഞു, ഈ ഗവണ്മെൻറു ഒരു ഫാസിസ്റ്റ് ടെൻഡൻസി കാണിക്കുന്നു എന്നു്. തെരഞ്ഞെടുപ്പു അടുത്തിരിക്കുന്ന അവസരത്തിൽ എന്തുവേണമെങ്കിലും തട്ടിമൂളിക്കാം. ഇവിടെ ഏതെങ്കിലും തക്കം ഉണ്ടാകുകയാണെങ്കിൽ ഇരുകക്ഷികളെ സംബന്ധിച്ചിടത്തോളവും സൗഹാർദ്ദമായി കൊണ്ടുപോകാൻ ഉള്ള എല്ലാനടപടിയും ഗവണ്മെൻറു നോക്കും. അല്ലാതെ ഇവിടെ യൂണിയനിൽ അധികം ആളുകൾ ഉണ്ടെന്നുള്ളതിനെയല്ലാ നോക്കുന്നതു്. നമ്മുടെതു മിക്സഡ് എക്കണോമിയാണു്. അതുകൊണ്ടു അതു വച്ചുകൊണ്ടുതന്നെ പ്രൈവററു ഉടമകളെ സംബന്ധിച്ചിടത്തോളം അവർ അതിനു വേണ്ടി ഇൻവെസ്റ്റ് ചെയ്യണം. അതു ചെയ്യുന്നുണ്ടോ എന്നു ഈ ഗവണ്മെൻറു ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണു്. അതു തൊഴിലാളികളുടെഗുണത്തിനുവേണ്ടിയുള്ളതാണു്. അതു കിട്ടിയതു വച്ചുകൊണ്ടു വേഗത്തിൽ പങ്കുവയ്ക്കണം എന്നുപറഞ്ഞാൽ ഒന്നുമില്ലാതെ പോകും.

പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനെപ്പററി പ്ലാനിംഗ് കമ്മിഷൻ വൈസ്പ്രസിഡൻറു ശ്രീ. അശോകമേത്താ വളരെ അധികം പറഞ്ഞു. വ്യവസായങ്ങളിൽ ഇൻവെസ്റ്റ് ചെയ്തു ധാരാളം ക്യാപിററൽ ഫാർമേഷനുണ്ടാക്കുന്നതിനു ഈ തലമുറയ്ക്കു ക്ലേശങ്ങൾ ഉണ്ടായാൽതന്നെയും ഇനി വരുന്ന തലമുറയ്ക്കു അതു മെച്ചമായിരിക്കും എന്നു്. അതിനു നാം തയ്യാറായിരിക്കണം. അതിനു തൊഴിലാളികൾ കുറെ പരിശ്രമിക്കണം. എങ്കിൽ മാത്രമേ അവക്കു് മുന്നോട്ടു പോകാൻ സാധിക്കയുള്ളു.

പിന്നെ പല ബ: ഹു: മെമ്പറന്മാരും പല പ്രശ്നങ്ങളെപ്പററിയും പറയുകയുണ്ടായി. മി. ഗോപാലൻ പറഞ്ഞു മോട്ടോർ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മിനിമം വേജസ് മലബാറിൽ നടപ്പിൽ വരുത്തിയിട്ടില്ലാ എന്നു്. അങ്ങനെ വരാൻ വഴിയില്ലാ, നോക്കാം.

ശ്രീമാൻ ഡിക്രൂസ് ചില കാര്യങ്ങൾ പറയുകയുണ്ടായി. ഞാൻ പറഞ്ഞതു കഴിഞ്ഞകൊല്ലമുണ്ടാക്കിയ തീരുമാനം അടിസ്ഥാനമാക്കിയാണു്. അതു രണ്ടു കൂട്ടരും കൂടി ഒപ്പിട്ടു കൊടുത്തിട്ടുള്ള തീരുമാനമാണു്. അതുകൊണ്ടു് ആ ജോലിക്കാർ കൂലി വാങ്ങിക്കാൻ പേമെൻറു ആഫ് വേജസ് ആക്ടനുസരിച്ചു........

ശ്രീ. ആൻറണി ഡിക്രൂസ്: ഈ കഴിഞ്ഞകൊല്ലത്തെ ആ എഗ്രിമെൻറു് നിലവിലില്ലാ എന്നു സെഷൻസു കോടതി വിധിച്ചിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ: അറിഞ്ഞുകൂടാ. പാർട്ടികൾ ഒപ്പിട്ടുകൊടുത്ത എഗ്രിമെൻറല്ലേ. ശ്രീമാൻ ഡിക്രൂസ് അതു ഒപ്പിട്ടുകൊടുത്തു കഴിഞ്ഞതല്ലെ. പിന്നെ അതു വേണ്ടാ എന്നു പറഞ്ഞാൽ നിയമപ്രകാരം അതു ഫർഫീററ് ചെയ്യണം. അതനുസരിച്ചു ഞാൻ പറയുന്നതാണ്. കഴിഞ്ഞകൊല്ലം കപ്പലിൽ നിന്നും മൂന്നൂറു ചാക്ക അരി കരയിൽ അടുപ്പിച്ചില്ല.........

ശ്രീ. പി. വിശ്വംഭരൻ: ആ എഗ്രിമെൻറു കഴിഞ്ഞിട്ടല്ലേ സബ്ബ് കൺട്രാക്ടറന്മാർ പണം പററാൻ പാടില്ലാ എന്നു പറഞ്ഞതു്. അപ്പോൾ ആ എഗ്രിമെൻറു റദ്ദായി പോകുകയില്ലേ.

ശ്രീ. ആൻറണി ഡിക്രൂസ്: ആ എഗ്രിമെൻറു കോടതിയിൽ ഹാജരാക്കുകയും കോടതി അതു് എക്സിബിററായി സ്വീകരിച്ചിട്ടുണ്ട്. മന്ത്രിക്കു ഈ വിവരങ്ങൾ ഉദ്യോഗസ്ഥന്മാരോ അല്ലാത്തുള്ളവരോ തരുന്നതു തെററായിട്ടാണ് എന്നു ഞാൻ പറയാൻ കാരണം ഇതാണ്.

ശ്രീ. കെ. ടി. അച്യുതൻ: ശ്രീ കൃഷ്ണൻ പ്ലാൻേറഷൻ തൊഴിലാളികളെ സംബന്ധിച്ചുള്ള കാര്യങ്ങൾക്കായി ഒരു പ്രത്യേക വകുപ്പു ഇൻസ്പെക്ടർ തന്നെ വേണമെന്നു അഭിപ്രായപ്പെട്ടു. കേന്ദ്ര ഗവൺമെൻറു അതേസംബന്ധിച്ചിടത്തോളം പ്രത്യേകമായി ഒരു നിയമം ഉണ്ടാക്കിയിട്ടുണ്ട്. അവർക്കു താമസിക്കുന്നതിനുവേണ്ടിയുള്ള വീടുകൾ, വൈദ്യസഹായം, വിദ്യാഭ്യാസം, കുടിക്കാനുള്ള വെള്ളം, ഇവയെ സംബന്ധിച്ചെല്ലാം പ്രത്യേകമായി അതിൽ പറയുന്നുണ്ട്. ഇപ്പോൾതന്നെ അവർക്കു എത്ര ശതമാനം വീടുകൾ ഉണ്ടാക്കണമെന്നുണ്ട്. ഈ വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം അതു ഒന്നാം ചാർജായി (First charge) എടുക്കാൻ ആദ്യമെ നിവൃത്തിയില്ലാതെ വന്നു. അതിനുശേഷം ഒന്നാം ചാർജായിട്ടല്ലെങ്കിൽപോലും സ്റേററു ഗവൺമെൻറു അതിൻെറ ഉത്തരവാദിത്വം എടുക്കണമെന്നു പറഞ്ഞു. അതിനു വ്യവസ്ഥയുണ്ടാക്കിക്കഴിഞ്ഞാൽ പൊതുവെ അതു സാധിക്കും.

ബോണസുകാര്യത്തെപ്പററി എനിക്കിപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ലാ. അതേ സംബന്ധിച്ചു ഇപ്പോൾസെൻട്രൽ ഗവൺമെൻറ് ചില വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്. അതു് സ്റേററിൻെറ അഭിപ്രായത്തിനായി അയച്ചുതന്നിട്ടുണ്ട്. അതിൽ സ്റേററിൻെറ അഭിപ്രായം കൂടി അറിയണമെന്നു പറഞ്ഞിട്ടുണ്ട് . നിവൃത്തിയുള്ളിടത്തോളം ബോണസ്കാര്യത്തിൽ ഇരു കക്ഷികളേയും വിളിച്ചിരുത്തിക്കൊണ്ട് അതിൻെറ കാര്യം തീരുമാനിക്കുകഎന്നുള്ളതാണ്. കഴിഞ്ഞ 1962 വരെ തീർന്നിരിക്കുകയാണ്, 63—ലെ കാര്യവും അതുപോലെ തീരുമാനിക്കുന്നതാണ്. അതുവരെ മിനിമം ബോണസ് കൊടുക്കാൻ ഏർപ്പാടുണ്ട്.

ശ്രീമാൻ. ഫ്രാൻസിസ് ഓട്ടു കമ്പനി തൊഴിലാളികളെ സംബന്ധിച്ചുപറഞ്ഞു. ഇന്നു കേരളത്തിൽ ഉണ്ടാകുന്ന ഓടു മുഴവനും കേരളത്തിനു വെളിയിൽ ചെലവാക്കാൻ സാധിക്കുകയില്ല. തമിഴ്നാട്ടിൽതന്നെ ഇപ്പോൾ ഓടു കമ്പനികൾ ഉണ്ടായിട്ടുണ്ട്. അവിടെ ലൈസൻസ് എടുത്തിട്ടുള്ള കമ്പനികൾ ഓടുണ്ടാക്കുന്നതുകൊണ്ട് കേരളത്തിനുവെളിയിലുള്ള മാർക്കററുകൾ നമുക്കുണ്ടായിരുന്നതു കുറഞ്ഞുവരികയാണ്. പിന്നെ പവ്വർ കട്ട് കൊണ്ടും ജോലിക്കാർക്കു തൊഴിൽ സൗകര്യം കുറഞ്ഞിട്ടുണ്ട്.

ശ്രീ. ഹസ്സൻ ഗനി കോഴിക്കോട്ടു കൈവേലത്തൊഴിലാളികളുടെ കാര്യത്തെപ്പററി പറഞ്ഞു. നിവൃത്തിയുള്ളിടത്തോളം രമ്യമായ സംഭാഷണങ്ങൾ നടത്തി കാര്യം ഒതുക്കാനാണ് ഗവൺമെൻറു ആഗ്രഹിക്കുന്നതു്.

ശ്രീ. പൊന്നറ പ്ലാൻേറഷൻ തൊഴിലാളികൾക്ക് കമ്പിളികൊടുക്കുന്ന കാര്യത്തെപ്പററി പറഞ്ഞു. ന്യായമായിതൊഴിലാളികൾക്കു കിട്ടേണ്ടതിനു് ഒരുതരത്തിലും കുറവുവരുത്തരുതെന്നാണ് ഗവൺമെൻറിൻെറ നിർദ്ദേശം. കമ്പിളിയുടെ കാര്യത്തിൽ കുറവുവരാൻ ഇടയില്ലെന്നാണു വിശ്വസിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]

ശ്രീ. എം. എം. സുന്ദരം പലകാര്യങ്ങളെപ്പററി പറയുകയുണ്ടായി ഒരു ആൻറി ലേബർ പാളിസിയാണ് സക്കാരിനു പൊതുവേയുള്ളതെന്നു് പറഞ്ഞു. അതു ശരിയല്ല. പ്ലാൻേറഷൻ വ്യവസായത്തെ സംബന്ധിച്ചു് ശരിക്കു മനസ്സിലാക്കി ഉണ്ടാക്കിയ ഒരു നിയമമാണ് ഇപ്പോഴ് സ്വീകരിച്ചിരിക്കുന്നതു്. മി. സുന്ദരം വിചാരിക്കുന്നതുപോലെ ഈ രാജ്യത്തു് അരാജകത്വം ഉണ്ടാക്കാൻ സാധിക്കുകയില്ല. കഴിയുന്നതും സമാധാനമായി കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകണമെന്നാണു ഗവണ്മെൻറിൻെറ ഉദ്ദേശം. പ്ലാൻേറഷൻ രംഗത്തു് കഴിയുന്നിടത്തോളം നിയമസമാധാനം പാലിക്കുകയാണ് ചെയ്തിട്ടുള്ളതു്. സെമിനിവാലി കാര്യത്തെപ്പററി റഫർ ചെയ്യണമെന്നു ശ്രീ. സുന്ദരം പറഞ്ഞു. ഉടനെ രണ്ടുകൂട്ടരേയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു തീരുമാനം എടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: നിവൃത്തിയുള്ളിടത്തോളം ഈ രണ്ടു കൂട്ടരെയും യോജിപ്പിച്ചുകൊണ്ടു ഒരു തീരുമാനം എടുക്കാൻ സാധിക്കുകയില്ലേ?

ശ്രീ. കെ. ടി. അച്യുതൻ: 'നിവൃത്തിയുള്ളിടത്തോളം' എന്ന വാക്കു ശ്രീ. ടി. സി. പ്രത്യേകം എടുത്തുപറയുകയുണ്ടായി. ചെയ്യാവുന്ന കാര്യമേ ചെയ്യാൻ നിവൃത്തിയുള്ളു. കൂടുതലായി ഒന്നും ചെയ്യാമെന്നു പറയാറില്ല. രണ്ടു കൂട്ടരിലും ചെലുത്താവുന്ന സമ്മർദ്ദം ചെലുത്തി ന്യായമായ കാര്യം ചെയ്യാം.

സർ, ശ്രീ. സ്റ്റീഫൻ പറഞ്ഞ കാര്യങ്ങളോടു് ഗവണ്മെൻറിനു യോജിപ്പാണുള്ളതു്. ഐ.എൻ.ടി.യു.സി.യുടെ നിർദ്ദേശങ്ങൾ എൻെറ മുൻപിലുണ്ടു്. പൊതുവിൽ ആ നിലപാടിൽ ഗവണ്മെൻറു മുന്നോട്ടുപോകുകയാണു്.

ശ്രീമതി നഫീസത്തു ബീവി ആലപ്പുഴയിലെ കയർവ്യവസായത്തെപ്പററി പറഞ്ഞു. വ്യവസായം അസംഘടിതമായി നടക്കുന്നതിനെപ്പററി പറഞ്ഞു. വ്യവസായത്തിൻെറ നടത്തിപ്പും, കൂലിയും സംബന്ധിച്ച കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനു മുമ്പുതന്നെ ചില കാൺഫറൻസുകൾ നടത്തിയിട്ടുണ്ടു്. പൊതുവേ പറഞ്ഞാൽ കാർഷിക രംഗത്തും, വ്യവസായിക വേദിയിലും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ഉന്നമനത്തെ ലാക്കാക്കിക്കൊണ്ടു സക്കാർ എല്ലാപ്രവർത്തനങ്ങളും തുടർന്നു നടത്തുന്നതാണു്. ഈ ഡിമാൻഡു പാസ്സാക്കിത്തരണമെന്നു് ബഹുമാനപ്പെട്ട സഭയോടു് അഭ്യർത്ഥിക്കുന്നു.

Mr. Speaker: Mr. Viswambharan, do you press your cut motion?

Shri P. Viswambharan: Yes Sir. I press.

The cut motion moved by Shri P. Viswambharan was put and lost.

Shri P. Viswambharan: Sir, I demand a poll.

A poll was taken when the House divided as follows:

AYES—40

1	**Shri C. Achutha Menon**	12	Shri E. P. Eapen
2	,, P. C. Adichan	13	,, E. P. Gopalan
3	Smt. K O. Aisha Bai	14	,, N. Gopala Kurup
4	Shri M. Alikunju Sastri	15	Smt. K. R. Gouri
5	,, K. Anirudhan	16	Shri K. Hassan Gani
6	,, Antony D'Cruz	17	,, K. V. John
7	,, P. Balachandra Menon	18	,, O. Koran
8	,, C. K. Balakrishnan	19	,, K. Krishnan
9	,, N. E. Balaram	20	,, M. Krishnan
10	,, K. Bhargavan	21	,, R Krishnan
11	,, D. Damodaran Potti	22	,, K. Krishna Pillai

LIBRARY ARCHIVES Kerala Legislative Assembly

23 Shri S. Kumaran
24 ,, P. V. Kunhunni Nair
25 ,, P. K. Kunjachan
26 ,, P. K. Kunju
27 ,, K. Moideenkutty Hajee
28 ,, K. V. Narayanan
29 ,, P. K. Narayanan Nambiar
30 ,, T. C. Narayanan Nambiar
31 ,, N. Neelakantaru Pandarathil
32 Shri P. C. Raghavan Nair
33 ,, A. K. Ramankutty
34 ,, P. Ramunni Kurup
35 ,, P. Ravindran
36 ,, P. S. Srinivasan
37 ,, M. M. Sundaram
38 ,, V. P. C. Thangal
39 ,, M. V. Vasu
40 ,, P. Viswambharan

NOES—58

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. T. Achuthan
4 ,, M. A. Antony
5 ,, K. K. Balakrishnan
6 ,, P. C. Balakrishnan Nambiar
7 ,, T. O. Bava
8 ,, N. Bhaskaran Nair
9 ,, P. Chacko
10 ,, G. Chandrasekhara Pillai
11 ,, P. C. Cherian
12 ,, K. A. Damodara Menon
13 ,, T. A. Dharmaraja Iyer
14 ,, P. R. Francis
15 ,, K. M. George
16 ,, George Joseph Podippara
17 ,, P. Gopalan
18 ,, M. Gopalankutty Nair
19 ,, Malethu Gopinatha Pillai
20 ,, M. P. Govindan Nair
21 ,, Vayala Idicula
22 ,, A. L. Jacob
23 ,, C. G. Janardhanan
24 ,, P. S. Karthikeyan
25 ,, K. Kochukuttan
26 ,, T. Krishnan
27 ,, P. R. Krishnan
28 ,, N. S. Krishna Pillai
29 ,, P. Kumaran
30 Shri K. Kunhambu
31 ,, C. Kunhikrishnan Nair
32 ,, M. Kunjukrishnan Nair
33 ,, N. Kunjuraman
34 Smt. Kusumam
35 ,, Leela Damodara Menon
36 Shri P. Madhavan
37 ,, V. Madura
38 ,, M. M. Mathai
39 ,, C. A. Mathew
40 ,, T. Murugesan
41 Smt. A. Nafeesath Beevi
42 Shri M. Narayana Kurup
43 ,, Kuroor Neelakantan Namboodiripad
44 ,, C. F. Pereira
45 ,, E. P. Poulose
46 ,, R. Raghava Menon
47 ,, A. A. Rahim
48 ,, M. Ravindranath
49 ,, R. Sankar
50 Smt. O. T. Sarada Krishnan
51 ,, K. R. Saraswathi Amma
52 Shri Shamsuddin
53 ,, C. M. Stephen
54 ,, K. T. Thomas
55 ,, T. A. Thomman
56 ,, P. P. Ummer Koya
57 ,, K. R. Vijayan
58 ,, K. K. Viswanathan

Neutrals—Nil.

Mr. Speaker: Those for—40
Those against—58
Neutrals—Nil.

The cut motion is lost.

Mr. Speaker: Mr. Balachandra Menon, do you press your cut motion?

LIBRARY ARCHIVES Kerala Legislative Assembly

Shri P. Balachandra Menon: Yes Sir, I press.

The cut motion moved by Shri P. Balachandra Menon was put and lost.

Mr. Speaker: Mr. Moideenkutty Hajee, do you press your cut motion?

Shri K. Moideenkutty Haji: Yes, I press.

The cut motion moved by Shri K. Moideenkutty Hajee was put and lost.

The question that Government be granted a sum of Rs. 77,87,400 under Demand XXIX—Labour and Employment was put and carried.

The grant was made.

Mr. Speaker: Order, order. The House will now adjourn and meet again at 8 a. m. tomorrow, the 13th March 1964.

The Assembly adjourned at 1.10 p. m. to meet again at 8 a. m. on Friday, the 13th march 1964.

LIBRARY ARCHIVES Kerala Legislative Assembly